"മനുഷ്യരുടെ ബഹളത്തിൽനിന്നു കഴിയുന്നത്ര ദൂരെ ഒഴിഞ്ഞുമാറുക; എന്തുകൊണ്ടെന്നാൽ ലൗകികങ്ങളായ കാര്യങ്ങളെപ്പററിയുള്ള വ്യവഹാരം, അതു് എത്ര ശുദ്ധമായ ഉദ്ദേശത്തോടുകൂടി നടത്തപ്പെടുന്നതായാലും, നിനക്കു വളരെ വലതായ പ്രതിബന്ധമുണ്ടാക്കും. എന്തുകൊണ്ടെന്നാൽ നാം സത്വരം മലിനീകൃതരാവുകയും മൗഢ്യത്താൽ വഞ്ചിക്കപ്പെടുകയും ചെയ്യുന്നു."

—ക്രിസ്ത്വാനുകരണം

# സത്യദീപം

"എന്നാൽ അവിടുന്നു അവരുടെ വിചാരങ്ങൾ ഗ്രഹിച്ചുകൊണ്ടു് അവരോടരുളിച്ചെയ്തു; ശൂന്യമാക്കപ്പെടാതെ—ഭവനം ഭവനത്തിന്മേൽ നിപതിക്കാതെ—തനിക്കുതന്നെ എതിരായി യുദ്ധം ചെയ്യുക യാതൊരു രാജ്യത്തിനും സാദ്ധ്യമല്ല. സാത്താൻ അവന്തന്നെ എതിരായി യുദ്ധം ചെയ്യുൽ, അവൻെറ രാജ്യം നിലനിൽക്കുമെന്നു് എങ്ങിനെയാണു് നിങ്ങൾക്കു വിചാരിക്കുവാൻ കഴിയുക?"

—ലൂക്കാ XI: 17.18.

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 മാർച്ച് 20—ബുധനാഴ്ച | Vol. 30, No. 31

## കമ്മ്യൂണിസവും മതപീഡനവും

(A. V. T.)



തിരുസഭാമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ്

(വണക്കമാസം—മാർച്ച്)

രണ്ടായിരം കൊല്ലത്തിനിടയ്ക്കു കത്തോലിക്കാസഭയ്ക്കു അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള വിപത്തുകളിൽ ഏററം ആപൽക്കരമായതു് കമ്മ്യൂണിസ്റ്റുകാരുടെ മതപീഡനമാണെന്നുള്ള വസ്തുത കത്തോലിക്കർ വിസ്മരിച്ചുകളയരുതു്. ഈ പ്രസ്താവന ഒരു അതിശയോക്തിയാണെന്നു പലരും കരുതിയേക്കാം. നീറോയുടെയോ ഡയോക്ലീഷൻെറയോ കാലത്തേതുപോലെയുള്ള മതപീഡനങ്ങൾ ഇന്നെവിടെയാണു്? ക്രിസ്ത്യാനികളുടേമേൽ തുണിചുററി പന്തംപോലെ കത്തിക്കുകയും ആയിരക്കണക്കിനു കൊന്നൊടുക്കുകയും ചെയ്യുന്നതെവിടെയാണു്? മതത്യാഗിയായ ജൂലിയനേയോ ഏരിയൻചക്രവത്തികളേയോപോലെ യൂറോപ്പിൽനിന്നും സഭയെ ഉച്ചാടനംചെയ്യുന്നതിനു് ആരാണു ശ്രമിക്കുന്നതു്? എന്നെല്ലാം പലരും ചോദിച്ചേക്കാം. എന്നിരുന്നാലും ഇന്നത്തെ കമ്മ്യൂണിസ്റ്റു് മതപീഡനങ്ങളോടു തുലനം ചെയ്യുമ്പോൾ അവയെല്ലാം കിരാതമായ വിദ്വേഷത്താൽ പ്രേരിതമായ അബദ്ധങ്ങളായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. ക്രിസ്തുമതത്തെ എന്നേക്കുമായി നാമാവശേഷമാക്കുന്നതിനുള്ള രാഷ്ട്രീയമായ ദീർഘദൃഷ്ടി അവയ്ക്കില്ലായിരുന്നു. അവ ക്രൂരമായിരുന്നു. പക്ഷേ അതു രക്തം കുടിച്ചുകഴിയുമ്പോൾ സംതൃപ്തമായിത്തീരുന്ന കടുവായുടെ ക്രൂരതയായിരുന്നു. സിദ്ധാന്തങ്ങളെ മുറുകെപ്പിടിക്കുന്ന സാമൂഹ്യപരിഷ്കർത്താവിനു മാത്രമേ ഏററംവലിയ ക്രൂരതപ്രവത്തിക്കാൻ സാധിക്കയുള്ളു. അതു പലവിധത്തിലുള്ള ആവരണങ്ങളാൽ വിജയകരമായി മറയ്ക്കപ്പെട്ടിരിക്കും. അതു കരുതിക്കൂട്ടിയുള്ളതും വിടാതെ നില്ക്കുന്നതും ആയിരിക്കും. ദുരിതമോ രക്തമോ അതിനെ തൃപ്തിപ്പെടുത്തുകയില്ല.

കമ്മ്യൂണിസത്തിനു് ക്രിസ്തുമതം ഏററംവലിയശത്രുവാണു്. സാർവ്വദേശീയവിപ്ലവംമുഖേന സോഷ്യലിസ്റ്റ്സ്വർഗ്ഗം സ്ഥാപിക്കുന്നതിനുമുമ്പ ക്രിസ്തുമതത്തെ നാമാവശേഷമാക്കേണ്ടിയിരിക്കുന്നു. പക്ഷേ ഇതിനായി പഴയകാലത്തേതുപോലെ കുന്തം, ഗദ, പീഡനയന്ത്രം, കാരാഗൃഹം മുതലായവയൊന്നുമല്ല ഇപ്പോൾ ഉപയോഗിക്കുന്നതു്. ബോൾഷെവിക്ക്സ് അധികാരത്തിൽ വന്ന ആദ്യകാലത്തു് ഇതെല്ലാം ഉപയോഗിച്ചിരുന്നു. പക്ഷേ കഴിഞ്ഞ പത്തുകൊല്ലങ്ങളായി ഈ രീതി പൂർണ്ണമായി മാററിയിരിക്കുന്നു. സഭയെ അടിമപ്പെടുത്തുകയെന്നതാണു് ഇന്നു കമ്മ്യൂണിസത്തിൻെറ ഉദ്ദേശം. സഭയെ ശക്തിരഹിതവും തളർന്നതും ദുർബലവുമാക്കി രാഷ്ട്രത്തിൻെറ ആജ്ഞാനുസരണം കമ്മ്യൂണിസത്തിൻെറ ലക്ഷ്യങ്ങൾ പുരോഗമിപ്പിക്കുവാൻ പര്യാപ്തമായവിധം അതിനെ ജീവിക്കുവാൻ അനുവദിക്കുക എന്നതാണു് ഇന്നത്തെ നയം. "തടവുകാരൻ" എന്ന ചലച്ചിത്രത്തിൽ കമ്മ്യൂണിസ്റ്റുകാരുടെ ഈ ലക്ഷ്യം വ്യക്തമായി പ്രതിഫലിപ്പിച്ചിട്ടുണ്ടു്. അലെക്സ് ഗയിൽസ് ആണു് ഈ ചിത്രത്തിൽ കർദ്ദിനാളിൻെറ ഭാഗം അഭിനയിക്കുന്നതു്. കർദ്ദിനാളിനെ കായികമായ പീഡനങ്ങൾക്കു വിധേയമാക്കണമെന്നുള്ളതല്ല കമ്മ്യൂണിസ്റ്റുകാരുടെ ഉദ്ദേശ്യം. മാനസികമായ പീഡനങ്ങൾ ഏററം ലഘുവും സംസ്കൃതവുമായിരുന്നു. അദ്ദേഹത്തിൻെറ അധികാരത്തെ നശിപ്പിക്കുന്നതും ആദ്ധ്യാത്മികനേതൃത്വത്തെ അസാദ്ധ്യമാക്കിത്തീർക്കുന്നതുമായ പ്രസ്താവനകൾ കർദ്ദിനാൾതിരുമേനിയെക്കൊണ്ടു ചെയ്യിക്കണമെന്നുള്ളതു മാത്രമായിരുന്നു അദ്ദേഹത്തെ അറസ്റ്റുചെയ്യുകയും തടവിലിടുകയും ചോദ്യശരങ്ങൾകൊണ്ടു് അലട്ടുകയും ചെയ്തതിൻെറ ഉദ്ദേശ്യം. ആ ഉദ്ദേശ്യം സഫലീഭവിച്ചതായിട്ടാണു ചിത്രത്തിൽ കാണിക്കുന്നതു്. ഇന്നത്തെ മതപീഡനംവഴി സഭയെ സംബന്ധിച്ചും ഈ ഉദ്ദേശ്യം സാധിച്ചുവരുന്നു.

### ഈ രീതിക്കുള്ള കാരണങ്ങൾ

അവസാനം എത്രതന്നെ ഫലപ്രദമായിരുന്നാലും വളരെ മന്ദഗതിയും വ്യയഹേതുകവും പ്രയാസമേറിയതുമായ ഈ മാർഗ്ഗം കമ്മ്യൂണിസ്റ്റുകാർ സ്വീകരിച്ചിരിക്കുന്നതു് എന്തുകൊണ്ടാണെന്നു ചോദിച്ചേക്കാം. ഏകപ്രതിബന്ധം സഭയായിരിക്കുന്നതിനാൽ എന്തുകൊണ്ടു് മെത്രാന്മാരേയും വൈദികരേയും സന്യാസികളേയും നിഗ്രഹിക്കുകയും ദേവാലയങ്ങൾ കൊള്ളിവയ്ക്കുകയും മതാനുഷ്ഠാനം തടയുകയും ചെയ്തുകൂടാ? ഇങ്ങനെ ചെയ്താൽ അവരുടെ ഉദ്ദേശ്യം വേഗത്തിൽ സാധിക്കാമല്ലോ. കൂട്ടക്കൊലനടത്തുവാൻ കമ്മ്യൂണിസ്റ്റുകാർ വിമുഖരായതുകൊണ്ടല്ല, പ്രതൃത ലോകാഭിപ്രായത്തെ അവഗണിക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് അവർ അങ്ങനെ ചെയ്യാത്തതു്. ഭീകരനായിരുന്ന ഇവാനുപോലും പൊതുജനാഭിപ്രായത്തെ അവഗണിക്കുവാൻ സാദ്ധ്യമായിരുന്നില്ല. മാത്രവുമല്ല, ലോകത്തിനു സ്വീകാര്യമായ ഏകപദ്ധതിയും ഇന്നത്തെ അന്ധകാരത്തിൽ പ്രകാശിക്കുന്ന ഏകനക്ഷത്രവും മനുഷ്യവർഗ്ഗത്തിൻെറ ഏക ആശാകേന്ദ്രവുമായി സ്വയം ചമയുവാൻ ബദ്ധപ്പെടുന്ന ഒരു തത്വസംഹിതയ്ക്കു ഇതു യോജിച്ചതുമല്ലല്ലോ. ക്ലേശിതരുടെ ഉദ്ധാരകൻ എന്നു സ്വയം ഘോഷിക്കുന്ന കമ്മ്യൂണിസം ജ്ഞാനോദ്ദീപനത്തിൻേറയും ജനായത്തഭരണത്തിൻേറയും സ്വാതന്ത്ര്യത്തിൻേറയും സ്വയംനിർണ്ണയത്തിൻേറയും മററും ആവരണം അണിയേണ്ടതു് ആവശ്യമാണല്ലോ. കമ്മ്യൂണിസ്റ്റുകാരുടെ ഭാഷയിൽ മതം മനുഷ്യരെ മയക്കുന്ന കറുപ്പാണു്; കമ്മ്യൂണിസം അധിഷ്ഠിതമായിരിക്കുന്ന ശാസ്ത്രീയ സത്യങ്ങൾക്കു വിരുദ്ധമാണു്. എന്നിരുന്നാലും ജനതയുടെ പൊതുവായ അനുഷ്ഠാനങ്ങൾക്കു വിരുദ്ധമായി പ്രവത്തിക്കുന്നതു ശരിയായിരിക്കുകയില്ല. അതിനാൽ എല്ലാ കമ്മ്യൂണിസ്റ്റുരാജ്യങ്ങളുടേയും ഭരണഘടനയിൽ മതാനുഷ്ഠാനസ്വാതന്ത്ര്യം പ്രഖ്യാപിതമായിരിക്കുന്നു. ഇങ്ങനെ പ്രഖ്യാപിതമായ സ്വാതന്ത്ര്യം ഉള്ളപ്പോൾ പരസ്യമായ പീഡനം യുക്തമല്ല. ശേഷിച്ച ഏകമാർഗ്ഗം മതത്തെ രാഷ്ട്രത്തിൻെറ ഒരു ഭാഗമാക്കി, കൃഷി, വ്യവസായം, പൊതുജനാരോഗ്യം മുതലായവപോലെ ഒരു പ്രത്യേകവകുപ്പാക്കി, രാഷ്ട്രത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടുവരുകയാണു്. ഇങ്ങനെ സഭയുടെ ശക്തി നശിപ്പിക്കുകയും അതേസമയംതന്നെ പൊതുജനാഭിപ്രായത്തെ ആദരിക്കുകയും ചെയ്യാം. കാരണം പള്ളികൾ തുറന്നിരിക്കുകയും തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കപ്പെടുകയും കൂദാശകൾ നൽകപ്പെടുകയും ചെയ്യുന്ന കാലത്തോളം മതപീഡനമുണ്ടെന്നു പറയുകസാദ്ധ്യമല്ലല്ലോ.

കൂടുതൽ ഫലപ്രദമായ മറെറതു മാർഗ്ഗമാണു് കമ്മ്യൂണിസത്തിനു സ്വീകരിക്കാൻ സാദ്ധ്യമായുള്ളതു്? മുതലാളിത്തമനസ്ഥിതി മാർക്സിസ്റ്റു് വിദ്യാഭ്യാസംവഴി നീങ്ങൾക്കു മാററിയെടുക്കാം. സാമ്പത്തികവ്യവസ്ഥിതിയെ പൂർണ്ണമായി രൂപാന്തരപ്പെടുത്തിക്കൊണ്ടു് സാമ്പത്തികഅവശതകളെ നിങ്ങൾക്കു മാററാം. ഭരണകൂടത്തെ തകിടം മറിക്കുന്നവരെ നാമാവശേഷമാക്കുന്നതിനു് ശുദ്ധികർമ്മങ്ങൾ, നാടുകടത്തൽ, രഹസ്യപ്പോലീസ്, പൗരാവകാശധ്വംസനം ഇതെല്ലാമുണ്ടു്. എന്നാൽ ഒരു ക്രൈസ്തവൻെറ എതിർപ്പിനെ അമത്തുന്നതിനു് അവൻെറ ആത്മാവിനെ മാറേറണ്ടിയിരിക്കുന്നു. സർവ്വാധിപത്യരാഷ്ട്രത്തിൻെറ പിടിയിൽപെടാത്തതായി ആത്മാവു് ഒന്നുമാത്രമേയുള്ളു. ഒരു ക്രൈസ്തവൻെറ വിശ്വാസം കമ്മ്യൂണിസ്റ്റിൻെറ വിശ്വാസത്തിനു

(ശേഷം 8-ാംപേജിൽ)

# ചെറുകഥ

## "മാനം തെളിഞ്ഞു മഴക്കാറുമാഞ്ഞു..."

(ടി. ജെ. മാടപ്പള്ളി)

(തുടർച്ച)

മാവുകൾ പല പ്രാവശ്യം പൂക്കുകയും, കാർമേഘങ്ങളും, കാലവർഷവും ഒന്നിനുപിറകേ ഒന്നായി വന്നുപോകുകയും ചെയ്തു. എന്നാൽ വീണ്ടും ഒരു പണിമുടക്കു് അവിടെ നടന്നില്ല. അവസാനം ജോയി ജയിൽവിമുക്തനായി. പശ്ചാത്താപവിവശമായ ഒരു ഹൃദയവുമേന്തിയാണയാൾ വെച്ചുവെച്ചു പുറത്തു നടന്നുവന്നതു്. ഇപ്പോൾ യൂണിയനുമില്ല പാർട്ടിയുമില്ല കലങ്ങിത്തെളിഞ്ഞ ജലാശയം പോലെ എല്ലാം സ്വച്ഛമാണു്. കാറൊഴിഞ്ഞ ആകാശം. എന്തെന്തു മാററങ്ങൾ. പഴയ പുല്ലാനിക്കാടുകളും മുളങ്കാടുകളുമെല്ലാം മാറി കുടിലുകൾ തലയുയർത്തി നില്ക്കുന്നു. ഭൂതകാലസ്മരണകൾ ഒന്നൊന്നായി അയാളുടെ സ്മരണാമണ്ഡലത്തിൽ തിങ്ങിക്കൂടി. തപ്തമായ നെടുവീർപ്പുകൾ! അയാളുടെ ഹൃദയം നീറിനീറി ദഹിക്കുകയാണു്. പൊട്ടാറായ ഒരഗ്നിപർവ്വതം മാതിരിമനസ്സു് കേഴുകയാണു്. അയാൾ അമ്മയെപ്പററി സ്മരിച്ചു. അയാൾക്കുതോക്കുവാൻകൂടി വയ്യ! താൻ മഹാപാപിയാണെന്ന ഒരു തോന്നൽ! അയാൾ പൊട്ടിക്കരഞ്ഞുപോയി. "ഇല്ല. അമ്മയെ കാണണം. ഹൃദയം തുറന്നു മാപ്പിരക്കണം.... അമ്മേ ....എൻെറ അമ്മേ എന്നോടു ക്ഷമിക്കുമോ...?" അയാൾ തന്നത്താൻ മന്ത്രിച്ചു. മേരി! ഹാ! അവളിപ്പോൾ എവിടെയാണു്. നിഷ്കളങ്കയായ ഒരു മാടപ്രാവായിരുന്നുഅവൾ. അന്നു് സായാഹ്നത്തിലെ രംഗം അയാളോർത്തു. അതയാളുടെ ഹൃദയത്തെ കൂടുതൽ മഥിച്ചു. അയാൾ നീട്ടി നടന്നു. അല്ല ഓടി. "ഭ്രാന്തൻ! ഭ്രാന്തൻ!!" കുട്ടികൾ ആർത്തുവിളിച്ചു.

അയാളതു വകവച്ചില്ല. വീണ്ടും. ഓടി, കഴിയുന്നത്ര വേഗത്തിൽ. അതെ, താനൊരു ഭ്രാന്തനാണു്! തനി ഭ്രാന്തൻ! അല്ല, തന്നെയൊരു ഭ്രാന്തനാക്കി. ആരു്...? അയാൾ സ്വയം ചോദിച്ചു. ഇപ്പോൾ താൻ ഭ്രാന്തനാണെന്നു് ലോകം പരിഹസിക്കുന്നു...

അന്നത്തെ ചരൽനിറഞ്ഞ ഗ്രാമപാതകളെല്ലാം മെററൽ ചെയ്തിട്ടുണ്ടു്. കാളവണ്ടിയുടെ "കിരുകിരാരവത്തിനു പകരം മോട്ടോർകാറുകളുടെ ഹോൺ മുഴങ്ങികേൾക്കാം. അയാൾ നടന്നു. ചിരകാലപരിചിതങ്ങളായിരുന്ന ഇടവഴികൾ ഇന്നു് അപരിചിതങ്ങളായി തോന്നി! ലോകം ഇന്നു അയാളെ തുറിച്ചുനോക്കുകയാണു്. വെറുപ്പുമുററിനില്ക്കുന്ന നോട്ടം. അതയാളെ വേദനിപ്പിച്ചില്ല. ഇന്നയാൾ വെറുക്കപ്പെടേണ്ടവനാണെന്നു തോന്നി... "വെറുക്കട്ടെ! എല്ലാവരും എല്ലാവരും; ലോകം മുഴുവനും വെറുക്കട്ടെ...ഞാൻ മഹാപരാധിയാണു്."

അയാൾ ആ കുടിലിൻെറ സ്ഥാനത്തെത്തി. പക്ഷെ അവിടെ ഒരു മാളികയുണ്ടു്, കുടിലില്ല. അവൻ ചുററുപാടും സൂക്ഷ്മമായി അവലോകനം ചെയ്തു. ഇല്ല! തനിക്കു തെററു പററിയിട്ടില്ല...ചെറുപ്പത്തിൽ ഓടി നടന്നു കളിച്ച ആ പഴയ ചുററുപാടുകൾ തന്നെ. ആ പഴയ മാവും, പ്ലാവും എല്ലാം അവിടെത്തന്നെയുണ്ടു്. പക്ഷെ അവൻെറ വീടില്ല! അവൻ തിരിച്ചു നടന്നു.

പലരോടും അവൻ അമ്മയെപ്പററി തിരക്കി. അവർക്കാർക്കും യാതൊരറിവുമില്ല. പുതിയ ആളുകൾ മാതിരിയാണു് അവർ സംസാരിക്കുന്നതു്... പരിചയക്കാരായി വല്ലവരുമുണ്ടോ എന്നു നോക്കി. ആരുമില്ല. അഥവാ അവർപരിചയം നടിക്കാത്തതായിരിക്കും......കരഞ്ഞുതുടുത്ത കൺപോളകളോടെ അവൻ വീണ്ടും നടന്നു...പാവനമായ ചുററുപാടിൽ പ്രശാന്തത മുററിനില്ക്കുന്ന അന്തരീക്ഷത്തിൽ ആ പഴയ പള്ളി ഇന്നും അങ്ങനെ നിൽപുണ്ടു്...യാതൊരു മാററവുമില്ലാതെ; ലോകത്തിൻെറ പരിവർത്തനങ്ങൾ ഏല്ക്കാതെ. നിത്യസത്യത്തെ വിളിച്ചറിയിച്ചുകൊണ്ടു് എന്നെന്നും അതു നിലനില്ക്കും. നീലിമയാർന്ന കിഴക്കേ ആകാശത്തിൽ ആ കുരിശു്, ആയിരമായിരം സംഭവങ്ങൾക്കു സാക്ഷിയായി നിലകൊള്ളുന്നു. ലോകത്തിൻേറതായ യാതൊരു ശക്തിക്കും തകർക്കുവാനാവാത്ത ഒന്നാണതു്. അനശ്വരമായ ഈ ബ്രഹ്മാണ്ഡകടാഹത്തിൽ മുളച്ച ശാശ്വതമായ ശക്തിയാണതു്...

അവൻ അതിനുള്ളിലേക്കു കയറി. വിലക്കപ്പെട്ട ഒന്നു് ലംഘിക്കപ്പെടുകയാണെന്നവനു തോന്നിയില്ല. രണ്ടു ചെറിയ ദീപങ്ങൾ അതിനകത്തു മങ്ങിക്കത്തുന്നുണ്ടായിരുന്നു. നിറഞ്ഞ കണ്ണുകളിലൂടെ അവ വലുതായി തോന്നി. സുന്ദരമായ ആ പ്രഭയിൽ അവൻെറ ഹൃദയം സ്നേഹസമ്പന്നനായ ആ പരംപൊരുളിൻെറ മുമ്പിൽ കേഴുകയാണു്...കനത്ത ഹൃദയത്തിൽ നിന്നും പൊട്ടിയൊഴുകിയ കണ്ണീർത്തുള്ളികൾ കപോലത്തിലൂടെ ഊർന്നിറങ്ങി, തറയിൽവീണു ചിതറി. ഹൃദയത്തിനൊരു ലാഘവം വന്നതുപോലെ തോന്നി. സമയം നീളുകയായിരുന്നു...

ഒരു കാലൊച്ചകേട്ടവൻ തിരിഞ്ഞുനോക്കി. ആ ഇടവകയിലെ വൈദികൻ! അയാളെഴുന്നേററു കൈകൂപ്പി നിന്നു...അച്ചൻ അയാളെയൊന്നു സൂക്ഷിച്ചു നോക്കി. എന്നിട്ടു പുഞ്ചിരിയൂറുന്ന സ്വരത്തിൽ ചോദിച്ചു:

"മോനേതാ...?"

അവൻ അദ്ദേഹത്തെ തിരിച്ചറിഞ്ഞു.

"അച്ചൻെറ ജോയി..." അവൻ ഗദ്ഗദത്തോടെ പറഞ്ഞു.

അച്ചൻ അവനെ സൂക്ഷിച്ചു നോക്കി. ചെറുപ്പത്തിൽ വളരെയധികം ഉപദേശങ്ങൾ അച്ചൻ ജോയിക്കു കൊടുത്തിട്ടുണ്ടു്. അന്നു് അവയെല്ലാം നിന്ദാപൂർവ്വം അവഗണിക്കുകയാണുണ്ടായതു്. അതെല്ലാം അയാളോർത്തു. അയാളുടെ കണ്ണുകൾ നിറയുകയായിരുന്നു.

"എൻെറ ജോയി, നീ തിരിച്ചുവന്നല്ലോ...." സന്തോഷത്തിൻെറ വേലിയേററത്താലച്ചൻ മൊഴിഞ്ഞു.

അവർ പരസ്പരം നോക്കി. ആയിരം പ്രാവശ്യം ഉപദേശിച്ച കാര്യങ്ങൾ അന്നു് അവൻെറ ഹൃദയത്തെ സ്പർശിച്ചില്ല. ഇന്നവയെല്ലാം മൂകമായി പതിയുകയായിരുന്നു.

"അച്ചാ, എന്നോടു ക്ഷമിക്കണം..."

"മോനെ! സർവ്വസ്നേഹസ്വരൂപൻ നിന്നോടു ക്ഷമിക്കും...അദ്ദേഹം നിന്നെ കൈവെടിയുകയില്ല."

അവൻ അമ്മയെപ്പററി ചോദിച്ചു. അച്ചനിൽനിന്നും ആ ചെറിയ വാർത്ത അവനറിഞ്ഞു; അവൻെറ അമ്മ മരിച്ചെന്നു്! അവൻ മരവിച്ചുപോയി. അവൻെറ ഹൃദയസ്പന്ദനം നിലച്ചതായിത്തോന്നി. "എന്നു്... ...?" അവൻ തിരക്കി.

"നിന്നെ അറസ്റ്റു ചെയ്തുവെന്ന വാർത്തകേട്ടു്" അച്ചൻ പറഞ്ഞു അയാൾ വാവിട്ടു കേണു. അച്ചൻ കൈചൂണ്ടിക്കൊണ്ടു പറഞ്ഞു: "അതാ, ആ കാണുന്ന ശ്മശാനത്തിലെ മരക്കുരിശു നാട്ടിയിരിക്കുന്ന കുഴിമാടത്തിൽ നിൻെറ അമ്മ അന്ത്യവിശ്രമം കൊള്ളുകയാണു്. പോയി മാപ്പിരക്കൂ."

അവൻ ഓടി, ആ കുഴിമാടത്തിലേക്കു്. തൻെറ പാപത്തിൻെറ തീച്ചൂളയിൽ താൻ ചാമ്പലായിപ്പോകുമെന്നു് അയാൾക്കു തോന്നി. "എൻെറ അമ്മേ! അങ്ങേ മരണത്തിനു കാരണക്കാരനായ എന്നോടു ക്ഷമിക്കുമോ...? ഈ പാപിക്കു മാപ്പുതരുമോ...? അമ്മേ. അമ്മ ഉറങ്ങുകയാണോ...? ഇതാ ഞാൻ തിരിച്ചുവന്നിരിക്കുന്നു ... അമ്മേ......"

അയാൾ ഹൃദയംനുറുങ്ങി വിലപിച്ചു. ഉണങ്ങിയ പൊടിമണ്ണിൽ ജലകണങ്ങൾ പതിച്ചു. അയാൾ ആ കുഴിമാടത്തിനു മുകളിൽ കമഴ്ന്നുകിടന്നുകരഞ്ഞു. വീണ്ടും ആ ചുണ്ടുകൾ അവ്യക്തമായി ചലിച്ചുകൊണ്ടിരുന്നു. ആയിരമായിരമാളുകൾ അന്ത്യവിശ്രമം കൊള്ളുന്ന സ്പന്ദിക്കുന്ന കുഴിമാടങ്ങളെ ചുംബിച്ചുകൊണ്ടു് ശോകമൂകമായ ഒരു തൈത്തെന്നൽ അവിടേക്കു ഓടിയണഞ്ഞു.

x x x

ജോയി കണ്ണുതുറന്നുനോക്കി. ഒരു കട്ടിലിൽ താൻ കിടക്കുകയാണു്. ഏതോ ഒരു കടുത്ത മണം. മരുന്നിൻെറ മണം. നാസിക കുമ്മിച്ചുപിടിച്ചു. ചില ഞരക്കങ്ങളും മൂളലുകളും കേൾക്കാം. "എന്തു്? ആശുപത്രിയോ?" അയാൾ തന്നത്താനെ പറഞ്ഞു. ഒരു കാൽപ്പെരുമാററം. അയാൾ തിരിഞ്ഞു നോക്കി. ഒരു കന്യാസ്ത്രീയാണു്. "ഇതാ, ഇതു കുടിച്ചോ" അവർ സ്നേഹമൂറുന്ന സ്വരത്തിൽ പറഞ്ഞു. എന്നിട്ടു് ഒരു ഡോസ് മരുന്നു് പതുക്കെ അയാളുടെ വായിലേക്കൊഴിച്ചുകൊടുത്തു. അവൻ ചോദിച്ചു: "സിസ്റ്റർ! ഞാനെങ്ങനെ ഇവിടെ വന്നു?"

"നിങ്ങളെ കുറച്ചുമുമ്പു് കുറേപ്പേർകൂടി ഇവിടെ കൊണ്ടുവന്നു. ബോധമില്ലായിരുന്നു"

"ഓ! ഞാൻ ഓർമ്മിക്കുന്നുണ്ടു്"

"എന്താണു്?" അവർ ചോദിച്ചു.

"ഞാൻ അമ്മയുടെ കുഴിമാടത്തിലായിരുന്നു. ഞാൻ അവിടെ മാപ്പിരക്കുകയായിരുന്നു."

"എന്തിനു്?"

"ഞാൻ നിമിത്തമാണമ്മ മരിച്ചതു്" അയാൾ വിക്കിവിക്കിപ്പറഞ്ഞു.

"എന്തു്! നിങ്ങളോ?" ആ കന്യാസ്ത്രീ അത്ഭുതപ്പെട്ടു. "ദയവായി ഒന്നു വിവരിക്കാമോ?" അടുത്തു ഒരു കസേരയിൽ അവർ ഇരുന്നു.

"കേൾക്കുവാനിഷ്ടമെങ്കിൽ! പക്ഷെ എന്തിനവയെല്ലാം പറയുന്നു. ഞാൻ...ഞാൻ......"

"പറയൂ"

അയാൾ പറഞ്ഞുതുടങ്ങി: "എൻെറ അപ്പനും അമ്മയ്ക്കും ഞാനൊരുവനേ ഉണ്ടായിരുന്നുള്ളു. ചെറുപ്പത്തിൽത്തന്നെ അപ്പച്ചൻ മരിച്ചു. പിന്നീടു് അമ്മയാണു് എന്നെ വളർത്തിയതു്. അമ്മയുടെ ആഭരണങ്ങളും വീട്ടിലെ സ്വത്തുക്കളും വിററു് എന്നെ പഠിപ്പിച്ചു. ഞാൻ കോളേജിൽ പഠിക്കുവാൻപോയി. അവിടെ എനിക്കൊരു നല്ല കൂട്ടുകാരിയുണ്ടായിരുന്നു. മേരി, അതായിരുന്നു അവളുടെ പേരു്."

"എന്തു്? മേരിയോ?" അവർ അത്ഭുതം പ്രകടിപ്പിച്ചു. ജിജ്ഞാസ അവരുടെ മുഖത്തു് അലതല്ലുന്നുണ്ടായിരുന്നു.

"അതെ! എന്നിട്ടു് ഞാൻ അവളുടെ അഭിലാഷത്തെ അനാദരിച്ചു് കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേർന്നു. ക്രമേണ ഒരു നേതാവായി. മേരിയേയും അമ്മയേയും മറന്നു് പാർട്ടിക്കുവേണ്ടി പ്രയത്നിച്ചു പണിമുടക്കാൻ തൊഴിലാളികളെ പ്രേരിപ്പിച്ചു. നിയമലംഘനവും വിപ്ലവവും നടത്തി. പോലീസുകാർ അറസ്റ്റു ചെയ്തു. നീണ്ട 10 വർഷങ്ങൾ ജയിലറകളിൽ കഴിച്ചുകൂട്ടി. പിന്നീടു വിമോചിതനായി. പക്ഷെ...പക്ഷെ..." അയാളുടെ സ്വരം പതറിപ്പോയി.

"എന്താണു്?" അവർ ചോദിച്ചു.

"അമ്മ മരിച്ചു" അയാൾ നിർത്തി. വീണ്ടും തുടർന്നു: "എന്നെ അറസ്റ്റു ചെയ്തെന്നു കേട്ടു് അമ്മ മരിച്ചു......ഞാനാണമ്മയെ കൊന്നതു്......"

"എന്നിട്ടു് എന്തുണ്ടായി?" അവർ വീണ്ടും തിരക്കി.

അയാൾ തുടർന്നു: "ഞാൻ അമ്മയുടെ കുഴിമാടത്തിൽ പോയി മാപ്പിരന്നു...കരഞ്ഞു...അത്രയും ഓർമ്മയുണ്ടു്." കുറച്ചുകഴിഞ്ഞു് അയാൾ വീണ്ടും പറഞ്ഞു: "ഒരു സായംകാലത്തിൽ മേരി കമ്മ്യൂണിസ്റ്റു് പാർട്ടിയിൽനിന്നു രാജിവയ്ക്കാൻ എന്നെ ഉപദേശിച്ചു. പക്ഷെ ഞാനതു നിരസിച്ചു. അതിൽപിന്നെ മേരിയെ കണ്ടിട്ടില്ല."

അവരുടെ മനസ്സിൽ എന്തൊക്കെയോ വികാരങ്ങൾ അലതല്ലുന്നുണ്ടെന്നു് കാണാമായിരുന്നു. "പേരെന്താണു്?" അവർ പെട്ടെന്നു ചോദിച്ചു.

"ജോയി" അയാൾ പ്രതിവചിച്ചു.

"ജോയി, ഞാനാണു ആ മേരി...ഇപ്പോഴെങ്കിലും അങ്ങു തിരിച്ചുവന്നല്ലോ. സഹോദരാ, അങ്ങയുടെ വേർപാടു് എന്നെ കർത്തവ്യബോധമുള്ളവളാക്കി. അങ്ങു പിരിഞ്ഞതിൻശേഷം ഞാൻ എൻെറ ദൈവവിളിയെപ്പററി ശാന്തമായി ചിന്തിച്ചു. ദൈവാനുഗ്രഹത്താൽ ഞാൻ മഠത്തിൽ ചേർന്നു. എൻെറ നിർബന്ധമായ അപേക്ഷപ്രകാരം മാതാപിതാക്കൾ അതിനു സമ്മതിച്ചു. ഇപ്പോൾ ഈ ആശുപത്രിയിൽ രോഗികളെ ശുശ്രൂഷിക്കുകയാണു്. ഹാ! എന്തൊരു ഭാഗ്യം! ജോയി മനസ്സുതിരിഞ്ഞതിൽ ദൈവത്തിനു സ്തുതിപറയട്ടെ."

അയാളുടെ കണ്ണുകൾ വികസിച്ചു. അതെ, പഴയ മേരിതന്നെ! അന്തിമസൂര്യൻെറ മഞ്ഞവെളിച്ചത്തിൽ അവരുടെ കണ്ണുകളുടെ അരികിൽ കണ്ണീർ പൊടിഞ്ഞിരുന്നതു് അയാൾ കണ്ടു.

അടുത്തുള്ള ദേവാലയത്തിൽനിന്നും സന്ധ്യാമണിയുടെ ശബ്ദവീചികൾ ഒഴുകിവന്നു. കൃതജ്ഞതാനിർഭരമായ പ്രാർത്ഥനയിൽ അവർ ലയിച്ചു.

## പ്രാർത്ഥനയും മാനസാന്തരവും

(ഏ. പീലിപ്പോസ് എം. എ., ബി. എൽ.)

മാനസാന്തരം ദൈവാത്മാവിൻെറ പ്രവർത്തനംകൊണ്ടുമാത്രം നടക്കുന്ന ഒരു മഹാസംഭവമാകുന്നു. അതിനുള്ള പ്രധാനമാർഗ്ഗം പ്രാർത്ഥനയാകുന്നു. പാപത്തിൽ മരിച്ചുകിടക്കുന്ന ഒരു ആത്മാവിനെ ഉയിർപ്പിക്കുന്ന ഒരു സംഭവമാണു പ്രാർത്ഥനമൂലം നടക്കുന്ന മാനസാന്തരം. മരിച്ചുകിടന്ന ലാസറസിനെ മാർത്തായുടേയും മറിയയുടെയും പ്രാർത്ഥനമൂലം ഏതുപ്രകാരം നമ്മുടെ കർത്താവു ഉയിർപ്പിച്ചുവോ, അതുപോലെയാകുന്നു നമ്മുടെ പ്രാർത്ഥനമൂലം, പാപത്തിൽ മരിച്ചുകിടക്കുന്ന ആത്മാവിനെ നമ്മുടെ കർത്താവു മാനസാന്തരപ്പെടുത്തി ജീവനുള്ളവരായി ഉയിർപ്പിക്കുന്നതു്. ഒന്നാമതു നമുക്കു പാപികളോടു്, അവർ പാപത്തിൽ മരിച്ചു നിത്യജീവൻ നഷ്ടപ്പെടുത്തിയിരിക്കുന്നതിനെ ഓർത്തു സ്നേഹവും സഹതാപവും ഉണ്ടാകണം. അതിൻെറ പ്രേരണമൂലം നാം അവർക്കുവേണ്ടി പ്രാർത്ഥിക്കണം. പ്രാർത്ഥന വിശ്വാസത്തോടും സ്ഥിരതയോടുംകൂടെ ചെയ്യണമെന്നുള്ളതാകുന്നു വേറൊരു സംഗതി. സകലവും കഴിയുന്ന ദൈവത്തോടാണു നാം പ്രാർത്ഥിക്കുന്നതു്. "നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഞങ്ങളുടെ സഹോദരൻ—ലാസറസ്—മരിക്കുകയില്ലായിരുന്നു" എന്നാണു മർത്തായും മറിയയും ക്രിസ്തുവിനോടു പറയുന്നതു്. അപ്പോൾ ക്രിസ്തുവിൻെറ ശക്തിയിൽ അവർക്കു പൂർണ്ണവിശ്വാസം ഉണ്ടായിരുന്നു എന്നു പ്രത്യക്ഷമാകുന്നു. ആ വിശ്വാസത്തോടുകൂടിയാകുന്നു നാം പ്രാർത്ഥിക്കേണ്ടതു്. പിന്നെയും, പിന്നെയും നാം ഇടവിടാതെ നമ്മുടെ കാര്യസാദ്ധ്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. ഉത്തരം തരാൻ നമ്മുടെകർത്താവു താമസിക്കുന്നതു, നമ്മുടെ വിശ്വാസത്തെ പരീക്ഷിക്കാൻ വേണ്ടിയാണു് എന്നു വിശ്വസിച്ചു് അപ്പം കിട്ടുന്നതുവരെ നാം കുഞ്ഞുങ്ങളെപ്പോലെ കരഞ്ഞുകൊണ്ടു് അപേക്ഷിച്ചുകൊണ്ടിരിക്കണം.

നമ്മുടെ പ്രാർത്ഥനയെ തൻെറ ഇഷ്ടംപോലെയാണു കർത്താവു ഉപയോഗിക്കുന്നതു എന്നും നാം അറിഞ്ഞിരിക്കണം. പ്രാർത്ഥനയ്ക്കു കർത്താവു ഉത്തരം തരാതിരിക്കയില്ല. എന്തെന്നാൽ "ചോദിപ്പിൻ നിങ്ങൾക്കു തരപ്പെടും" എന്നുള്ള വാഗ്ദത്തമനുസരിച്ചാണു നാം പ്രാർത്ഥിക്കുന്നതു്. ആ വാഗ്ദത്തത്തെ നമ്മുടെ കർത്താവു പാലിക്കാതിരിക്കയില്ല. നാം പ്രാർത്ഥിക്കുന്നതോ, അതിനേക്കാൾ നല്ലതോ അല്ലാതെ, അതിനേക്കാൾ മോശമായതൊന്നും നമ്മുടെ കർത്താവു നമുക്കു തരികയില്ല. എങ്ങിനെയെന്നാൽ "ഒരു പിതാവിനോടു മകൻ അപ്പം ചോദിച്ചാൽ തേളിനെ കൊടുക്കുമോ" എന്നു നമ്മുടെ കർത്താവുതന്നെ പറഞ്ഞിരിക്കുന്നു.

എന്നാൽ ലോകം, മുഴുവനും സകല മനുഷ്യരും, നമ്മുടെ കർത്താവിൻേറതാകുന്നു. അതുകൊണ്ടു് ഒരാൾക്കുവേണ്ടി നാം ചെയ്യുന്ന പ്രാർത്ഥന ആ ആൾക്കുവേണ്ടിയല്ലായിരിക്കും, എന്നാലോ അയാളെക്കാൾ അതർഹിക്കുന്ന മറെറാരാൾക്കുവേണ്ടിയായിരിക്കും നമ്മുടെ കർത്താവു അതിനെ ഉപയോഗിക്കുന്നതു്. ഇൻഡ്യയിൽ ഒരാളിൻെറ മാനസാന്തരത്തിനുവേണ്ടി നാം ചെയ്യുന്ന പ്രാർത്ഥന, അമേരിക്കയിൽ ഒരാൾക്കുവേണ്ടിയായിരിക്കും നമ്മുടെ കർത്താവു് ഉപയോഗിക്കുന്നതു്. ഏതുവിധത്തിലായാലും നമ്മുടെ പ്രാർത്ഥനയ്ക്കു ഉത്തരംതരാതിരിക്കുകയില്ലെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി നാം പ്രാർത്ഥിക്കണം. തമ്പുരാൻെറ ഇഷ്ടംപോലെയുള്ളവർക്കുവേണ്ടി നമ്മുടെ പ്രാർത്ഥന ഉപയോഗപ്പെടുത്തുന്നതിൽ നാം ദൈവത്തോടു കൂടുതൽ നന്ദിയാണു പ്രദർശിപ്പിക്കേണ്ടതു്.

എന്നെ അറിയുന്നവർ വായിച്ചു് എൻെറ ചിന്തകൾ അറിഞ്ഞു് മാനസാന്തരപ്പെടട്ടെയെന്നോർത്തു് എൻെറ പുനരൈക്യസമയത്തു "എൻെറ പുനരൈക്യ ചിന്തകൾ" എന്നൊരു പുസ്തകം ഞാൻ പ്രസിദ്ധപ്പെടുത്തി. എ

(ശേഷം 11-ാംപേജിൽ)

(1-ാം പേജ് തുടർച്ച)

കടകവിരുദ്ധമാണ്. സഭാചരിത്രം മാർക്സിസ്റ്റ് ചരിത്രത്തിൻെറ തത്വത്തോടു യോജിക്കുന്നില്ല. മലയിലെ പ്രസംഗവും കാൽവരിയിലെ പരിത്രാണനവും ഭൗതികതത്വത്തിൻെറ പരിധിക്കു അപ്പുറത്താണ്. മാർക്സിസം അവൻെറ വിശ്വാസത്തിനു വിരുദ്ധമല്ലെന്നു് ഒരു യഥാർത്ഥ ക്രിസ്ത്യാനിയെ ബോദ്ധ്യപ്പെടുത്താൻ സാദ്ധ്യമല്ല. സഭയെ ഭരണകൂടത്തിൻെറ ഒരു വിഭാഗമായി മാററുകമാത്രമേ ഈ സാഹചര്യത്തിൽ കരണീയമായിട്ടുള്ളു. ഇതു ക്രിസ്ത്യാനിയിൽ വലുതായ ചിന്താക്കുഴപ്പമുണ്ടാക്കിത്തീർക്കുന്നു.

## ഈ രീതിയുടെ പുരോഗതി

ഈ രീതിയിലുള്ള മതപീഡനം വളരെ കരുതിക്കൂട്ടി ആസൂത്രണം ചെയ്തിട്ടുള്ളതാണ്. ഏതാനും കൊല്ലങ്ങൾക്കുള്ളിൽ പടിപടിയായി അതു പ്രവൎത്തിക്കുന്നു. ധൃതിയിലുള്ള പ്രവൎത്തനംമൂലം അതിൻെറ ഫലം കുറഞ്ഞുപോകാൻ അനുവദിക്കുന്നില്ല. പല കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലും പരീക്ഷിച്ചുനോക്കിയശേഷം, തെററുകളിൽനിന്നും പുതിയ പാഠങ്ങൾ പഠിച്ച്, ഇന്നു് ഈ മതപീഡനരീതി ഒരു സ്ഥിരമായ രൂപം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അതിൻെറ അസന്ദിഗ്ദ്ധമായ വിജയംമൂലം കത്തോലിക്കാസഭയുമായി നേരിടേണ്ടിവരുന്ന ഓരോ ഗവമ്മെൻറും അതൊരു മാതൃകയായി സ്വീകരിച്ചുവരുന്നു. അതിൻെറ മുഖ്യഘട്ടങ്ങളെമാത്രം ഞാൻ വിശദീകരിക്കാം.

1) ആദ്യംതന്നെ സഭക്കെതിരായി രൂക്ഷമായ പ്രചരണം തുടങ്ങുന്നു. ചിയാങ്ങ്കൈഷക്കിനോടും ജപ്പാൻകാരോടും സഹകരിക്കുന്നുവെന്നുള്ള അപരാധം ചൈനീസ് കത്തോലിക്കരുടെമേൽ ആരോപിക്കപ്പെട്ടു. നാസികളെ സഹായിച്ചുവെന്ന കുററം പോളിഷ് കത്തോലിക്കരെപ്പററി. സഭ തൊഴിലാളികളുടെ ശത്രുവാണെന്നും മുതലാളികളുടെ മിത്രമാണെന്നും കൂദാശകൾ നൽകുന്നതിനു പണം വാങ്ങുന്നുവെന്നുമുള്ള ആരോപണങ്ങൾ. വത്തിക്കാനെ ലോകത്തിലെ ഒരു വലിയ സാമ്പത്തികശക്തിയായി ചിത്രീകരിക്കുന്നു. അതു് അമേരിക്കയെ സഹായിക്കാൻ ദൃഢവ്രതം ചെയ്തിരിക്കയാണെന്നു പഴിക്കുന്നു. ഇങ്ങനെ പലതും. ഇപ്രകാരം പൊതുജനാഭിപ്രായം സഭക്കെതിരായി തിരിക്കുന്നു. ഇന്നത്തെ എല്ലാവിധത്തിലുമുള്ള ശക്തിമത്തായ പ്രചരണോപാധികൾ ഇതിനായി വിനിയോഗിക്കുന്നു.

2) ഇങ്ങനെയൊരു അഭിപ്രായം ഉളവാക്കിയശേഷം സഭക്കെതിരായ ആദ്യപടി സ്വീകരിക്കുന്നു. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ നിൎത്തുന്നു. കത്തോലിക്കാ സ്കൂളുകൾ പൂട്ടുന്നു. കത്തോലിക്കാസംഘടനകൾ പിരിച്ചുവിടുന്നു. സഭയുടെ സ്വത്തുക്കൾ ദേശീകരിക്കുന്നു. ഇങ്ങനെ സഭയുടെ സാമൂഹ്യമായ എല്ലാ പ്രവൎത്തനങ്ങളും സ്തംഭിപ്പിക്കുന്നു. ഇതാണു് ആദ്യപടി.

3) റോമയുമായുള്ള സർവ്വബന്ധവും വിച്ഛേദിച്ചുകളയുന്നു. ഡലിഗെററ് അപ്പസ്തോലിക്കായേയോ ഇൻറർനുൺഷിയോയേയോ നാടുകടത്തുന്നു. തപാൽമുഖേനയുള്ള യാതൊരു കത്തിടപാടും അനുവദിക്കുകയുമില്ല.

4) മെത്രാന്മാരുടേയും പ്രമുഖ വൈദികരുടേയുംമേൽ കോർട്ടുനടപടികൾ ആരംഭിക്കുന്നു. കുററങ്ങളെല്ലാം കെട്ടിയുണ്ടാക്കിയതായിരിക്കും. കേസുവിസ്താരം വളരെ ഒച്ചപ്പാടോടുകൂടിയാണ്. മെത്രാന്മാരേയും വൈദികരേയും പൊതുജനദൃഷ്ടിയിൽ കുററക്കാരാക്കിത്തീർക്കണമെന്നതാണു് അതിൻെറ ഉദ്ദേശ്യം. കർദ്ദിനാൾ മിൻസെന്തിയുടെ കാര്യത്തിലായാലും ചൈനയിലെ ഒരു സാധുമിഷണറിയുടെ കാര്യത്തിലായാലും നടപടികൾ ഒരേരീതിയിലാണ്.

5) ഗവമ്മെൻറിൻെറ സഹായത്തോടുകൂടി ഗംഭീരനാമങ്ങൾ കൊടുത്തു് സംഘങ്ങൾ രൂപവല്ക്കരിക്കയും അവവഴി വൈദികരെ ഭിന്നിപ്പിക്കാൻ ശ്രമിക്കയും ചെയ്യുന്നു. സഭയെ രക്ഷിക്കുവാൻവേണ്ടി ഗവമ്മെൻറുമായി സഹകരിച്ചു് പ്രവൎത്തിക്കുവാൻ ഉദ്ദേശിക്കുന്നവരും അതിനു് ഇഷ്ടമില്ലാത്തവരും തമ്മിൽ ഇങ്ങനെ ഭിന്നിപ്പുണ്ടാകുന്നു. കൂടുതൽ എതിൎത്തുനില്ക്കുന്ന മെത്രാന്മാരേയും വൈദികരേയും ജയിലിൽ അടയ്ക്കുന്നു. വൈദികരിൽ ഉയൎന്നസ്ഥാനത്തുള്ളവരേയും താഴ്ന്നസ്ഥാനത്തുള്ളവരേയും തമ്മിൽ ഭിന്നിപ്പിക്കുന്നു. അതുപോലെതന്നെ ഇടവകവൈദികരേയും സന്യാസവൈദികരേയും തമ്മിലും ലത്തീൻ റീത്തുകാരേയും പൗരസ്ത്യറീത്തുകാരേയും തമ്മിലും ഭിന്നിപ്പിക്കുന്നു.

6) ഇങ്ങനെയുള്ള ഒരു അവ്യവസ്ഥിതി ഉണ്ടാക്കിക്കഴിഞ്ഞാൽ പിന്നെ രാഷ്ട്രംതന്നെ അതിൻെറ മന്ത്രിമാർമുഖേന സഭയെ ഭരിക്കുവാൻ തുടങ്ങുന്നു. കമ്മക്ഷമരും പുണ്യാത്മാക്കളുമായ വൈദികരെ ഉദ്യോഗസ്ഥാനങ്ങളിൽനിന്നും നിഷ്കാസനംചെയ്യുന്നു. വൈദികൻ രാഷ്ട്രത്തിൻെറ ഒരു ഏജൻറുമാത്രമായിത്തീരുന്നു. രാഷ്ട്രം വൈദികരെ നിയമിക്കുന്നു; ഇടയലേഖനങ്ങൾ വെറും ഗവർമ്മെൻറുകമ്മ്യൂണിക്കേകൾ പോലെയാകുന്നു. എന്നിരുന്നാലും വൈദികാധികാരത്താലാണു് അവർ ഭരിക്കപ്പെടുന്നതെന്നു ജനങ്ങളെ വിശ്വസിപ്പിക്കുന്നു.

WANTED

Lady Lecturers for a B. T. College starting at Ernakulam in 1957. Applicants with M. A., M. Sc., or Hons. (atleast with 2nd class for B. T. or L. T. or M. Ed. for English, Mathematics Physics and History. Also a Physical Instructress a graduate, Madras Trained.

Apply to :
Mother General,
Carmelite Congregation,
Novitiate Convent,
Ernakulam-1

## ഈ രീതിയുടെ ഫലങ്ങൾ

ഇങ്ങനെ സഭ കേവലം ആരാധകന്മാരുടെ ഒരു സംഘമായി അധഃപതിക്കുന്നു. കത്തോലിക്കനു് പള്ളിയിൽ പോകാം, കുർബാന കാണാം, കൂദാശകൾ സ്വീകരിക്കാം; പക്ഷേ ബാക്കികാര്യങ്ങളിൽ വിശ്വാസത്തിൻെറ പ്രേരണയനുസരിച്ചു ജീവിക്കുവാൻ അവനു നിവൃത്തിയില്ല. പള്ളികൾ ജനനിബിഡമായിരിക്കുന്നു. ഹങ്കേറിയൻഗവമ്മെൻറുവഴി എനിക്കു കിട്ടുന്ന ഒരു പ്രസിദ്ധീകരണത്തിൽ—അതിൻെറ അച്ചടിയും കടലാസും വളരെ മെച്ചമാണു്—ദേവാലയങ്ങളിൽ ജനങ്ങൾ തിങ്ങിക്കൂടിയിട്ടുള്ളതിൻെറ ഫോട്ടോകൾ കൊടുത്തിട്ടുണ്ട്. ഹങ്കറിയിൽ സഭക്കു ഒരു തകരാറും പററിയിട്ടില്ലെന്ന പ്രതീതിപരത്തുവാൻ വേണ്ടിയാണു് ഇങ്ങനെ ചെയ്തിരിക്കുന്നതു്. സഭയുടെ ശക്തി ബാഹ്യമായ സംഘടനയിൽമാത്രമാണു് അടങ്ങിയിരിക്കുന്നതെങ്കിൽ കമ്മ്യൂണിസ്റ്റ്മതപീഡനം ഒരു പരിപൂൎണ്ണവിജയമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കാരണം എല്ലാ കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലും സഭ രാഷ്ട്രത്തിൻെറ ഒരു ഭാഗമായിത്തീൎന്നിരിക്കുന്നു. അതിലും പരിതാപകരമായി, പല രാജ്യങ്ങളിലും കത്തോലിക്കർതന്നെ കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ മതപീഡനമില്ലെന്നും മതപീഡനവാൎത്തകൾ രാഷ്ട്രീയപ്രതിയോഗികളുടെ പ്രചരണംമാത്രമാണെന്നും വിശ്വസിച്ചുപോരുന്നു. “അവർ ചെയ്യുന്നതെന്തെന്നു അവർ അറിയുന്നില്ല” എന്ന പേരിൽ ഫ്രാൻസിൽ കഴിഞ്ഞകൊല്ലം ഒരു പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. അതു കേവലം രാഷ്ട്രീയപ്രചാരണം മാത്രമാണെന്നുള്ള അഭിപ്രായത്താൽ കമ്മ്യൂണിസ്റ്റ്‌രാഷ്ട്രങ്ങളിലെ സഭാപീഡനത്തെപ്പററി പ്രസ്താവിക്കുവാൻ വിസമ്മതിക്കുന്ന പല കത്തോലിക്കാപത്രങ്ങളേയും സംഘങ്ങളേയുംപററി ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. കത്തോലിക്കാപ്രസിദ്ധീകരണങ്ങൾക്കു പുറമെ ഇൻഡ്യയിലെ യാതൊരുപത്രവും ചൈനയിലേയും വിയററ്നാമിലേയും മതപീഡനങ്ങളെപ്പററി യാതൊന്നും പറയുന്നില്ല. ലക്ഷക്കണക്കിനു സഹോദരകത്തോലിക്കർ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ സഹിക്കുന്ന പീഡകളെപ്പററി നാം ശരിക്കു ഗ്രഹിക്കുകയും അവൎക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതു് എത്രയോ ആവശ്യമായിരിക്കുന്നു.

## ഇടക്കാലത്തു വരുത്തിയ അയവുകൾ

സ്റ്റാലിൻെറ മരണത്തിനുശേഷം രാഷ്ട്രീയവും സാമ്പത്തികവുമായ രംഗങ്ങളിൽ സ്വതന്ത്രലോകവുമായുള്ള ഇടപാടുകളിൽ കമ്മ്യൂണിസം വരുത്തിയിട്ടുള്ള അയവു് മതത്തെ സംബന്ധിച്ചും വരുത്തിയിട്ടുണ്ടെന്നു് പറഞ്ഞേക്കാം. മൂന്നു കർദ്ദിനാളന്മാരേയും ജയിലിൽനിന്നും മോചിപ്പിച്ചു. ലിത്വേനിയായിൽ ഈയിടെ രണ്ടു മെത്രാന്മാരെ അഭിഷേകംചെയ്തു. വൈദികൎക്കും കന്യാസ്ത്രീകൾക്കുമായി ചെക്കോസ്ലൊവാക്കിയായിൽ ഉണ്ടായിരുന്ന തടങ്കൽകേന്ദ്രം നിൎത്തൽചെയ്തു. വടക്കേവിയററ്നാമിൽ എല്ലാ വൈദികരേയും സ്വതന്ത്രരാക്കി. ഈ നവീനസംഭവവികാസങ്ങളെപ്പററി നാം എന്താണു് വിചാരിക്കേണ്ടതു്? ഇതെല്ലാം ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനും സഭയെ എളുപ്പത്തിൽ നശിപ്പിക്കുന്നതിനുമുള്ള തന്ത്രങ്ങളാണു്. “കോമൺവീൽ” എന്ന അമേരിക്കൻമാസികയുടെ കഴിഞ്ഞ ലക്കത്തിൽനിന്നും ഞാൻ ഉദ്ധരിച്ചുകൊള്ളട്ടെ. “...ഇരുമ്പുമറയ്ക്കു പിന്നിൽ മൂന്നു കർദ്ദിനാളന്മാരും 35 മെത്രാന്മാരും ജയിലിൽ അടയ്ക്കപ്പെട്ടിരിക്കയോ അറസ്റ്റിലായിരിക്കയോ ആണു്. സാമന്തകമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ഇടയ്ക്കിടെ മെത്രാന്മാരെ സ്വതന്ത്രരാക്കുകയും സ്ഥാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നുണ്ടു്. പക്ഷെ ഒന്നൊഴിച്ചു് സ്വതന്ത്രരാക്കപ്പെട്ട മെത്രാന്മാരിൽ ആൎക്കും അവരുടെ സ്ഥാനോചിതമായ കൎത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ നിവൃത്തിയില്ല. സഭക്കു അതിൻെറ ദൈവികമായ ദൗത്യം നിർവ്വഹിക്കുന്നതിനു് ആവശ്യമായ പ്രവൎത്തനങ്ങളിൽ ഒന്നുപോലും ചെയ്യുവാൻ ക്രെംലിൻെറ അയവുവരുത്തിയ നയം സഭയെ അനുവദിച്ചിട്ടില്ല. സോവ്യററുറഷ്യയുടെ നവീനവീക്ഷണം സഭയെ സംബന്ധിച്ചിടത്തോളം സാരാംശത്തിൽ പഴയതും പരിതാപകരമായവിധം പരിചിതവുമാണു്.”

## അപകടകരമായ പീഡനം

സഭക്കു അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളതിൽ ഏററം അപകടകരമായ പീഡനം ഇതാണെന്നു ഞാൻ പറഞ്ഞുവല്ലോ. എലിസബത്തുരാജ്ഞിയുടെ കാലത്തു വൈദികരെ തൂക്കിക്കൊല്ലുകയും കഷണം കഷണമായി മുറിക്കുകയും ചെയ്തപ്പോൾ, അവരുടെ സ്ഥാനം ഏറെറടുക്കുന്നതിനും വേണ്ടിവന്നാൽ വേദസാക്ഷിത്വം വരിക്കുന്നതിനുമായി അനവധിപേർ ഫ്രാൻസിൻെറ വടക്കുഭാഗത്തു് പരിശീലനം നടത്തിക്കൊണ്ടിരുന്നു. അന്നു് വൈദികൎക്കും ജനങ്ങൾക്കും തങ്ങൾ എന്താണു ചെയ്യേണ്ടതെന്നു അറിയാമായിരുന്നു. വിശ്വാസവും ധൈര്യവും ദൃഢനിശ്ചയവും മാത്രമാണു് ആവശ്യമായിരുന്നതു്. ഇന്നാകട്ടെ കമ്മ്യൂണിസ്റ്റ്കാരുടെ ബുദ്ധിപൂർവ്വമായ തന്ത്രങ്ങൾ മുഖാന്തിരം എന്താണു ചെയ്യേണ്ടതെന്നു് അവ്യക്തമായിരിക്കുന്നു. കേന്ദ്രീകൃതമായ നേതൃത്വമോ നിർദ്ദേശങ്ങളോ മാൎഗ്ഗനിർദ്ദേശംചെയ്യുന്നതിനു് സുനിശ്ചിതമായ ആദ്ധ്യാത്മികാധികാരസ്ഥാനങ്ങളോ കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ കത്തോലിക്കൎക്കില്ല. അവരുടെ അന്തരീക്ഷംതന്നെ മാർക്സിസ്റ്റ് തത്വപ്രചരണങ്ങളാൽ മലിനീകൃതമായിരിക്കുന്നു. റേഡിയോ, സിനിമാ, പ്രസിദ്ധീകരണങ്ങൾ ഇവയെല്ലാം ഈ പ്രചരണത്തിനായി വിനിയോഗിക്കുന്നു. ഈ

Chakolas
SILK HOUSE
TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP

പ്രചരണങ്ങൾ എല്ലാംതന്നെ തങ്ങളുടെ അനർഘമായ വിശ്വാസതത്വങ്ങൾക്കും തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസത്തിനും എതിരാണെന്നു് കത്തോലിക്കൎക്കറിയാം. പക്ഷെ ഏതു വശത്തേക്കാണു തിരിയേണ്ടതെന്നു് അവൎക്കറിഞ്ഞുകൂടാ. ചിലപ്പോൾ ശ്രാവ്യമാകുന്ന ഏകസ്വരം രാഷ്ട്രത്തിൻെറ സഹപ്രവൎത്തകരും സ്വാൎത്ഥികളുമായ വൈദികരുടേതുമാത്രമാണു്. കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ കത്തോലിക്കരുടെ നില അത്യന്തം പരിതാപകരമായിരിക്കുന്നു. വർഷങ്ങളായി അവിടെ യാതൊരു മാററവുമില്ല. രാഷ്ട്രവുമായി സഹകരിക്കുവാൻ വർഷങ്ങളായി അവരുടെമേൽ പ്രേരണ ചെലുത്തിക്കൊണ്ടിരിക്കുന്നു. നാസ്തികമായ ഭരണകൂടത്തിനെതിരായി കൊല്ലങ്ങളായി അവർ പിടിച്ചുനില്ക്കുന്നു. മനുഷ്യസ്വഭാവത്തിനു് അതിൻെറ പരിധികളുണ്ടു്. കുറച്ചുകാലത്തേക്കു പ്രേരണയും നിർബന്ധവും ഭീഷണിയും എതിൎത്തുനില്ക്കുവാൻ അതിനു സാധിക്കും. കുറച്ചുകാലത്തേക്കു് ഈ എതിൎപ്പു് തീക്ഷ്ണവും ചൈതന്യവത്തും ഏതാണ്ടു് സ്വഭാവാതീതവുമായിരിക്കും. പക്ഷെ മാററമുണ്ടാകുന്ന ലക്ഷണമില്ലാതാകുമ്പോൾ എതിൎപ്പിൻെറ തീക്ഷ്ണതയും ചൈതന്യവും മൂർച്ചയുമെല്ലാം കുറഞ്ഞുപോകുന്നു. അനിവാര്യമായതിനെ സ്വീകരിച്ചു്, സാധിക്കുന്നിടത്തോളം സംരക്ഷിച്ചു് മനസ്സാക്ഷിയെ ബലികഴിച്ചുള്ള സമാധാനം കൈവരിക്കയല്ലയോ നല്ലതു് എന്ന മനസ്ഥിതി ക്രമേണ സംജാതമാകുന്നു. ഇത്തരത്തിലുള്ള പരാജയമനസ്ഥിതിയെപ്പററിയാണു് യൂറോപ്പിൽ പീഡിതരായ കത്തോലിക്കൎക്കായുള്ള തൻെറ കഴിഞ്ഞ ലേഖനത്തിൽ പരിശുദ്ധ പിതാവു് പരാമർശിക്കുന്നതു്: “മാനുഷികമായ ബലഹീനതനിമിത്തം ഈ പീഡനങ്ങളും ക്ലേശങ്ങളും നീണ്ടുനില്ക്കുമ്പോൾ ചിലർ ഭഗ്നാശരാവുകയും അവരുടെ ധൈര്യം ക്ഷയിക്കുകയും ചെയ്യുന്നുവെന്നു് ഖേദപൂർവ്വം നാം മനസ്സിലാക്കുന്നു. അതിലും പരിതാപകരമായി, ക്രിസ്തുവിൻെറ തത്വങ്ങൾ ലഘൂകരിക്കണമെന്നും സ്ഥലകാലസാഹചര്യങ്ങൾക്കനുസൃതമായി രൂപീകരിക്കണമെന്നും അവർ കരുതുന്നു. കത്തോലിക്കാസഭയുടെ തത്വങ്ങൾ ലഘൂകരിക്കയും മാററുകയും ചെയ്യേണ്ടതു് ആവശ്യമാണെന്നും അങ്ങനെ സഭയും ഇന്നത്തെ പുരോഗമിച്ചുകൊണ്ടിരിക്കുന്ന അബദ്ധസിദ്ധാന്തങ്ങളും തമ്മിൽ യഥാർത്ഥമല്ലാത്ത ഒരു യോജിപ്പുണ്ടാകണമെന്നും അവർ പറയുന്നു.”

## നുണകളും അയഥാർത്ഥവാഗ്ദാനങ്ങളും

കമ്മ്യൂണിസ്റ്റ്കാർ തങ്ങളുടെ അധീനത്തിലുള്ള രാജ്യങ്ങളിൽ ഇന്നു പരത്തുന്ന വലിയ നുണ ഇതാണു്: കമ്മ്യൂണിസം കത്തോലിക്കാമതത്തിനു് അനുയോജ്യമാണു്. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ അവയ്ക്കു തമ്മിൽ “സഹവർത്തിത്വം” സാദ്ധ്യമാണു്. ഇൻഡ്യൻ കത്തോലിക്കർ പഞ്ചശീലയിൽ സഹവർത്തിത്വത്തെപ്പററി കേട്ടിട്ടുള്ളതുകൊണ്ടു് അവൎക്കു ആശയക്കുഴപ്പമുണ്ടാകാൻ ഇടയുണ്ടു്. നമുക്കു് തെററിദ്ധാരണകളെ നീക്കുവാൻശ്രമിക്കാം. സഹവർത്തിത്വത്തെപ്പററി പഞ്ചശീലയിൽ പറയുന്നതു് രാഷ്ട്രങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തെ സംബന്ധിച്ചാണു്. അത്തരം സഹവർത്തിത്വം സ്പൃഹണീയമാണു്. കാരണം അതിൻെറ അഭാവത്തിൽ യുദ്ധമുണ്ടാകുന്നു. പക്ഷെ കമ്മ്യൂണിസവും കത്തോലിക്കാമതവും തമ്മിൽ സഹവർത്തിത്വം അസാദ്ധ്യമാണു്. അഥവാ സഭയെ കേവലം അതിൻെറ ഒരു നിഴൽമാത്രമായി രൂപാന്തരപ്പെടുത്തുമ്പോൾ, അവളുടെ ദിവ്യഗുരുനാഥൻ ഒരു സജീവസ്ഥാപനമായി ഉദ്ദേശിച്ച സഭയെ ഒരു ജീവച്ഛവമായി രൂപാന്തരപ്പെടുത്തുമ്പോൾ മാത്രമേ ഈ സഹവർത്തിത്വം സാദ്ധ്യമാകയുള്ളു. റോമയുമായി യാതൊരു ബന്ധവുമില്ലാത്ത ദേശീയസഭകൾ സ്ഥാപിക്കുന്നതിനുള്ള ഒരു സംരംഭം കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിൽ പണ്ടേ നടക്കുന്നുണ്ടു്. ഇൻഡ്യയിൽ ഒരു ദേശീയസഭ സ്ഥാപിക്കുന്നതിനു നിയോഗിറിപ്പോർട്ട് ശുപാൎശചെയ്തിട്ടുള്ളതിൻെറ പ്രേരണാകേന്ദ്രം അന്വേഷിച്ചു് അകലെപ്പോകേണ്ട ആവശ്യമില്ല.

കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലെ കത്തോലിക്കൎക്കു് സ്വയം സഹായിക്കുവാൻ സാദ്ധ്യമല്ല. അവർ, മാനുഷികനിലയിൽ പറഞ്ഞാൽ വളരെ ക്ഷീണിതരായിരിക്കുന്നു; ഭഗ്നാശരായിരിക്കുന്നു; പരിഭ്രാന്തരായിരിക്കുന്നു; തകൎന്നിരിക്കുന്നു; ഇടയന്മാരെ അടിച്ചിരിക്കുന്നു; ആടുകൾ ചിതറിയിരിക്കുന്നു. പക്ഷെ ദൈവത്തിൻെറ അനുഗ്രഹവും അവിടുത്തെ ശക്തിയും എല്ലാം അവസരങ്ങൾക്കും ആവശ്യങ്ങൾക്കും അനുസരണമായിരിക്കും. പീഡിതരായ കത്തോലിക്കരെ ഒരുവശത്തു നാം ദർശിക്കുമ്പോൾ സമാധാനത്തിൽ ജീവിക്കുന്ന കത്തോലിക്കാജനസഞ്ചയങ്ങളെ മറുവശത്തു നാം കാണുന്നു. ഇവൎക്കു തങ്ങളുടെ ശക്തിയും പിൻബലവും ആദ്ധ്യാത്മികസഹായവും ക്ലേശിതരായ തങ്ങളുടെ സഹോദരങ്ങൾക്കു നൽകുന്നതിനു കഴിയും. ഇരുമ്പുയവനികയു

ആത്മകഥാകഥനം

# റോബർട്ട് വാഗ്നർ

(Crusader)

(തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ ധീരസമരംചെയ്ത ഒരു മഹാനാണ് റോബർട്ട് വാഗ്നർ. അനീതിയുടേയും അക്രമത്തിൻേറയും കേദാരമായ ഇന്നത്തെ ദുഷിച്ച വ്യവസ്ഥിതിയെ തകിടംമറിച്ച് സമത്വസുന്ദരമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ ഇദ്ദേഹം അശ്രാന്തം പരിശ്രമിച്ചു. ഇദ്ദേഹത്തിൻെറ സേവനങ്ങളെ പരിഗണിച്ച് 1947-ൽ "പോപ്പ് ലെയോ സമ്മാനം" ഇദ്ദേഹത്തിനു നൽകപ്പെട്ടു. ജർമ്മനിയിൽനിന്നു കേവലം എട്ടുവയസ്സുള്ളപ്പോൾ ഇദ്ദേഹം അമേരിക്കയിലെത്തി. സ്വപരിശ്രമഫലമായി ന്യൂയോർക്കു സർവ്വകലാശാലയിൽനിന്ന് എൽ എൽ. ബി. ബിരുദം സമ്പാദിച്ചു. ന്യൂയോർക്ക് അസംബ്ളിയിലും സെനററിലും അംഗമായിരുന്നു. സുദീർഘകാലം ന്യൂയോർക്ക് സുപ്രിംകോർട്ടിൽ ഇദ്ദേഹം ജഡ്ജിസ്ഥാനം അലങ്കരിച്ചു. തൊഴിലാളിസമുദ്ധാരണാർത്ഥം അനേകം നിയമങ്ങൾ ഇദ്ദേഹം നടപ്പിൽവരുത്തി. രോഗികൾക്കും പട്ടിണിപ്പാവങ്ങൾക്കുംവേണ്ടി തിരുസ്സഭ ചെയ്യുന്ന സേവനങ്ങളും ലെയോ XIII, പീയൂസ് XI മുതലായ മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളും തൊഴിലാളിപ്രശ്നങ്ങളിൽ ഇദ്ദേഹത്തിനു മാർഗ്ഗദർശനം നൽകി. ഇദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കാകർഷിച്ചതു് കത്തോലിക്കാസഭയിലെ സമഭാവനയാണ്. 1946-ൽ മോൺ: കീഗൺ ഇദ്ദേഹത്തെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു)

എൻെറ മാനസാന്തരത്തിൻെറ പ്രഥമകാരണമായി ഗണിക്കത്തക്ക സംഭവമോ അനുഭവമോ എൻെറ കഴിഞ്ഞ ജീവിതകാലത്തു് ഉണ്ടായിട്ടില്ല. ഞാൻ അനുസ്യൂതം കത്തോലിക്കാസഭയിലേക്ക് അടുത്തുകൊണ്ടിരുന്നുവെന്നുമാത്രം. അതിനാൽ എൻെറ കഥ അത്ര നാടകീയമൊന്നുമല്ല.

ഞാൻ വളരെക്കാലത്തേക്കു മാനസികാസ്വാസ്ഥ്യത്തിനു വിധേയനായി. അതു് എൻെറ മാനസാന്തരത്തിനായി ദൈവം നൽകിയ ഒരു മാർഗ്ഗമായി പരിണമിച്ചു. വളരെ ചിന്തിച്ചതിനുശേഷം ഞാൻ ഒരു ദൃഢനിശ്ചയത്തിൽ എത്തിച്ചേർന്നു. അതു മതബോധനം സ്വീകരിക്കുന്നതിനും സത്യസഭയെ ആശ്ലേഷിക്കുന്നതിനുമായിരുന്നു.

അനന്യസാധാരണമായ ദൈവഭയവും ദൈവസ്നേഹവുമുള്ളവരായിരുന്നു എൻെറ മാതാപിതാക്കൾ. ആകയാൽ ലൂതറൻമതവിശ്വാസാനുസരണമായിരുന്നു എൻെറ ബാല്യകാലശിക്ഷണം. അമ്മ എന്നെ മതകാര്യങ്ങൾ പഠിപ്പിച്ചു. ദൈവാലയത്തിനു സമീപമായിരുന്നു ഞങ്ങളുടെ ഭവനം. പള്ളിമണി അടിച്ചിരുന്നതു് ഞാനാണ്. "പള്ളിമണി അടിക്കുന്നതിനേക്കാൾ മഹത്തരമായി ഒന്നും നീ ചെയ്യുകയില്ല: എന്തുകൊണ്ടെന്നാൽ, മണിനാദംമുഖേന നീ ജനസഞ്ചയത്തെ ദൈവസന്നിധിയിലേക്കു വിളിച്ചുകൊണ്ടുവരുന്നു" എന്നു് എൻെറ മാതാവു് പറഞ്ഞതു് ഇന്നും ഞാൻ സ്മരിക്കുന്നു.

പ്രകൃതിരമണീയമായ ഗ്രാമപ്രദേശങ്ങളിലെ പരിപാവനമായ ജീവിതമാണ് ഞാൻ ഇഷ്ടപ്പെട്ടിരുന്നതു്. അവിടെ പള്ളിയാണ് ജീവിതകേന്ദ്രം. എന്നാൽ പട്ടണത്തിൽ പള്ളി നിരാകരിക്കപ്പെട്ടു. പട്ടണജീവിതം എന്നിൽ മതനിഷ്പക്ഷത വളർത്തി. ഏതെങ്കിലും ഒരു പ്രോട്ടസ്റ്റൻറുപള്ളിയിൽ പോകും. നല്ല പ്രസംഗമുണ്ടെങ്കിൽ കേൾക്കും. ഇതായിരുന്നു പട്ടണത്തിലെ എൻെറ പതിവു്. ഞങ്ങൾ പാർത്തിരുന്ന മാളികയിൽ ഏതാനും കത്തോലിക്കരും വസിച്ചിരുന്നു. അവരുടെ സംസ്കാരപൂർവ്വമായ പെരുമാററം എന്നെ അതിയായി ആകർഷിച്ചു. കത്തോലിക്കാദൈവാലയങ്ങളിൽ ബാലന്മാർ മനോജ്ഞമായ ഉടുപ്പും ധവളകോമളമായ സർപ്ലീസും ധരിച്ച് അൾത്താരശുശ്രൂഷചെയ്യുന്നതു് ഞാൻ കണ്ടിട്ടുണ്ട്. അതുപോലെ ഒരു അൾത്താരശുശ്രൂഷകനാകണമെന്നുള്ള ആഗ്രഹമാണ് കത്തോലിക്കാസഭയിൽ പ്രവേശിക്കണമെന്ന ആശയം എന്നിൽ അങ്കുരിപ്പിച്ചതു്. തിളങ്ങുന്ന ളോവ ധരിക്കുന്നതിൽ ബാലനായ ടോം അഭിമാനപുളകിതനായി. അതു് അവൻെറ കീറത്തുണികളെ മറച്ചിരുന്നു. എത്ര സുന്ദരനായി കാണപ്പെട്ടിരുന്നു അവൻ! അവൻ വൈദികൻെറ വലത്തുഭാഗത്തിരിക്കുകയും പണക്കാരുടെ കുട്ടികളെപ്പോലെ പരിഗണിക്കപ്പെടുകയും ചെയ്തു. അന്നാണ് കത്തോലിക്കാസഭയിലെ സമഭാവന ഞാൻ മനസ്സിലാക്കിയതു്. കത്തോലിക്കാദൈവാലയങ്ങളിൽ പണക്കാരനും പണിക്കാരനും തുല്യർ; മുതലാളിയും തൊഴിലാളിയും

ന്മാർ. പണക്കാർക്കുമാത്രമായിട്ടുള്ള ഒരു കത്തോലിക്കാദൈവാലയവും ഞാൻ ദർശിച്ചിട്ടില്ല. അവിടെ എല്ലാവർക്കും പ്രവേശനമുണ്ട്. ചില കത്തോലിക്കാവൈദികരുമായി അടുത്ത സമ്പർക്കം പുലർത്തിയപ്പോൾ എനിക്കു മനസ്സിലായി, അവരിൽ ഒട്ടുമിക്കവരും നിർദ്ധനകുടുംബങ്ങളിൽനിന്നാണെന്നു്. നൂററാണ്ടുകളായി കത്തോലിക്കാസഭ നിറമോ വർഗ്ഗമോ പരിഗണിക്കാതെ എല്ലാവരേയും സമഭാവനയോടെ വീക്ഷിച്ചുവരുന്നു.

ഞാൻ ഇന്നു് ഒരു കത്തോലിക്കനായിരിക്കുന്നതിൻെറ പ്രധാനകാരണക്കാരി മരിയ മാഗ്താംഗാണ്. അവൾ അയർലണ്ടിലെ സൗന്ദര്യധാമമായിരുന്നു. അവളുടെ പ്രസന്നമായ മുഖകമലം അവളെ കൂടുതൽ ആകർഷകയാക്കി. ഞങ്ങളുടെ വിവാഹത്തിനുമുമ്പ് കത്തോലിക്കാസഭയിൽ പ്രവേശിക്കുവാൻ എൻെറ സ്നേഹിതൻ ആൾസ്മിത്തു് എന്നെ ഉപദേശിച്ചു. എന്നാൽ അതായിരുന്നില്ല ദൈവഹിതം.

"അന്യഥാ ചിന്തിതം കാര്യം
ദൈവമന്യത്ര ചിന്തയേൽ"

അന്നു് കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനുതക്ക ഒരുക്കം എനിക്കില്ലായിരുന്നു. സുദീർഘങ്ങളായ നാലു ദശവർഷങ്ങൾ വേണ്ടിവന്നു എനിക്കു കത്തോലിക്കനാകുവാൻ! കണ്ടാലും ദൈവവരപ്രസാദത്തിൻെറ പ്രവർത്തനമാർഗ്ഗങ്ങൾ! എൻെറ പ്രിയതമയുടെ മാതൃകാപരമായ ജീവിതമാണ് എനിക്കു മാർഗ്ഗദർശനം നൽകിയതു്. അവൾ അനുദിനം കാലത്തേ ഏഴരമണിക്കു് ദിവ്യപൂജയിൽ സംബന്ധിക്കുകയും ദിവ്യഭോജനത്തിനണയുകയും ചെയ്തിരുന്നു. അവളുടെ ജീവിതത്തിലെ ഒരു സുപ്രധാനഘടകമായിരുന്നു മതം. അവളുടെ ഓരോ പ്രവൃത്തിയിലും അവളുടെ വ്യക്തിമുദ്ര പതിഞ്ഞിരുന്നു.

ആൾസ്മിത്തിൻെറ മതനിഷ്ഠയാണ് എനിക്കു പ്രചോദനം നൽകിയ വേറൊരു കാരണം. എത്ര കൃത്യാന്തരബഹുലതയിലും അദ്ദേഹം മതകർമ്മങ്ങൾ മുടക്കിയിരുന്നില്ല. അപകടകരമായ സുഖക്കേടുകളുടേയും മരണത്തിൻേറയും സമയത്താണ് നമ്മുടെ വിശ്വാസത്തിൻെറ ശക്തി പ്രത്യക്ഷപ്പെടുക. അതു് ദുഃഖിതർക്കു സാന്ത്വനമരുളുന്നു. എൻെറ പ്രിയതമ മരിക്കുന്നതിനുമുമ്പ് ഏതാനും ദിവസത്തേക്കു് സുഖക്കേടിനധീനയായി. സുഖപ്രാപ്തി അസാദ്ധ്യമെന്നു് ഡോക്ടർ വിധിയെഴുതി. എന്നിട്ടും അവൾ പ്രസന്നയായി കാണപ്പെട്ടു. അവളുടെ വിശ്വാസം അന്തിമനിമിഷംവരെ അവളെ സമസംതൃപ്തയും ഭാഗ്യവതിയുമാക്കി.

കത്തോലിക്കർക്കുവളരെ പാവനമാണ് മരണം. എന്നാൽ അകത്തോലിക്കർക്കു അതു് ഭയജനകമാണ്.

"നാസ്തികന്മാരായ്ത്തീർന്ന
ലൗകായതികന്മാർക്കു
മരണം മഹാപ്രശ്നം, നിരാ
ശാഹേതു നൂനം
മരണം നമുക്കെല്ലാം ആത്മീക
വിവാഹത്തിൻ
ആനന്ദം ചൊരിയുന്ന മംഗള
മഹോത്സവം"

ജയിംസ് എ. എഫ്., മിസിസ് ഹേസ് എന്നിവരാണ് മതത്തേയും സാന്മാർഗ്ഗികമൂല്യങ്ങളേയുംപററി എന്നെ പഠിപ്പിച്ചതു്. മാജി (മിസിസ് ഹേസ്) സുഖത്തിലും ദുഃഖത്തിലും സമചിത്തതപാലിച്ചു. പലപ്പോഴും അവളെ കോപിപ്പിക്കുവാൻ, ഞാൻ കത്തോലിക്കാസഭയെപ്പററി പല ആരോപണങ്ങളും കൊണ്ടുവന്നു. എന്നാലും സമചിത്തത അവൾ കൈവെടിഞ്ഞില്ല. എപ്പോഴും പ്രസന്നമായിരുന്നു അവളുടെ മുഖകമലം. ജീവിതത്തെ അമൃത്തുല്യം അവൾ വീക്ഷിച്ചു.

"ദൈവമേ, താവകചിത്തം
പോലെന്നുടെ
ജീവിതനൗക നയിച്ചിടുവാൻ,
വേണ്ടുന്നനുഗ്രഹം സാമോദം
നൽകുക
ഇണ്ടൽ നീക്കീടുന്ന സ്നേഹാം
ബുധേ"

ഇതായിരുന്നു അവളുടെ പ്രതിദിനപ്രാർത്ഥന.

എൻെറ ഏകസന്താനമായ ബോബിയുടെ മതനിഷ്ഠ എന്നെ വിസ്മയിപ്പിച്ചു. പ്രത്യാശയും നിശ്ചയദാർഢ്യവും നൽകുന്ന എന്തോ ഒന്നു് കത്തോലിക്കാസഭയിലുണ്ട്. അതാണ് ബോബിയുടെ ജീവിതം എനിക്കു നൽകിയ പാഠം. വൈകാരികമെന്നതിനെക്കാൾ ബുദ്ധിപരമായി കത്തോലിക്കാസഭ എന്നെ ആകർഷിച്ചു. സഭയുടെ തത്വശാസ്ത്രം പൂർണ്ണവും യുക്തിയുക്തവുമാണ്. സഭയുടെ തത്വങ്ങളും പഠനങ്ങളും ഐക്യപ്പെട്ടിരിക്കുന്നു; മാത്രമല്ല ഒന്നു മറേറതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. സ്വാഭാവികനിയമത്തോടു് വളരെ യോജിച്ചിരിക്കുന്നു, സഭാനിയമങ്ങൾ. സഭയുടെ സാമുദായികതത്വശാസ്ത്രവുമായി പരിചയപ്പെട്ടപ്പോഴാണ് ഈ വസ്തുത എനിക്കു മനസ്സിലായതു്. പതിമൂന്നാം ലെയോ മാർപ്പാപ്പായുടെ തൊഴിലാളികളെപ്പററിയുള്ള വിശ്വലേഖനത്തിലെ മനോജ്ഞമായ ആശയങ്ങളാണ് തൊഴിലാളിപ്രശ്നങ്ങളിൽ എനിക്കു മാർഗ്ഗദർശകങ്ങളായിരുന്നതു്. ഒരിക്കൽ ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസ് മാർപ്പാപ്പായെ സന്ദർശിക്കുന്നതിനു എനിക്കു ഭാഗധേയമുണ്ടായി.

എൻെറ പ്രിയതമയുടെ അനുസ്യൂതമായ പ്രാർത്ഥനയുടേയും എൻെറ അരുമസുതൻേറയും സ്നേഹിതന്മാരുടേയും മാതൃകാപരമായ ജീവിതത്തിൻേറയും എൻെറ സുദൃഢമായ ബോദ്ധ്യത്തിൻേറയും ഫലമായി ഞാൻ കത്തോലിക്കാസഭാപ്രവേശത്തിനൊരുങ്ങി. 1946 ജനുവരി 24-ാംനു മോൺ: കീഗൺ എന്നെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു. ആ മംഗളസുദിനത്തിൻെറ മധുരസ്മരണകൾ ഇന്നും എന്നെ ആനന്ദപുളകിതനാക്കിക്കൊണ്ടിരിക്കുന്നു. ഏതാനും മാസങ്ങൾക്കുശേഷം അത്യുന്നതകർദ്ദിനാൾ സ്പെൽമൻ എനിക്കു സ്ഥൈര്യലേപനം നൽകി. ഇന്നു് എൻെറ

"ഓമനമാതാവിൻ പാവന
സന്നിധൗ
ആനന്ദപൂർണ്ണനായ് വാഴുന്നു
ഞാൻ.

Translated from "The Road to Damascus"

ടേയും മുളയവനികയുടേയും പിന്നിൽ പീഡിതരായ കത്തോലിക്കരെ തങ്ങളുടെ പ്രാർത്ഥനയും പ്രായശ്ചിത്തവുംവഴി സഹായിക്കേണ്ടതു് സ്വതന്ത്രരാജ്യങ്ങളിൽ ജീവിക്കുന്ന കത്തോലിക്കരുടെ കർത്തവ്യമാണ്. ഇതിനുമുമ്പ് ഇത്ര വളരെ കത്തോലിക്കർ ഇത്ര വലിയ അപകടങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടില്ല. പക്ഷെ ദൈവത്തിൻെറ കരം ഹ്രസ്വമായിട്ടില്ല. ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തിമൂലം വൈദികരുടേയും അൽമേനികളുടേയും ആത്മാക്കളിൽ ഇത്രവളരെ ആദ്ധ്യാത്മികശക്തി സംഭൃതമായിട്ടുള്ള ഘട്ടം സഭാചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ല.

'The Danger of Red Deceipts' എന്ന ശീർഷകത്തിൽ അലഹബാദിലെ ബിഷപ്പ് ലെയോനാർദു് റെയിമണ്ടു് തിരുമനസ്സുകൊണ്ടു് എഴുതിയിട്ടുള്ള ഒരു ലേഖനത്തിൻെറ സ്വതന്ത്രവിവർത്തനം.




# ഇതൊന്നു മാറിക്കളയരുതോ?

(വിദ്വാൻ ഏ. ററി. ദേവസ്സി, ഏങ്ങണ്ടിയൂർ)

ലോകം പരിഷ്കാരത്തിൻെറ പരമകാഷ്ഠയിലെത്തിയിരിക്കുന്ന ഇക്കാലത്തു് സമുദായങ്ങളും പുരോഗതിയിലേക്കങ്ങനെ നീങ്ങിക്കൊണ്ടിരിക്കുകയാണല്ലോ. മാറിയകാലത്തിന്നനുസരിച്ചുള്ള പല പരിഷ്കാരങ്ങളും പരിവർത്തനങ്ങളും മുറയ്ക്കു നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെസാമുദായികാചാരങ്ങളിൽ പരിവർത്തനവിധേയങ്ങളാകേണ്ട പല സംഗതികളും ഇനിയുമുണ്ടെന്നുള്ളതു് പരമാർത്ഥംമാത്രമാണ്. ആ പലവക സംഗതികളിൽ ഒന്നിനെപ്പററി മാത്രം ഞാൻ തൽക്കാലം ചിലതെല്ലാം പ്രസ്താവിക്കുവാനുദ്യമിക്കുന്നു.

കുറേമാസങ്ങൾക്കുമുമ്പ് ഈ ലേഖകൻ അടുത്ത ദിക്കിൽ ഒരു അടിയന്തിരസദ്യയിൽ സംബന്ധിക്കുവാനിടവന്നു. ആ കുടുംബക്കാർ സാമാന്യമായിപ്പറഞ്ഞാൽ സാധുക്കളല്ലായിരുന്നു. കുടുംബത്തിലെ മദ്ധ്യവയസ്കനായ ഒരംഗം റൈറഫോയിഡ് പിടിപെട്ടു മരണമടഞ്ഞു. ബന്ധുക്കളെല്ലാവരും വന്നുചേർന്നേ ശവസംസ്കാരം നടത്തുകയുള്ളുവെന്നു് ഇപ്പോഴും ചിലർക്കു നിർബന്ധമാണ്. അങ്ങകലെയുള്ള ബന്ധുക്കൾ സംഗതിവശാൽ വരാൻ വൈകിയാൽതന്നെ അതിൽ തെററൊന്നും ആരും കണ്ടെത്തിയിരുന്നതുമില്ല. ഈവക കീഴ്നടപ്പുകളെ അപ്പടി പാലിക്കാൻ ആ കുടുംബക്കാരും നിർബന്ധിതരായിത്തീർന്നു.

മരിച്ചുകഴിഞ്ഞിട്ട് ഇരുപത്തിനാലു നീണ്ടമണിക്കൂറുകൾ കഴിഞ്ഞു. പിന്നേയും രണ്ടുമൂന്നു മണിക്കൂറുകൾക്കുശേഷം മാത്രമാണ് ശവസംസ്കാരം നടത്തപ്പെടുവാനിടയായതു്. ബ. വൈദികർ, പൊൻവെള്ളിക്കുരിശുകൾ, മുത്തുക്കുടകൾ മുതലായവയ്ക്കൊന്നും കുറവുണ്ടായിരുന്നില്ല. ബാൻറുമുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.


ശവസംസ്കാരത്തിനു് അഞ്ചാറു മണിക്കൂറുകൾക്കുമുമ്പുതന്നെ ആ വീട്ടിൻെറ പിൻഭാഗത്തു് സദ്യവട്ടത്തിനുള്ള ഏർപ്പാടുകൾ തകൃതിയായി നടന്നുകൊണ്ടിരുന്നു. "ആനച്ചുവടൻ പപ്പടമൊരുവക" വറവുകഴിഞ്ഞതോടുകൂടി ഒരുക്കങ്ങൾ ഒരുവിധം അവസാനിക്കാറായി. "നല്ലൊരു പഞ്ചാരപ്പൊടി" വന്നതോടുകൂടി ആ വറവിൻെറ വാസന വായുമണ്ഡലത്തിൽ വല്ലാതെ പരന്നു. ശവമഞ്ചത്തിനുസമീപം തിങ്ങിക്കൂടിയിരുന്ന സ്ത്രീജനങ്ങളോടും മാരുതൻ മമതക്കുറവു കാണിക്കയുണ്ടായില്ല.

അതാ, ശവസംസ്കാരച്ചടങ്ങ് ആരംഭിക്കുകയായി അധികസമയം കഴിയുന്നതിനു മുമ്പുതന്നെ സദ്യയുമാരംഭിച്ചു. ആ പരിസരത്തിലെ വായുമണ്ഡലത്തിലെ സ്ഥിതി എന്തായിരിക്കുമെന്നൂഹിക്കയാണു ഭേദം. സുഖക്കേട് റൈറഫോയിഡ്—അഴിയാറായ ആ ശവത്തിൽനിന്നു ബാക്ററീരിയ (അണുക്കൾ) ആ പരിസരം മുഴുവനും വ്യാപിച്ചിരുന്നു. അവിടെത്തന്നെ പൊടിപൊടിച്ച സദ്യവട്ടവും.

അങ്ങനെ സദ്യകഴിഞ്ഞു. ആളുകൾ പിരിഞ്ഞുപോകാനും തുടങ്ങി. ഇതിനിടയിൽ ഏതാനും ചിലർ, ശവസംസ്കാരദിനം അതേവീട്ടിൽ വെച്ചുതന്നെ സദ്യകഴിക്കുന്നതുകൊണ്ടു് ആരോഗ്യപരമായുണ്ടാകാനിടയുള്ള ആപത്തു

# കത്തോലിക്കാസഭയിൽ

## പുനരൈക്യപ്പെട്ടു



റവ. ഫാദർ ടി. വി. ജോൺ എം. എ. എൽ. ടി. അവർകഠം

25 കൊല്ലക്കാലം ആലുവാ യൂണിയൻ ക്രിസ്ത്യൻകോളെജിൽ ഇംഗ്ലീഷ്പ്രൊഫസറായി പ്രശസ്തസേവനമനുഷ്ഠിച്ചശേഷം ജോലിയിൽനിന്നു വിരമിച്ചു സ്വസ്ഥജീവിതം അവലംബിച്ചുപോരുന്ന പ്രസിദ്ധപണ്ഡിതനും തീക്ഷ്ണതയുള്ള വൈദികശ്രേഷ്ഠനുമായ റവ. ഫാദർ ടി. വി. ജോൺ എം. എ. എൽ. ടി. അവർകൾ മാർച്ചുമാസം 17-ാംനു-ആലുവാ സെൻറു ആൻറണീസ് ആശ്രമദേവാലയത്തിൽവച്ചു് തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രിഗോരിയോസ് തിരുമനസ്സിലെ മുമ്പാകെ സത്യപ്രതിജ്ഞചെയ്തു് കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നു.

തദവസരത്തിൽ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും റൈററു് റവ. മോൺ: ജോർജ് വല്യാറമ്പത്തു്, വെരി റവ. മോൺ: വർഗ്ഗീസ് പുതുശ്ശേരി എം. എ; കർമ്മലീത്താസഭാ പ്രൊവിൻഷ്യൽ വെരി റവ ഫാദർ ജോൺ ബെക്കമാൻസ്, മംഗലപ്പുഴസെമ്മിനാരിയിലെ വെരി റവ ഫാദർ ഔറേലിയൻ, ഫാദർ സക്കറിയാസ്, റവ. ഫാദർ ബീഡു് ഒ. എസ്. ബി. എം. എ. ആദിയായി ഒട്ടുവളരെ പ്രമുഖവൈദികരും വൈദികവിദ്യാർത്ഥികളും വലിയൊരു ജനക്കൂട്ടവും ദേവാലയത്തിൽ സന്നിഹിതരായിരുന്നു. പുനരൈക്യത്തിൻെറ സ്ഥിതിഗതികളെ പരാമർശിച്ചും റവ. ഫാദർ ടി വി. ജോൺ അവർകളെ അനുമോദിച്ചും അദ്ദേഹത്തിനു ഭാവുകങ്ങൾ നേർന്നും മാർ ഗ്രിഗോരിയോസ് തിരുമേനിയും, ഡോക്ടർ പാറേക്കാട്ടിൽ തിരുമേനിയും റവ. ഫാദർ ബീഡു് ഒ. എസ്. ബി. അവർകളും തദവസരത്തിൽ ചുരുങ്ങിയ പ്രഭാഷണങ്ങൾ നിർവ്വഹിക്കുകയുണ്ടായി. തിരുവല്ലാ മെത്രാൻ മാർ അത്തനാസിയോസ് തിരുമേനി മദ്രാസിലേക്കു പോയിരിക്കുന്നതുകൊണ്ടു് ചടങ്ങുകളിൽ സംബന്ധിക്കുന്നതിനു സാധിച്ചില്ല.

ഫാദർ ജോണിൻെറ മാനസാന്തരം സുദീർഘമായ പഠനത്തിൻേറയും സുസ്ഥിരമായ ബോദ്ധ്യത്തിൻേറയും പരിണതഫലമാണെന്നു അദ്ദേഹത്തിൻെറ പുനരൈക്യചരിത്രം വിശദമാക്കുന്നു. ക്രിസ്തീയസഭാചരിത്രം ആദ്യം യാക്കോബായവീക്ഷണത്തിലും അനന്തരം കത്തോലിക്കാവീക്ഷണത്തിലും അവഗാഢം അദ്ദേഹം പഠിക്കുകയും, കേരളസഭയിൽ ഇടക്കാലത്തു വന്നുവശായ സംഭവവികാസങ്ങളെ സസൂക്ഷ്മം പരിശോധിക്കുകയും ചെയ്തശേഷമാണു് അദ്ദേഹം സുവ്യക്തവും സത്യനിഷ്ഠവുമായ ഈ നിലപാടു് സ്വീകരിച്ചതെന്നു് പുനരൈക്യപ്പെടുന്നതിനുമുമ്പുതന്നെ അദ്ദേഹം പ്രസിദ്ധീകരിച്ച "മലങ്കരസഭയുടെ ഭാവി" എന്ന വിശിഷ്ടഗ്രന്ഥം വിളിച്ചറിയിക്കുന്നുണ്ടു്. പ്രസ്തുത ഗ്രന്ഥത്തെപ്പററി പണ്ഡിതനും പ്രശസ്തമതിയുമായ ശ്രീ എ. പീലിപ്പോസ് എം. എ ബി എൽ. അവർകൾ അഭിപ്രായപ്പെട്ടിട്ടുള്ളതു് ശ്രദ്ധേയമാണു്. "ഗൗരവബുദ്ധിയോടും സ്വതന്ത്രനിലയിലും ഏതുപ്രശ്നവും വീക്ഷിച്ചു് കൈകാര്യം ചെയ്യുന്ന അദ്ദേഹത്തിൻെറ സ്വന്തം മാർഗ്ഗത്തിൽക്കൂടിയാണു് ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സംഗതികളേയും അദ്ദേഹം കൈകാര്യംചെയ്തിരിക്കുന്നതു്. കോളെജിൽനിന്നു റിട്ടയർ ചെയ്തശേഷം കിട്ടിയ വിശ്രമവേളയിലുള്ള സമയത്തെ തൻെറ സ്വന്തം സഭയുടെ ഭാവിയേയും ഉന്നമനത്തേയും സ്പർശിക്കുന്ന കാര്യങ്ങൾക്കുവേണ്ടി അദ്ദേഹം ചിലവഴിച്ചതു് വളരെ ബഹുമാനാർഹമാണു്. അദ്ദേഹത്തിൻെറ ചരിത്രപാണ്ഡിത്യമാകുന്ന വഴിയിൽക്കൂടിയുമാണു് ഈ പ്രശ്നങ്ങളെ അദ്ദേഹം വീക്ഷിച്ചിട്ടുള്ളതു്. മലങ്കരസഭയുടെ സുരക്ഷിതവും സുഖകരവുമായ ഭാവി കത്തോലിക്കാസഭയോടുള്ള പുനരൈക്യത്തിൽ മാത്രമാണു് അടങ്ങിയിരിക്കുന്നതെന്നു അദ്ദേഹത്തിൻെറ പഠനം അദ്ദേഹത്തിനു വഴികാണിച്ചിരിക്കുന്നു." യഥാർത്ഥത്തിൽ ഇതാണു് ഫാദർ ജോണിൻെറ പുനരൈക്യചരിത്രസംക്ഷേപം. "ബ: ജോണച്ചൻ ഈ പുസ്തകമെഴുതിയതു് യാക്കോബായ ഓർത്തഡോക്സ്സഭയിലെ വന്ദ്യമേല്പട്ടക്കാരും, പട്ടക്കാരും, നേതാക്കന്മാരും, വായിച്ചറിയുന്നതിനാണു്. യാതൊരു കാര്യലാഭമോ സ്വേച്ഛാസേവനമോ കൂടാതെ സഭയുടെ നന്മയേയും സുരക്ഷിതമായ ഭാവിയേയും മാത്രം കരുതി അദ്ദേഹം നടത്തിയ പഠനവും അതിൻെറ ഫലമായ ഈ പുസ്തകവും യാക്കോബായ-ഓർത്തഡോക്സ്സഭയിലെ മേല്പട്ടക്കാരുടേയും മററും കണ്ണുതുറന്നു് അവരുടെ നില ഉള്ളതുപോലെ അവർ കാണുവാൻ ദൈവം സഹായിക്കട്ടെ"എന്നു ശ്രീ പീലിപ്പോസ് അവർകളുടെ ഹൃദയപൂർവ്വകമായ ആശംസ യഥാർത്ഥവല്ക്കരിക്കപ്പെടുന്നതിനു അനന്തകാരുണികനായ ദൈവം ഇടയാക്കട്ടെ. ബ: ജോണച്ചൻ ഒരു പുസ്തകദാതാ മാത്രമല്ല, ഉൽകൃഷ്ടമായ അദ്ദേഹത്തിൻെറ മാതൃകവഴിയായും യാക്കോബായസമുദായത്തിനു അനുകരണീയമായ മാർഗ്ഗദർശിതം നൽകിയിരിക്കുന്നു. അദ്ദേഹത്തിൻെറ ധീരവും ത്യാഗപൂരിതവുമായ ഈ സംരംഭം വിവിധസഭകളിൽ യാദൃച്ഛികമായ കാരണങ്ങൾമൂലം ഭിന്നിച്ചുനില്ക്കുന്ന സഹോദരലക്ഷങ്ങൾ മാതൃസഭയെ ആശ്ലേഷിക്കുന്നതിനു അദ്ദേഹത്തെ അനുഗമിക്കുവാൻ സഹായകമാകാതിരിക്കുകയില്ല.

നെടുംകുന്നത്തിനു സമീപം പനയംപാല എന്ന സ്ഥലത്തു പ്രശസ്തമായ തെക്കേക്കര കുടുംബത്തിലാണു് 1890-ൽ ഫാദർ ജോൺ ജാതനായതു്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽനിന്നും 1922-ൽ ലിററേച്ചറിൽ എം. എ. ബിരുദം കരസ്ഥമാക്കി. ഗുണ്ടൂർ ആന്ധ്രാ ക്രിസ്ത്യൻ കോളേജിൽ മൂന്നുവർഷം ജോലിചെയ്തു അതിനുശേഷം അദ്ദേഹത്തിൻെറ ജീവിതസേവനം ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിലെ ഇംഗ്ലീഷ് പ്രൊഫസർ എന്ന നിലയിലാണു് സുദീർഘകാലം നിർവ്വഹിച്ചിട്ടുള്ളതു്. ഏഴു വർഷങ്ങൾക്കു മുമ്പു് പ്രസ്തുത ജോലിയിൽനിന്നു വിരമിച്ചു സഭാസേവനത്തിലും മതപഠനത്തിലും വ്യാപൃതനായിരിക്കുകയായിരുന്നു. ഫാദർ ജോണിൻെറ സഹധർമ്മിണി കാലംചെയ്ത മാർ സേവേരിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പിതൃസഹോദരപുത്രിയാണു്. അദ്ദേഹത്തിൻെറ കുടുംബം ആലുവായിൽ തോട്ടുമുട്ടകര എന്ന സ്ഥലത്തു സ്ഥിരതാമസമാക്കിയിട്ടു 30-ൽ പരം വർഷങ്ങളായിട്ടുണ്ടു്. അഞ്ചു പുത്രസന്താനങ്ങളാലും മൂന്നു് പെൺമക്കളാലും അനുഗൃഹീതമാണു് ആ കുടുംബം. മൂത്തപുത്രൻ ശ്രീ ജോർജ്ജ് ജോൺ ബി എസ് സി (ടെക്ക്) അവർകൾ ഡി ഡി ടി കമ്പനിയിൽ പ്രൊഡക്ഷൻ എൻജിനീയറും, രണ്ടാമത്തെ പുത്രൻ ശ്രീ മാത്യു ജോൺ ജർമ്മനിയിൽ എൻജിനീയറിംഗ് ഡോക്ടറേററു വിദ്യാർത്ഥിയും, മൂന്നാമൻ ശ്രീ ജേക്കബ് ജോൺ എം ബി ബി എസ് വിദ്യാർത്ഥിയും, തോമസ് ജോൺ, അലക്സാണ്ടർ ജോൺ എന്ന ഇളയമക്കൾ കോളേജ് ഹൈസ്കൂൾ വിദ്യാർത്ഥികളുമാണു്. മൂത്ത രണ്ടു പെൺകുട്ടികൾ വിവാഹിതരാണു്. ഇളയ മകൾ പ്രൈമറിസ്കൂൾ വിദ്യാർത്ഥിനിയത്രെ. ഏവംവിധം പ്രശസ്തമായ ഒരു കുടുംബപാരമ്പര്യവും അതിനെ ഭാസുരമായി നിലനിർത്തത്തക്ക പരിതസ്ഥിതികളുമാണു് ദൈവം അദ്ദേഹത്തിനു പ്രദാനംചെയ്തിട്ടുള്ളതു്.

റവ. ഫാദർ ജോൺ കുറെക്കാലം ആലുവാ ആശ്രമത്തിൽ താമസിച്ചു ജ്ഞാനധ്യാനം നടത്തുന്നതും തുടർന്നു തിരുവല്ലാ രൂപതയിൽ അദ്ദേഹത്തിൻെറ വൈദികസേവനത്തിൽ രൂപതാ മെത്രാൻ തിരുമനസ്സിലെ ആജ്ഞാനുസരണം ഏർപ്പെടുന്നതുമാണു്. അദ്ദേഹത്തിൻെറ വിലയേറിയ സേവനങ്ങൾ സഭയ്ക്കും സമുദായത്തിനും ശ്രേയസ്കരമായിത്തീരുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

N. B. റവ. ഫാദർ ജോൺ അവർകൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുള്ള "മലങ്കരസഭയുടെ ഭാവി" എന്ന ലഘുപുസ്തകത്തിൻെറ ആദ്യപതിപ്പു മുഴുവൻ രണ്ടാഴ്ചയ്ക്കകം വിററുതീർന്നുപോയിരിക്കുന്നതായും ഇനിയും ആവശ്യമുള്ളവർ രണ്ടാം പതിപ്പു തയ്യാറാകുന്നതുവരെ സദയം ക്ഷമിക്കണമെന്നഭ്യർത്ഥിക്കുന്നതായും ഗ്രന്ഥകാരൻ ഇവിടെ അറിയിച്ചിരിക്കുന്നു.

(പത്രാധിപർ)

---

കളെപ്പററി സംസാരിച്ചതിൽ "സദ്യ ഇന്നുതന്നെ നടന്നില്ലെങ്കിൽ, വന്നുകൂടിയ ബന്ധുക്കൾക്കും ശേഷക്കാർക്കും അടുത്ത ദിവസം സദ്യ നടക്കുന്നതുവരെയുണ്ടാകാവുന്ന ഇടച്ചിലവു് ഭാരിച്ചതാകുമെന്നും, ഇവിടെ സദ്യകഴിഞ്ഞു അധികം താമസിക്കാതെതന്നെ ബന്ധുക്കളും മററും യാത്രപറഞ്ഞു പോയി കഴിഞ്ഞതു് അതിനു് ഉദാഹരണമാണെന്നും" ഉള്ള ഒരു നിഗമനത്തിൽ എല്ലാവരും എത്തിച്ചേരുകയാണുണ്ടായതു്.

ആ രോഗിയെ ചികിത്സിച്ചിരുന്ന ഹിന്ദുഡോക്ടരെ സന്ദർഭവശാൽ ഈ ലേഖകൻ കാണാനിടയായി. അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ സമുദായത്തിലെ ഈ ദുഷിച്ച സമ്പ്രദായം മററു ജാതിക്കാർ അവജ്ഞയോടെയാണു് വീക്ഷിക്കുന്നതെന്നും, ആരോഗ്യപരമായ കാരണങ്ങളാലും ഈവക ഏർപ്പാടുകൾ ഉടനടി മാററിക്കളയേണ്ടതാണെന്നും."

"എല്ലാവരും ഇത്തരത്തിലല്ല" എന്നു ഞാനും പറയാതിരുന്നില്ല.

ഈ ഏർപ്പാടുമൂലം സദ്യച്ചെലവിൽ കുറെ സംഖ്യ ലാഭിക്കാൻ സാധിക്കുമെന്നുള്ള ന്യായീകരണം ഒരിക്കലും ശരിയല്ല. ക്ഷണിക്കപ്പെടേണ്ടവരുടെ എണ്ണം ചുരുക്കിയാൽ എന്താണു? ഏതായാലും, ശവമഞ്ചത്തിൻെറ സാന്നിദ്ധ്യത്തിൽ ഇത്തരം സദ്യവട്ടങ്ങൾ നടത്തുന്ന സമ്പ്രദായം നിർത്തിക്കളയേണ്ടകാലം അത്യാസന്നമായിരിക്കുന്നു. സമുദായപരിഷ്കർത്താക്കളുടെ ശ്രദ്ധയെ ഈ വിഷയത്തിലേക്കു സാദരം ക്ഷണിച്ചുകൊള്ളുന്നു.

---

(8-ാംപേജ് തുടർച്ച)

യ യുവാക്കന്മാർക്കു വൈദികപഠനത്തിനു അനുമതി നിഷേധിക്കയാണു് ഗവമ്മെൻറിൻെറ സാധാരണനയം. സമാധാനപ്രസ്ഥാനത്തിലെ അംഗങ്ങളും അസമർത്ഥന്മാരുമായ യുവാക്കന്മാരെ മാത്രമേ വൈദികരാകുവാൻ ഗവമ്മെൻറു് അനുവദിച്ചിരുന്നുള്ളു. ഗവമ്മെൻറിനു അനുസരണവിധേയരല്ലാത്തവർക്കും വൈദികപഠനത്തിനു അനുമതി നിഷേധിച്ചിരുന്നു. വൈദികപഠനത്തിനു് ഗവമ്മെൻറനുമതി വാങ്ങണമെന്നുള്ളതു് ഹങ്കറിയിൽ അടുത്തകാലത്തു പാസാക്കിയ നിയമമാണു്.

റഷ്യൻആധിപത്യംമൂലം കമ്മ്യൂണിസ്റ്റ്ഗവമ്മെൻറിനു ഹങ്കറിയിൽ പലേ വിഷമപ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടിവരുന്നുണ്ടു്. പക്ഷെ അവ പുറംലോകത്തിനെ അറിയിക്കാതെ മൂടിക്കെട്ടിവയ്ക്കുകയാണു പതിവു്. ഹങ്കറിയിലുണ്ടായിട്ടുള്ള കല്ക്കരിഖനിതൊഴിലാളികളുടെ ഗൗരവനിലയിലെത്തിയ സ്ട്രൈക്കിനെപ്പററി പുറംലോകം ഒന്നുംതന്നെ അറിഞ്ഞിട്ടില്ല. തണുപ്പുകാലം ആരംഭിച്ചു. ഹങ്കറിയിലെ തീവണ്ടികൾ മിക്കതും കല്ക്കരികൊണ്ടാണോടുന്നതു്. കല്ക്കരിഖനിത്തൊഴിലാളികൾ സ്ട്രൈക്കാരംഭിച്ചു. 200 തീവണ്ടികൾ സ്ട്രൈക്കുമൂലം ഓട്ടംനിലച്ചു ഖനിത്തൊഴിലാളികൾക്കു കിട്ടുന്ന മാസശമ്പളം 1000 ഫോറിൻട്സ്. അതായതു് 118 ഉറുപ്പികയോളമാണു്. എല്ലാ സാധനങ്ങൾക്കും ഹങ്കറിയിൽ വലിയ വില കൊടുക്കേണ്ടിവരുന്നു. തന്മൂലം ഈ ചെറിയ ശമ്പളം തൊഴിലാളികളുടെ ജീവിതാവശ്യത്തിനു തീരെ അപര്യാപ്തമാണു്. പട്ടിണികിടന്നു വേല ചെയ്യുവാൻ തൊഴിലാളികൾ സമ്മതിച്ചില്ല. ഹങ്കറിയിലെ ഈ കുഴപ്പങ്ങൾക്കെല്ലാം പ്രധാനകാരണം അവിടത്തെ ഉല്പാദനവസ്തുക്കൾ ഹങ്കറിക്കാർക്കു അനുഭവിക്കുവാൻ കിട്ടുന്നില്ല എന്നതാണു്. ഹങ്കറി തുടങ്ങിയ എല്ലാ ഉപഗ്രഹരാജ്യങ്ങളിലേയും ഉല്പാദനവസ്തുക്കൾ റഷ്യയിലേക്കു കയററിക്കൊണ്ടുപോകയാണു ചെയ്യുന്നതു്. ഒരു ഉദാഹരണംമാത്രം പറയാം. ബുഡാപ്പെസ്റ്റിലെ കപ്പൽകേന്ദ്രം 10 കൊല്ലത്തിനുള്ളിൽ കടലിലും നദിയിലും സഞ്ചരിക്കുന്ന 72 കപ്പലുകൾ പണിതീർത്തിറക്കിയിട്ടുണ്ടു്. ഇതിൽ ഒരെണ്ണംമാത്രമേ ഇന്നു ഹങ്കറിയിലുള്ളു. മററു 71 കപ്പലുകളും ഇന്നു റഷ്യയാണുപയോഗിക്കുന്നതു്. ഇങ്ങനെ ഉപഗ്രഹരാജ്യങ്ങളെ ഞെക്കിപ്പിഴിഞ്ഞാണു് റഷ്യ ഇന്നു ജീവിക്കുന്നതു്.

## കേരളവാർത്തകഠം

കേരളബഡ്ജററു മാർച്ച് 19-ാംനു-ലോയസഭയിൽ അവതരിപ്പിക്കുന്നതാണു്. ഒരു വോട്ടു് ഓൺ അക്കൗണ്ടും ലോകസഭ പാസാക്കുവാൻ ഇടയുണ്ടു്.

—ഏപ്രിൽ 7-ാംതീയതി ലോകാരോഗ്യദിനം ആയി ആചരിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു തിരുവനന്തപുരത്തു ഒരു ഘോഷയാത്രയും ഗവർണറുടെ അദ്ധ്യക്ഷതയിൽ പൊതുയോഗവും ഉണ്ടായിരിക്കും.

—കേരളസംസ്ഥാനത്തെ മോട്ടർ വാഹനങ്ങളുടെ ലൈസൻസ് അടയാളങ്ങൾ, ഏപ്രിൽ 30-ാം തീയതിക്കകം കെ. എൽ. എന്നാക്കി മാററിക്കൊള്ളണമെന്നു ട്രാഫിക്കു് വകുപ്പു നിർദ്ദേശിച്ചിരിക്കുന്നു.

—മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ പ്രവർത്തനം തൽക്കാലത്തേക്കു തുടരുവാൻ ഗവമ്മെൻറു ഉത്തരവായിരിക്കുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 MARCH 20 || No. 31.


## പൂനയിലെ മതാന്വേഷണകേന്ദ്രം

ഇംഗ്ലണ്ടിൽ മൂന്നുകൊല്ലംമുമ്പു സ്ഥാപിതമായി ഇപ്പോൾ വിജയപൂർവ്വം പ്രവർത്തനം നടത്തിപ്പോരുന്ന "കാത്തലിക്ക് എൻകായറി സെൻററി"ൻെറ പരിപാടികളേയും അതു ഇക്കാലത്തിനുള്ളിൽ ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള നേട്ടങ്ങളേയും സംബന്ധിച്ച് കഴിഞ്ഞലക്കം പ്രസാധകക്കുറിപ്പുകളിൽ ഞങ്ങൾ പരാമർശിച്ചിരുന്നല്ലൊ. അതേലക്ഷ്യത്തോടും കാര്യക്ഷമമായ പ്രവർത്തനപരിപാടികളോടുംകൂടി നമ്മുടെ മാതൃരാജ്യത്തിലും ചില പ്രസ്ഥാനങ്ങൾ ഉടലെടുത്തിട്ടുണ്ടെന്നു പ്രസ്താവിക്കുന്നതിൽ ഞങ്ങൾക്കു അതിയായ സന്തോഷമുണ്ട്. ഏതാദൃശസ്ഥാപനങ്ങളിൽ പ്രമുഖമായ ഒന്നാണ് പൂനായിൽ സ്ഥാപിതമായിട്ടുള്ള "കാത്തലിക് എൻകായറി സെൻറർ." 1955 മദ്ധ്യത്തിലാണ് ഈ കേന്ദ്രം സ്ഥാപിതമായതു്. പൂനായിലെ സൊഡാലിററികൗൺസിൽ അതിൻെറ പ്രവർത്തനത്തിൽ മുൻകൈ എടുത്തു പരിശ്രമിച്ചു. പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിൽ ഈ സംരംഭം അതിവേഗത്തിൽ വിജയപഥത്തിൽ മുന്നേറുവാൻ തുടങ്ങി. ഇംഗ്ലണ്ടിലെ എൻകായറി സെൻററിൻെറ പ്രവർത്തനപരിപാടികളാണ് പൂനാ സെൻററും അംഗീകരിച്ചിട്ടുള്ളതു്.

അന്വേഷകരെ കത്തോലിക്കാമതതത്വങ്ങളെപ്പററി മനസ്സിലാക്കുന്നതിനു വളരെയധികം ഉപകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഫാദർ സോൻറാഗ്ഗ് അവർകൾ തയാറാക്കിയിട്ടുള്ള ഐ. എച്ച്. എസ്. ലേഖനങ്ങൾ. 12 പാഠങ്ങളിൽ അദ്ദേഹം പ്രധാനപ്പെട്ട മതസിദ്ധാന്തങ്ങളെ സുലളിതമായും സുവ്യക്തമായും പ്രതിപാദിച്ചിരിക്കുന്നു. സെൻററിൻെറ വിശ്വാസപ്രസാധകവിഭാഗത്തിലെ ഓരോ അംഗങ്ങളും അന്വേഷകരിൽ 10 പേരുടെ കാര്യമാണ് ശ്രദ്ധിക്കുക. അവർ അന്വേഷകരുമായി കത്തിടപാടുകൾ കേന്ദ്രത്തിൻെറ നിയന്ത്രണത്തിൽ നടത്തുകയും നിശ്ചിതാവധികളിൽ ഐ. എച്ച്. എസ്. പുസ്തകങ്ങളും മററു പ്രസിദ്ധീകരണങ്ങളും എത്തിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇപ്രകാരം അവർക്കു കത്തോലിക്കാസഭയെപ്പററി പഠിക്കുന്നതിനും അവരുടെ സംശയനിവൃത്തിവരുത്തി സത്യം ഗ്രഹിക്കുന്നതിനും സാധിക്കുന്നു. പൊതുജനങ്ങൾ എത്രമാത്രം സത്യാന്വേഷണത്തിനു ഉൽസുകരാണെന്നു് വിശദമാക്കുന്നതിനു കേന്ദ്രത്തിൻെറ അതതുകാലത്തെ പ്രവർത്തനറിപ്പോർട്ടു പരിശോധിച്ചാൽ മതിയാകുന്നതാണ്. 1955-ലെ അവസാനത്തെ ആറുമാസത്തിൽ അന്വേഷകരായി പേരുകൊടുത്തവർ 647; ഐ. എച്ച്. എസ്. പുസ്തകങ്ങൾ അയച്ചുകൊടുത്തതു് 10,000, മററു പ്രസിദ്ധീകരണങ്ങൾ 450. 1956-ലെ ആദ്യത്തെ ആറുമാസത്തിൽ അവ യഥാക്രമം അപേ: 808; ഐ. എച്ച്. എസ്. 21,304; മററു പ്ര: 1,138. അവസാനത്തെ ആറുമാസത്തിൽ അപേ: 978; ഐ. എച്ച്. എസ്. 29,934; മററു പ്ര: 2,141. ഇപ്രകാരം ആദ്യത്തെ അർദ്ധവർഷത്തിൽ പ്രതിമാസം ശരാശരി 108 അന്വേഷകരുണ്ടായിരുന്നതു്, മൂന്നാമത്തെ അർദ്ധവർഷത്തിൽ ശരാശരി 163 ആയി വർദ്ധിച്ചിരിക്കുന്നു. സത്യാന്വേഷണത്തിൽ പ്രകടമാക്കപ്പെട്ടിരിക്കുന്ന ഈ തൃഷ്ണ യഥാവിധി സംതൃപ്തമാക്കുന്നതിനുള്ള പദ്ധതികൾ എല്ലാ സ്ഥലങ്ങളിലും നടപ്പാക്കുന്നതിൻെറ അവശ്യാവശ്യകത ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ.

ഇന്ത്യയിൽ ഏതു ഭാഗത്തെ അപേക്ഷിച്ചും സാക്ഷരതയിലും മതബോധത്തിലും വിജ്ഞാനതൃഷ്ണയിലും മുൻപന്തിയിൽ നില്ക്കുന്നതു് കേരളമാണെന്നുള്ളതു് അനിഷേദ്ധ്യമാണ്. പക്ഷെ മതവിജ്ഞാനവിഷയത്തിൽ മൗലികമായ ചില പടലപ്പിണക്കങ്ങൾ ഇവിടെ നിലവിലിരിക്കുന്നുവെന്നാണ് നിമ്മതപ്രസ്ഥാനങ്ങളുടെ ക്രമാതീതമായ വളർച്ചയിൽനിന്നു അനുമാനിക്കുവാൻ നിർബന്ധിക്കപ്പെടുന്നതു്. കേരളം ഇന്ത്യയിൽ കമ്മ്യൂണിസത്തിൻെറ അണിയറയാണെന്നുള്ള ഒരു പ്രതീതിയാണ് ഇത്തവണത്തെ പൊതുതിരിഞ്ഞെടുപ്പിൻെറ പ്രഖ്യാപിതമായ ഫലങ്ങൾ കാണിക്കുന്നതു്. ഇവിടെ നടമാടുന്ന വർഗ്ഗീയത്വവും പരസ്പരവിദ്വേഷവും നീതിബോധരാഹിത്യവും സുഭദ്രമായ ഒരു ധർമ്മബോധത്തിൻെറ ലക്ഷണങ്ങളല്ല. മതവിശ്വാസികളിൽതന്നേയും വിഭാഗീയമായ ചിന്തകൾ അന്ധമായി പ്രവർത്തിച്ചുപോരുകയാണ്. അതുകൊണ്ടു് സാക്ഷാത്തായ സത്യധർമ്മാദിഗുണങ്ങളെ കൈവളർത്തുന്ന പ്രവർത്തനകേന്ദ്രങ്ങൾ പൊതുനന്മയ്ക്കു തന്നേയും അത്യന്താപേക്ഷിതമായിരിക്കുന്നുവെന്നു സ്പഷ്ടമാണല്ലൊ. കത്തോലിക്കാസഭയെ സംബന്ധിച്ചാണെങ്കിൽ, സഭയുടെ നിലപാടിനെ ശരിയായി മനസ്സിലാക്കുവാൻ തരപ്പെടാതെ ഇതരക്രിസ്തീയവിഭാഗങ്ങൾപോലും വ്യഗ്രതയിൽ കഴിഞ്ഞുകൂടുന്നു. കത്തോലിക്കാസഭയെപ്പററിയുള്ള അനേകം തെററായ കുററാരോപണങ്ങളും കരിതേച്ചുള്ള ചിത്രങ്ങളും പരമാർത്ഥത്തിൽ അവർ വിശ്വസിച്ചുപോരുകയാണ്. ഇവയ്ക്കു പരിഹാരം ഉണ്ടാകണമെങ്കിൽ, യഥാർത്ഥസത്യം പ്രകടമാകണമെങ്കിൽ മേലുദ്ധരിച്ചുപോലുള്ള സെൻററുകൾ കേരളത്തിൻെറ നാനാഭാഗങ്ങളിലും പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അക്രൈസ്തവരും അകത്തോലിക്കരുമായ സഹോദരങ്ങൾ സത്യമറിയുന്നതിനു കത്തോലിക്കാസഭയെ സമീപിക്കുകയില്ല. കാരണം, അത്രമാത്രം അവരുടെ മുമ്പിൽ കരിതേക്കപ്പെട്ടിരിക്കുകയാണ്; ബീഭത്സമായ തെററിദ്ധാരണകൾ അവരുടെ മനസ്സിൽ കടന്നുകൂടിയിരിക്കുകയാണ്. അതുകൊണ്ടു് സത്യപ്രകാശനപരമായ മാർഗ്ഗങ്ങളിലൂടെ കത്തോലിക്കർ അവരെ സമീപിക്കുകയല്ലാതെ ഗത്യന്തരമില്ല. നിർമ്മത്സരബുദ്ധ്യാ സത്യത്തെ പരിശോധിക്കുന്നതിനും കത്തോലിക്കാസഭയെ പഠിക്കുന്നതിനുമുള്ള ഉപാധികൾ അവർക്കു കരഗതമാക്കിയാൽ അതു ഫലപ്രദമായ ഒരു പ്രവർത്തനമായിരിക്കും; അനർഘമായ ഒരു പ്രേഷിതസേവനമായിരിക്കും. അതിനുള്ള സാദ്ധ്യതകളും പ്രായോഗികമാർഗ്ഗങ്ങളും വിളംബംവിനാ രൂപമെടുക്കുമെന്നു പ്രത്യാശിക്കട്ടെ.

### പ്രസാധകക്കുറിപ്പുകൾ

## സഭകൾ തമ്മിലുള്ള ഐക്യം

വിവിധ ക്രിസ്തീയ സഭകൾ ഒന്നിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇന്നു എന്നത്തെക്കാളും കൂടുതലായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. ക്രിസ്തു അവിടുത്തെ അന്ത്യപ്രഭാഷണത്തിലും അഭിലഷിച്ചിട്ടുള്ളതു് മറെറാന്നല്ല. "ഒരു തൊഴുത്തും ഒരിടയനും." അതാണ് അവിടുത്തെ അഭിലാഷം. എന്നാൽ വിഭിന്നങ്ങളായി ചിന്നിച്ചിതറിക്കിടക്കുന്ന ഇന്നത്തെ ക്രിസ്തീയവിഭാഗങ്ങൾ ഏതടിസ്ഥാനത്തിലാണ് ഒന്നിക്കുക എന്നതാണ് പ്രശ്നം. ഇക്കാര്യത്തിൽ കത്തോലിക്കാസഭയുടെ നിലപാടും മററു സഭാവിഭാഗങ്ങൾ പ്രകടമാക്കുന്ന അഭിപ്രായഗതികളും തമ്മിൽ അടിസ്ഥാനപരമായ അന്തരമുണ്ടു്. കത്തോലിക്കാസഭയുടെ വാദഗതി വളരെ ലളിതമാണ്. ക്രിസ്തു ലോകത്തിൽ ഒരു സഭ സ്ഥാപിച്ചു. ഈ ദിവ്യസ്ഥാപനം ലോകാവസാനത്തോളവും നിലനില്ക്കുമെന്നു അവിടുന്നുറപ്പു നൽകിയിട്ടുണ്ട്. ദൈവമായ ക്രിസ്തുവിൻെറ ഈ ഉറപ്പു വിഫലമാവുകയോ, തിരുസഭ പരാജയപ്പെടുകയോ സാദ്ധ്യമല്ല. അതുകൊണ്ടു ക്രിസ്തു സ്ഥാപിച്ചതും അഭംഗം നിലനില്ക്കുന്നതുമായ സനാതന സഭയേതാണ് ലോകത്തിൽ എന്നുള്ളതാണ് കണ്ടുപിടിക്കേണ്ടതു്. കത്തോലിക്കാസഭ ചരിത്രത്തിൻെറ അനിഷേദ്ധ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ, ക്രിസ്തു സ്ഥാപിച്ചതും ശ്ലീഹന്മാർവഴി പരമ്പരാഗതമായ പിൻതുടർച്ചയിൽ അദ്ധ്യാപനാധികാരവും ഭരണാധികാരവും നിലനിർത്തിപ്പോരുന്നതുമായ പ്രസ്തുത സത്യസഭ കത്തോലിക്കാസഭയാണെന്നു വാദിക്കുന്നു. ഏകമായ ഈ മാതൃസഭയിൽ ഐക്യപ്പെടുകയാണ് ഓരോ വ്യക്തിയുടേയും കർത്തവ്യമെന്നു ഉൽബോധിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ മററു ക്രിസ്തീയസഭകളുടെ വീക്ഷണഗതി വിഭിന്നമാണ്. വിവിധസഭകളിൽ കാണുന്ന വിശ്വാസാന്തരങ്ങളെ നിലനിർത്തിക്കൊണ്ടു് ബാഹ്യമായ ചില ഒത്തുതീർപ്പുകളോ വിട്ടുവീഴ്ചകളോമൂലമുള്ള ഒരൈക്യം സാധിക്കുന്നതിനാണ് അവയുടെ ലക്ഷ്യം. ഇതു തത്വപരമായി ശരിയായ ഒരു മാർഗ്ഗമല്ല എന്നും യഥാർത്ഥക്രിസ്തുസഭയിൽ—"ഒരു തൊഴുത്തും ഒരിടയനു"മായുള്ള മൂലസഭയിൽ—ഐക്യപ്പെടുകയല്ലഎന്നും വിശദമാണല്ലോ. സത്യസഭയെപ്പററി അവഗാഢമായ പഠനം നടത്തി മാതൃസഭയായ കത്തോലിക്കാസഭയിൽ പുനരൈക്യപ്പെട്ടിട്ടുള്ള മഹാരഥന്മാരെല്ലാം ഇതു ഏററുപറഞ്ഞുകഴിഞ്ഞിട്ടുള്ള ഒരു വസ്തുതയാണ്. ഇന്ത്യയിലെ വിവിധക്രിസ്തീയസമൂഹങ്ങളും സഭാഐക്യത്തിനുവേണ്ടി പരിശ്രമിക്കുകയും പലവിധത്തിലുള്ള പര്യാലോചനകൾ നടത്തുകയുംചെയ്യുന്നുണ്ട്. നിർമ്മത്സരബുദ്ധികളായ അവരുടെ ശ്രദ്ധ ഈ മൗലികതത്വത്തിൽ വേണ്ടവിധത്തിൽ പതിയുകയാണെങ്കിൽ ആശാസ്യവും അനുഗ്രഹപ്രദവുമായ ഗുണഫലമുണ്ടാകാതിരിക്കുകയില്ല എന്നാണ് ഞങ്ങളുടെ ഉത്തമവിശ്വാസം.

### സ്നേഹപരമായ ഐക്യം

താത്വികവും വസ്തുനിഷ്ഠവുമായ സത്യങ്ങളാണ് മനുഷ്യരുടെ ബുദ്ധിയേയും മനസ്സിനേയും അധീനപ്പെടുത്തുന്നതിനു ശക്തമായിട്ടുള്ളവ. അവയെ സംബന്ധിച്ചുള്ള ബോദ്ധ്യതയിൽ ആക്കം വിട്ടുവീഴ്ചചെയ്യാൻ സാദ്ധ്യമല്ല. പക്ഷെ മനുഷ്യരുടെ ഇടയിൽ സത്യങ്ങളെ സംബന്ധിച്ചും ആത്മാർത്ഥമായിട്ടുതന്നെ വിഭിന്നങ്ങളായ ബോദ്ധ്യതകൾ ഉണ്ടാകാവുന്നതാണ്. അതു പരസ്പരം ആദരിക്കുന്നതാണ് സഹിഷ്ണത എന്നു പറയുന്നതു്. സത്യമതത്തെ സംബന്ധിച്ചു പറയുമ്പോഴും വിഭിന്നസഭകളുടെ ഐക്യത്തെ സംബന്ധിച്ചു പരാമർശിക്കുമ്പോഴും ഈ സഹിഷ്ണതാബോധത്തിനു ഉടവുതട്ടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതു ഓരോരുത്തരുടേയും കടമയാണ്. മനുഷ്യർ പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നുള്ള സ്വാഭാവികനിയമമാണ് ഇതിൻെറ അടിസ്ഥാനം. കത്തോലിക്കാസഭ ഇതു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. ഈ യിടെ ലീഡ്സ് (ഇംഗ്ലണ്ട്) മെത്രാപ്പോലീത്താ ഹീനാൻ തിരുമേനി ഒരു പ്രഭാഷണത്തിൽ ഈ കാര്യം വിശദമാക്കിയിട്ടുള്ളതു് ഇവിടെ ഉദ്ധരിക്കുന്നതു ഗുണപ്രദമായിരിക്കുമെന്നു കരുതുന്നു:-

"മതവിശ്വാസം വളരെയധികം മന്ദീഭവിക്കുകയും, യഥാർത്ഥത്തിൽ നിരീശ്വരതത്വത്തെ അവരുടെ രാഷ്ട്രീയസിദ്ധാന്തങ്ങളുടെ അടിസ്ഥാനതത്വമായി പല രാഷ്ട്രങ്ങളും സ്വീകരിക്കുകയും ചെയ്തിരിക്കുന്ന ഇക്കാലത്തു് ക്രിസ്ത്യാനികളെല്ലാവരും — ദൈവശാസ്ത്രപരമായി അവർ പരസ്പരം എന്തെന്തു വ്യത്യസ്തതകൾ ഉണ്ടായിരുന്നാലും —ഒന്നിച്ചുനില്ക്കുകയും, സാക്ഷാത്തായ ക്രിസ്തീയസിദ്ധാന്തങ്ങൾ സംരക്ഷിക്കപ്പെടത്തക്കവണ്ണം യോജിച്ചുപ്രവർത്തിക്കുകയും ചെയ്യേണ്ടതാവശ്യമായിരിക്കുന്നു. പരിശുദ്ധ മാർപ്പാപ്പായുടെ പൊതുവായ പ്രഭാഷണങ്ങളിലെല്ലാം ഈ സംഗതി പ്രത്യേകം വെളിവായി നമുക്കു കാണാൻ കഴിയുന്നുണ്ട്. അവിടുന്നു ഹങ്കറിയെപ്പററിയുള്ള അവിടുത്തെ പ്രസംഗത്തിൽ ലോകത്തിലുള്ള എല്ലാ സന്മനസ്സുള്ള ജനങ്ങളേയും, ദൈവത്തിലുള്ള പൊതുവായ വിശ്വാസത്തിൽ ഐക്യപ്പെട്ടിരിക്കുന്നവരേയും, അവിടുത്തെ തിരുസുതനായ ഈശോമിശിഹായിലുള്ള സ്നേഹത്തിൽ ബന്ധപ്പെട്ടിരിക്കുന്നവരേയും ആഹ്വാനം ചെയ്കയാണുണ്ടായതു്. വിശ്വാസത്തിലുള്ള ഐക്യം അസാദ്ധ്യമായിരിക്കുന്നവരുടെ ഇടയിൽപോലും സ്നേഹത്തിലുള്ള ഐക്യത്തിനു സ്ഥാനമുണ്ട്. ക്രിസ്തീയഐക്യത്തെ സംബന്ധിച്ചു കത്തോലിക്കാവീക്ഷണത്തിൽ ചില തത്വങ്ങൾ ദീക്ഷിച്ചുപോരുന്നുണ്ട്. അതായതു്, മററുള്ളവരുടെ വിശ്വാസത്തെ ആസ്പദമാക്കി അവരെ എതിർക്കുക എന്നതു് ഒരിക്കലും അനുവദനീയമല്ല; അന്യമതസ്ഥർ അവരുടെ മതവിശ്വാസങ്ങളിൽ നില്ക്കുന്നു എന്ന കാരണത്താൽ അവരിൽ ഉത്തമവിശ്വാസമില്ല എന്നു പറയുന്നതു് തെററും പാപകരവുമാണ്; കത്തോലിക്കാസഭയാണ് സനാതനക്രിസ്തീയസഭയെന്നു ഗ്രഹിക്കുവാൻ കഴിയാത്തവരെല്ലാം കപടവിശ്വാസികളാണെന്നു മുദ്രയടിക്കുന്നതു് ഒരിക്കലും ശരിയായിരിക്കുകയില്ല." ചോദ്യോത്തരവേളയിൽ അദ്ദേഹം പ്രസ്താവിച്ചതു്, യാന്ത്രികമായ ഒരൈക്യത്തെ ലക്ഷ്യമാക്കി ഇന്നു വളരെ പ്രയത്നങ്ങൾ വൃഥാവിലാകുന്നുണ്ടു് എന്നത്രെ. അദ്ദേഹം തുടർന്നു: "ഓരോ വ്യക്തിയുടേയും സർവ്വപ്രധാനമായ കർത്തവ്യം സത്യം അന്വേഷിച്ചു കണ്ടുപിടിക്കുകയും എന്തു ത്യാഗവും സഹിച്ചു അതിനെ അനുഗമിക്കുകയുമാണ്. പക്ഷെ ബാഹ്യമാത്രമായ ഒരൈക്യം സ്ഥാപിക്കുന്നതിനുള്ള അഭിലാഷത്തിൽ ഇന്നു പാഴാക്കിക്കളയുന്ന സമയം വളരെയധികമാണ്. അങ്ങനെയുള്ള ഒരൈക്യം ഉണ്ടാവുക എന്നുള്ളതു് പ്രത്യാശിക്കപ്പെടാവുന്ന ഒന്നല്ല എന്നുള്ളതാണ് അതിൻെറ കാരണം. ഒരു തൊഴുത്തും ഒരിടയനുമെന്നുള്ള ലക്ഷ്യം സാധിതമാകേണ്ടതു് വെറും വെച്ചുകെട്ടൽകൊണ്ടല്ല, പ്രത്യുത ഓരോ വ്യക്തിയും സാക്ഷാത്തായ സത്യത്തെ ആരാഞ്ഞു കണ്ടുപിടിച്ചു സ്വീകരിക്കുന്നതുമൂലമാണ്. പരസ്പരധാരണയുംവാദപ്രതിവാദങ്ങളുംമൂലം പ്രൊട്ടസ്റ്റൻറുകാർക്കും കത്തോലിക്കർക്കും മനസ്സാക്ഷിപ്രകാരം സ്വീകരിക്കാവുന്ന ഒരു ദൈവശാസ്ത്രം രൂപപ്പെടുത്താമെന്നു ഭാവിക്കുന്നതു വെറും മിഥ്യയാണ്. ഇങ്ങനെ പറയുന്നതുകൊണ്ടു് കത്തോലിക്കാവിഭാഗം പൊതുജനാഭിപ്രായത്തിൽനിന്നു വ്യതിചലിക്കയാണെന്നുള്ളതു പരമാർത്ഥമാണ്. പക്ഷെ പൊതുജനങ്ങളെ തെററിദ്ധരിപ്പിക്കുന്നതും, യഥാർത്ഥത്തിൽ ഐക്യമില്ലാത്തിടത്തു ഐക്യമുണ്ടെന്നു ഭാവിക്കുന്നതും സാക്ഷാത്തായ സ്നേഹമല്ലല്ലോ." ബിഷപ്പ് ഹീനാനിൻെറ ഈ അപഗ്രഥനം സഭാഐക്യത്തെപ്പററി വിചിന്തനംചെയ്യുന്ന എല്ലാവരുടേയും സവിശേഷമായ ശ്രദ്ധയെ ആകർഷിക്കേണ്ട ഒന്നാണ്. ഇംഗ്ലണ്ടിൽ പ്രോട്ടസ്റ്റൻറുമതവിഭാഗങ്ങളുടെ ഇടയിൽ ഇന്നു പ്രബലമായി നടന്നുകൊണ്ടിരിക്കുന്ന ഐക്യശ്രമങ്ങൾക്കും ഇന്ത്യയിൽ വിവിധക്രിസ്തീയസഭാവിഭാഗങ്ങൾ തമ്മിൽ നടന്നുകൊണ്ടിരിക്കുന്ന ഏകീകരണശ്രമങ്ങൾക്കും തമ്മിൽ വളരെ സാധർമ്മ്യമുള്ളതുകൊണ്ടു അതു വിശേഷിച്ചും പരിഗണനാർഹമാണ്.

## അടുത്തയാഴ്ചയിൽ

മാർച്ച്

21 വ്യാ: വി. ബനദിക്തോസ്

22 വെ: കർത്താവിൻെറതിരുവസ്ത്രം

23 ശ: വി. പത്രീത്തിസ്

24 ഞാ: നോമ്പു് 3-ാംഞായർ

25 തി: പ. കന്യകമറിയത്തിൻെറ മംഗലവാർത്ത

26 ചൊ: വി. എമ്മാനുവേൽ

27 ബു: വി. യോഹന്നാൻ ഡമസീൻ

## ഫ്രാൻസും വത്തിക്കാനും

ഫ്രഞ്ചു പ്രസിഡണ്ടു് എം. കോട്ടി അടുത്ത മേയ് മാസത്തിൽ വത്തിക്കാനിലെത്തി മാർപ്പാപ്പാതിരുമേനിയെ മുഖം കാണിക്കുന്നതാണെന്നുള്ള വാർത്തയ്ക്കു ഫ്രാൻസിൽ വളരെ പ്രാധാന്യം നൽകപ്പെടുന്നു. അര നൂററാണ്ടായി നിലനിൽക്കുന്ന ഫ്രാൻസും വത്തിക്കാനും തമ്മിലുള്ള അകൽച്ച ഇതോടെ പൂർണ്ണമായി നിമ്മാർജ്ജനം ചെയ്യപ്പെടുമെന്നാണ ഫ്രഞ്ചുപത്രങ്ങളുടെ അഭിപ്രായം. ഈ അകൽച്ച ആരംഭിച്ചതു് 1904-ൽ അന്നത്തെ ഫ്രഞ്ച് പ്രസിഡണ്ടു് ഔദ്യോഗികമായി ഇററലി സന്ദർശിച്ചതിനോടെയാണ്. പേപ്പൽ സംസ്ഥാനങ്ങൾ അപഹൃതമായതിനുശേഷം കത്തോലിക്കരാഷ്ട്ര തലവന്മാർ ഔദ്യോഗികമായി ഇററലി സന്ദർശിക്കാതിരിക്കുകയായിരുന്നു. തന്മൂലം ഫ്രഞ്ച് പ്രസിഡൻറിൻെറ പ്രവൃത്തിയെ വത്തിക്കാൻ അപലപിച്ചു. ഫ്രാൻസ് ഉടനെ വത്തിക്കാനിലുള്ള അവരുടെ സ്ഥാനപതിയെ തിരിച്ചു വിളിക്കുകയും, വിദ്യാഭ്യാസം ദേശസാൽക്കരിച്ചും മററുംസഭയ്ക്കെതിരായി പല നിയമങ്ങളുണ്ടാക്കുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം നയതന്ത്രബന്ധം പുനരാരംഭിച്ചെങ്കിലും സൗഹൃദം പഴയപടി പുനസ്ഥാപിതമായിട്ടില്ല.

# കത്തോലിക്കാസഭയുടെ "വിദേശമേധാവിത്വം"

(റവ. ഫാദർ ഡാനിയൽ അയ്യനേത്തു് B. A., Ph. L. L. D.)

"ദേശീയത്വം" കൊടിയും പാറിച്ചു മുന്നേറുന്ന കാലമാണിതു്. സ്വന്തം നാടിനുവേണ്ടി എന്തും ചെയ്യുന്നതിനു് രാജ്യഭക്തരായ ഏവരും ഉൽസുകരാണു്. ജാതിമതവ്യത്യാസങ്ങൾ കൂടാതെ എല്ലാവർക്കും "ദേശീയബോധം" വേണ്ടതാണു്. ദേശീയത്വമാകുന്ന ഭാസുരപ്രകാശം പരന്നതോടുകൂടി വിദേശമേധാവിത്വമാകുന്ന കൂരിരുൾ ഓടി ഒളിച്ചുകഴിഞ്ഞു.

സ്വതന്ത്രഭാരതത്തിന്റെ മക്കളായ നാം ദേശീയബോധത്തിൽ അടിക്കടി ഉയർന്നു വരികയാണു്. നമ്മുടെ നാടിന്റെ നന്മയാണു് നമ്മുടെ കരളിന്റെ കൗതുകം. "ഭാരതം വളരണം, ഭാരതം ഉയരണം" ഇങ്ങനെയാണു് നാം അനവരതം ഉരുവിടുന്നതു്. ഈ മുദ്രാവാക്യങ്ങൾ ഒരു യാഥാർത്ഥ്യമാക്കാൻ ഓരോ ഭാരതീയനും ഉററു പരിശ്രമിക്കേണ്ടതാണു്.

ഭാരതത്തിലെ കത്തോലിക്കർ ദേശീയബോധത്തിൽ ഒട്ടും പിന്നോക്കമല്ല. ഇതെല്ലാവരും സമ്മതിക്കുന്ന ഒരു പരമാർത്ഥം മാത്രമാണു്. എന്നാൽ കത്തോലിക്കാസഭയുടെ പരമാധികാരി ഒരു വിദേശീയനായ റോമാ മാർപ്പാപ്പായാണല്ലോ. അങ്ങനെ കത്തോലിക്കർ വിദേശമേധാവിത്വത്തിനു കീഴ്പ്പെട്ടവരല്ലേ? അങ്ങനെയെങ്കിൽ നാടിനോടുള്ള അവരുടെ കൂറും ഈ വിദേശമേധാവിത്വത്തോടുള്ള കീഴ്‌വഴക്കവും തമ്മിൽ എങ്ങനെയാണു പൊരുത്തപ്പെടുന്നതു്? ഇതുപോലെയുള്ള സംശയങ്ങൾ ചിലർക്കൊക്കെ ഉള്ളതായി അറിയാം. ഉത്തരവാദിത്വമുള്ള ചില സഭാനേതാക്കന്മാരും ഒന്നാംകിടയിലുള്ള ചില രാഷ്ട്രീയനേതാക്കന്മാരും ഇതേരീതിയിലുള്ള സംശയങ്ങൾ ഉന്നയിച്ചുകഴിഞ്ഞിട്ടുണ്ടു്. യാതൊരു വിദേശമേധാവിത്വത്തിനും കീഴ്പ്പെടാത്ത തങ്ങളുടെ സഭയ്ക്കു് സ്വതന്ത്രഭാരതത്തിൽ ഭാസുരമായ ഒരു ഭാവിയുണ്ടെന്നു് മാർത്തോമ്മാസഭയിലെ ചില പ്രമാണികൾ അഭിമാനിക്കുന്നു. അതുപോലെ, വിദേശമേധാവിത്വത്തിനു വഴങ്ങാതെ ഒരു സ്വതന്ത്രസഭയായി നില്ക്കുന്നതാണു തങ്ങൾക്കു നല്ലതെന്നു് ഒരുകൂട്ടം യാക്കോബായക്കാരും ഉൽഘോഷിക്കുന്നു. വിദേശമേധാവിത്വത്തിനു കീഴ്പ്പെട്ട സഭകൾ ഇവിടെയുണ്ടെന്നും അവയുടെ ഭാവി ഭാസുരമല്ലെന്നും ഈ പ്രസ്താവനകളിൽ സൂചനയുണ്ടെന്നു മനസ്സിലാക്കാൻ പ്രയാസമില്ല. അതിനാൽ കത്തോലിക്കാസഭയെപ്പററി ഇപ്രകാരമുള്ള തെററിദ്ധാരണകളും സംശയങ്ങളും നീക്കാനാണു് ഈ ലേഖകന്റെ വിനീതശ്രമം.

രാഷ്ട്രീയാധികാരവും സഭയുടെ അധികാരവും കൂട്ടിക്കുഴയ്ക്കുന്നതു പിശകാണു്. "സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും" എന്നാണു് ക്രിസ്തു കല്പിച്ചിട്ടുള്ളതു്. ആ കല്പനയെ അക്ഷരംപ്രതി അനുസരിക്കുന്നവരാണു് ലോകത്തിലാസകലമുള്ള എല്ലാ കത്തോലിക്കരും. അതിനാൽ രാഷ്ട്രത്തേയും സഭയേയും എല്ലാ രാജ്യങ്ങളിലേയും കത്തോലിക്കർ എപ്പോഴും അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. സ്വന്തം നാടിന്റെ നന്മയ്ക്കുവേണ്ടി മററുള്ളവരോടൊപ്പം ഭാരതത്തിലെ കത്തോലിക്കരും അണിനിരക്കാൻ മടികാണിച്ചിട്ടില്ല; കാണിക്കുകയുമില്ല. സഭാകാര്യങ്ങളിൽ വിദേശീയനായ ഒരു ആദ്ധ്യാത്മികാധികാരിയെ അനുസരിക്കുന്നതുകൊണ്ടു് കത്തോലിക്കരുടെ രാജ്യസ്നേഹത്തിനു് ഒരു കോട്ടവും തട്ടുന്നില്ല.

മാർപ്പാപ്പായുടെ അധികാരത്തിനു് കത്തോലിക്കർ എന്തുകൊണ്ടു് കീഴ്പ്പെടുന്നു? സഭാംഗങ്ങൾ എന്ന നിലയ്ക്കു് അവർ അപ്രകാരം ചെയ്യാൻ കടപ്പെട്ടവരാണു്. ക്രിസ്തു സ്ഥാപിച്ച സത്യസഭയാണു് കത്തോലിക്കാസഭ. ഈ സഭ ഒരു സംഘടനയാണു്. ഒരു സംഘടന നിലനില്ക്കണമെങ്കിൽ അതിനെ നയിക്കുന്നതിനു് ഒരധികാരി വേണം. അല്ലെങ്കിൽ അതു നശിച്ചുപോകും. ഇതു മനസ്സിലാക്കിയാണു് ക്രിസ്തു തന്റെ സഭയുടെ പരമാധികാരിയായി ശിഷ്യപ്രധാനനായ പത്രോസ് ശ്ലീഹായെ നിയമിച്ചതു്. പത്രോസ് റോമാ പട്ടണം സഭയുടെ കേന്ദ്രമാക്കി സഭയെ ഭരിച്ചു. റോമാമെത്രാന്മാരെ തന്റെ പിൻഗാമികളാക്കി നിയമിച്ചു. അവരാണു് റോമാ മാർപ്പാപ്പാമാർ. ഇതെല്ലാം അനിഷേദ്ധ്യങ്ങളായ ചരിത്രസത്യങ്ങളാണു്. അങ്ങനെ ക്രിസ്തുവിന്റെ പ്രതിനിധിയെന്ന നിലയ്ക്കും പത്രോസിന്റെ പിൻഗാമിയെന്ന നിലയ്ക്കുമാണു് റോമാ മാർപ്പാപ്പാമാർ സത്യസഭയെ ഭരിക്കുന്നതു്.

മാർപ്പാപ്പായുടെ അധികാരം എപ്രകാരമുള്ളതാണു്? ലോകത്തിൽ ഒരൊററ രാജ്യത്തിന്റെമേൽമാത്രമേ റോമാമാർപ്പാപ്പായ്ക്കു് രാഷ്ട്രീയാധികാരമുള്ളു. ഏററം ചെറിയ രാജ്യമായ വത്തിക്കാന്റെ രാഷ്ട്രാധിപൻകൂടിയാണു് മാർപ്പാപ്പാ. മറെറാരു രാജ്യത്തിലേയും ഭരണകാര്യങ്ങളിൽ മാർപ്പാപ്പാ കൈകടത്തുന്നില്ല. എന്നാൽ ലോകത്തിലുള്ള സാർവ്വത്രികസഭയുടെമേൽ അദ്ദേഹത്തിനു് സഭാസംബന്ധമായ അധികാരമുണ്ടു്. ഈ അധികാരം ആത്മികമാണു്. മനുഷ്യരുടെ ആത്മരക്ഷയാണു് സഭയുടെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ട സകല മാർഗ്ഗങ്ങളും സ്വീകരിക്കുവാൻ മാർപ്പാപ്പായ്ക്കധികാരമുണ്ടു്. വിശ്വാസസത്യങ്ങൾ പഠിപ്പിക്കുക, ആചാരാനുഷ്ഠാനങ്ങൾ വിധിക്കുക, നിയമങ്ങൾ കൊടുക്കുക മുതലായ കാര്യങ്ങൾ ഈ അധികാരസീമയ്ക്കുള്ളിലാണു്. മാർപ്പാപ്പായുടെ ഈ അധികാരം ക്രിസ്തുവിൽനിന്നും സിദ്ധിച്ചതാണെന്നു പറഞ്ഞുകഴിഞ്ഞു. ഇങ്ങനെയുള്ള മേലധികാരമാണു് കത്തോലിക്കർ സ്വീകരിക്കുന്നതു്. ഇതു് വിദേശമേധാവിത്വത്തെ സ്വീകരിക്കുകയാണെന്നു പറയുന്നതിൽ ഒരു കഴമ്പുമില്ലെന്നു വ്യക്തമാണല്ലോ.

തന്റെ രാഷ്ട്രീയാധികാരം ഒരു രാജ്യത്തും സ്ഥാപിക്കാൻ മാർപ്പാപ്പാ ശ്രമിക്കുകയില്ലെന്നു പറഞ്ഞുകഴിഞ്ഞു. അതിനാൽ ഭാരതത്തിലോ മറേറതെങ്കിലും രാജ്യത്തിലോ വിദേശാധികാരം സ്ഥാപിക്കാൻ പരിശ്രമിക്കുന്ന വിദേശമേധാവിത്വത്തിന്റെ ചാരന്മാരോ ഏജൻറന്മാരോ അല്ല കത്തോലിക്കരെന്നു് എല്ലാവരും ശരിക്കു ധരിക്കുന്നതുകൊള്ളാം.

കത്തോലിക്കാസഭയുടെ പരമാധികാരി ഒരു വിദേശീയനാണെന്നുള്ളതു പരമാർത്ഥമാണു്. ലോകംമുഴുവനും വ്യാപിച്ചിട്ടുള്ള കത്തോലിക്കാസഭയാകുന്ന ആ മഹാസ്ഥാപനത്തിന്റെ അധികാരി ഏതെങ്കിലും രാജ്യത്തുള്ള ഒരാളായിരിക്കണമല്ലോ. അതിനാൽ ഒരു ഭാരതീയൻ സഭയുടെ പരമാധികാരിയായാൽ ഇംഗ്ലണ്ടിലെ കത്തോലിക്കർക്കു് അദ്ദേഹം വിദേശീയനാണെങ്കിലും അദ്ദേഹത്തെ അവർ അനുസരിക്കണം. റോമാ പട്ടണം സഭയുടെ പരമാധികാരിയുടെ ആസ്ഥാനമായി പത്രോസിന്റെ കാലം മുതൽതന്നെ തെരഞ്ഞെടുത്തതാണു്. പല സൗകര്യങ്ങളും പഴയ പാരമ്പര്യവും മുൻനിറുത്തി ഒരു ഇററലിക്കാരനെയാണു് സാധാരണ മാർപ്പാപ്പായായി തെരഞ്ഞെടുക്കുന്നതു്. എന്നാൽ ഗ്രീക്കുകാരും മററും മാർപ്പാപ്പാമാരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നു് ചരിത്രത്തിൽനിന്നും മനസ്സിലാക്കാം. അതുപോലെ ഒരു ഭാരതീയനെ വേണമെങ്കിലും മാർപ്പാപ്പായായി തെരഞ്ഞെടുക്കുന്നതിനു സാങ്കേതികതടസ്സങ്ങളൊന്നുമില്ല.

രാഷ്ട്രീയകാര്യങ്ങളിൽ പുറമേനിന്നുമുള്ള യാതൊരു സമ്മർദ്ദത്തിനും വിധേയരല്ല ഭാരതത്തിലെ കത്തോലിക്കർ. നാടിന്റെ നന്മയ്ക്കും പുരോഗതിക്കും മററുള്ളവരോടൊത്തു് ഗവമ്മെൻറുമായി സഹകരിക്കാൻ അവർ എപ്പോഴും തയ്യാറാണു്. സ്വന്തം നാടിനോടുള്ളതിന്റെ വീതംകൂറു് പാശ്ചാത്യരാജ്യങ്ങളോടു് അവർ കാണിക്കുന്നുമില്ല. ഉദാഹരണമായി ഒരു കാര്യം ചൂണ്ടിക്കാണിക്കാം. ഗോവാപ്രശ്നം. ഒരു കത്തോലിക്കാരാജ്യമായതുകൊണ്ടു് പോർട്ടുഗലിന്റെ ഭാഗത്തു പററിനില്ക്കാനല്ല ഭാരതകത്തോലിക്കർ ആത്മാർത്ഥമായി ശ്രമിച്ചതു്. മറിച്ചു് ഭാരതത്തിന്റെ ഭാഗം ചേർന്നുനില്ക്കുകയാണു ചെയ്തതെന്നു് എല്ലാവർക്കുമറിയാം. അങ്ങനെ ചെയ്യാനുള്ള പൂർണ്ണസ്വാതന്ത്ര്യവും അവർക്കുണ്ടു്. ഭാരതകത്തോലിക്കർ ഗോവാപ്രശ്നത്തിൽ ഇൻഡ്യയെ അനുകൂലിക്കുന്നതിനെതിരായി സഭാധികാരിയായ മാർപ്പാപ്പാ ഒരക്ഷരം പറഞ്ഞിട്ടില്ല. അതിന്റെയർത്ഥം ഇതുപോലെയുള്ള രാഷ്ട്രീയകാര്യങ്ങളിൽ അദ്ദേഹം തലയിടുകയില്ലെന്നല്ലേ?

ഭാരതത്തിനെതിരായി ഭാരതീയ കത്തോലിക്കർ ഒരു ചെറുവിരൽപോലും അനക്കുകയില്ല. ഭാരതഗവമ്മെൻറിനെ തകിടം മറിക്കാനുള്ള അട്ടിമറിപ്പൻ പ്രസ്ഥാനത്തിലോ, അതുപോലെയുള്ള രാജ്യദ്രോഹപരമായ മറേറതെങ്കിലും പ്രവർത്തനത്തിലോ ഭാരതത്തിലെ ഒരൊററ കത്തോലിക്കൻപോലും തലയിടുകയില്ല. അതിനായി അവനെ യാതൊരു മതാദ്ധ്യക്ഷനും പ്രേരിപ്പിക്കുകയുമില്ല. കാര്യങ്ങളൊക്കെ ഇങ്ങനെയിരിക്കെ, ഭാരതത്തിലെ കത്തോലിക്കർ വൈദേശികമായ—അല്ല, സാർവ്വദേശികമായ—ആദ്ധ്യാത്മികാധികാരത്തിനു കീഴ്പ്പെട്ടവരാകയാൽ കത്തോലിക്കാസഭയ്ക്കു സ്വതന്ത്രഭാരതത്തിൽ സ്ഥാനമില്ലെന്നു പറയുന്നതു് അർത്ഥശൂന്യമാണു്. ഭാരതം ഭാരതത്തിലെ കത്തോലിക്കരുടേതുകൂടിയാണു്. ഈ മണ്ണിൽ ജനിച്ചുവളരുന്ന അവർക്കും ഭാരതമാതാവിനോടു് അതിരററ കൂറുണ്ടു്. അതിനാൽ കത്തോലിക്കർ വിദേശീയനായ ഒരു സഭാധികാരിയെ അനുസരിക്കുന്നതും സ്വന്തം നാടിനെ സ്നേഹിക്കുന്നതും പൊരുത്തമുള്ള കാര്യങ്ങളാണെന്നു് കാര്യവിവരമുള്ളവർക്കെല്ലാമറിയാം.

സേച്ഛാധിപത്യരാജ്യങ്ങളിലുള്ളതുപോലെ രാഷ്ട്രത്തിന്റെ പിണിയാളായി വർത്തിക്കുന്ന ഒരു സഭയായിരിക്കാൻ കത്തോലിക്കാസഭയ്ക്കു നിവൃത്തിയില്ല. അങ്ങനെയൊരു സഭ ഭാരതത്തിൽ വേണമെന്നും ആരും പറഞ്ഞിട്ടില്ല; പറയുകയുമില്ല. രാഷ്ട്രവുമായി പൊരുത്തപ്പെട്ടുപോകുന്ന എല്ലാ മതസംഘടനകൾക്കും ഭാരതത്തിൽ സ്ഥാനമുണ്ടു്. അങ്ങനെയുള്ള ഒരു സഭയാണു് കത്തോലിക്കാസഭ. അതിനാൽ ആ സഭയുടെ അധികാരി ഒരു വിദേശീയനാണെങ്കിലും സ്വതന്ത്രഭാരതത്തിൽ ഈ സഭയുടെ ഭാവിഭാസുരമാകാതിരിക്കാൻ ഒരു കാരണവുമില്ല.

ചുരുക്കത്തിൽ, ഭാരതീയകത്തോലിക്കർ രാഷ്ട്രീയമായ വിദേശമേധാവിത്വത്തിനു കീഴ്പ്പെട്ടവരല്ല. എന്നാൽ സഭയുടെ പരമാധികാരിയെ അവർ അനുസരിക്കുന്നു. അതുകൊണ്ടു അവരുടെ ദേശീയബോധത്തിനു് ഒരുടവും തട്ടുന്നില്ല. സഭയെ അനുസരിക്കുന്നതോടൊപ്പം രാഷ്ട്രത്തെ അനുസരിക്കാനും സേവിക്കാനും കത്തോലിക്കർക്കു കഴിയും. ഒരു നല്ല കത്തോലിക്കൻ ഒരുത്തമപൗരനായിരിക്കും. അതുതന്നെയാണു് കത്തോലിക്കാസഭയുടെ മഹത്വവും മേന്മയും. എല്ലാവരും ഇതു മനസ്സിലാക്കണമെന്നാണു് എന്റെ വിനീതമായ ആഗ്രഹവും പ്രാർത്ഥനയും.

# വിവിധവൃത്താന്തങ്ങൾ

## നീഗ്രോ സംരക്ഷകൻ

അമേരിക്കയിൽ ലൂസിയാനായിലെ ലഫായററു രൂപതയിൽ കഴിഞ്ഞ 38 വർഷങ്ങളായി മെത്രാനായിരുന്ന ബിഷപ്പ് ജീൻ മാർഡു് 77-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. നീഗ്രോകളുടെ വിദ്യാഭ്യാസത്തിനുവേണ്ടി അക്ഷീണയത്നം നടത്തിയിരുന്ന ഇദ്ദേഹം നീഗ്രോസംരക്ഷകൻ എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. വേദപാഠക്ലാസ്സുകളിൽ നീഗ്രോക്കുട്ടികളും വെള്ളക്കാരുടെ കുട്ടികളും ഒരുമിച്ചിരിക്കുന്നതിനെ വിസമ്മതിച്ച രണ്ടു വെള്ളക്കാരി സ്ത്രീകളെ 18 മാസങ്ങൾക്കു മുൻപു് അദ്ദേഹം മഹറോൻ ചൊല്ലുകയുണ്ടായി. ഇവർ പിന്നീടു പശ്ചാത്തപിക്കുകയും തങ്ങളുടെ കുററം ഏററു പറഞ്ഞു മഹറോനിൽനിന്നു വിമുക്തരാകുകയും ചെയ്തു.

## 35000 രോഗികൾ ലൂർദ്ദിലേക്കു്

ലൂർദ്ദിൽ പരിശുദ്ധ കന്യകാമറിയം ബെർണ്ണദീത്തായ്ക്കു പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദപൂർത്തിയായ അടുത്ത കൊല്ലം 35000 രോഗികൾ വിമാനമാർഗ്ഗം ലൂർദ്ദ സന്ദർശിക്കുന്നതാണു്. ഈ ജൂബിലി വത്സരത്തിൽ പത്തു ലക്ഷം തീർത്ഥകർ ലൂർദ്ദ സന്ദർശിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. അപ്പോഴേക്കും ഒരു പുതിയ ആശുപത്രിയും, വിശുദ്ധ പത്താം പീയൂസിന്റെ നാമത്തിലുള്ള അന്തർഭൗമിക ബസ്ലീക്കായും പണി പൂർത്തിയാകുന്നതാണു്. ഈ ബസ്ലീക്കായിൽ 20,000 പേർക്കു് ഇരിപ്പിടസൗകര്യമുണ്ടായിരിക്കുന്നതാണു്. ഈ ജൂബിലി വത്സരത്തിൽ ലൂർദ്ദിൽ വെച്ചു ഒരു അന്താരാഷ്ട്രീയതൊഴിലാളി കോൺഗ്രസ്സും, ഒരു സർവ്വരാജ്യ മരിയൻ കോൺഗ്രസ്സും നടത്തപ്പെടുന്നതാണു്. പരിശുദ്ധ പിതാവുതന്നെ നേരിട്ടു ലൂർദ്ദ് സന്ദർശിച്ചേക്കാമെന്ന ഒരു ശ്രുതി റോമയിൽ പരന്നിട്ടുമുണ്ടു്.

## വത്തിക്കാന്റെ സ്വാധീനശക്തി

പരിശുദ്ധ പിതാവിന്റെ ധാർമ്മിക സ്വാധീനശക്തി ഐക്യരാഷ്ട്രസമിതിയിൽ സുവിദിതമാണെന്നു്, ഒരു ഫ്റഞ്ച് സെനററും മുൻ യുദ്ധകാര്യമന്ത്രിയുമായ എഡ്മൺഡ് മൈക്കലററു പ്രസ്താവിച്ചിരിക്കുന്നു. ഐക്യരാഷ്ട്ര സമിതിയിലെ ഫ്റഞ്ച് ഡെലിഗേഷനിലെ ഒരംഗമായിരുന്നു അദ്ദേഹം. പരിശുദ്ധ പിതാവിന്റെ ഈ സ്വാധീനശക്തി ക്രിസ്തീയ രാഷ്ട്രങ്ങളുടെ ഇടയിൽമാത്രമല്ലായെന്നും അദ്ദേഹം വ്യക്തമാക്കി. ഹംഗറിയുടെ കാര്യത്തിൽ കൂടുതൽ വിജയകരമായി ഐക്യരാഷ്ട്ര സമിതിക്കു് ഇടപെടാൻ സാധിക്കാതെ പോയതു നിർഭാഗ്യകരമായിപ്പോയി എന്നു അദ്ദേഹം തുടർന്നു പറഞ്ഞു.

## വൈദികാദ്ധ്യക്ഷ സമ്മേളനം

ഫ്റഞ്ച് പ്രസിഡണ്ടിന്റെ വത്തിക്കാൻ സന്ദർശനത്തിനു മുൻപു് ഏപ്രിൽ മാസമൊടുവിൽ, ഫ്റാൻസിലെ 120 കർദ്ദിനാളന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും ഒരു സമ്മേളനം പാരീസിൽവെച്ചു നടക്കുന്നതാണു് 1907-നു ശേഷമുള്ള മൂന്നാമത്തെ സമ്മേളനമാണിതു്. ഫ്റാൻസിലെ കത്തോലിക്കാസഭയെ അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളെപ്പററിയും അവർ ചർച്ച നടത്തുന്നതാണു്. പ്രത്യേകിച്ചു് കുട്ടികളുടെ മതപഠനം, സഭയുടെ സാമൂഹ്യപഠനം പ്രായോഗികമാക്കൽ, വൈദികവൃത്തിയിലേക്കുള്ള ദൈവവിളി മുതലായവയെപ്പററി പര്യാലോചന നടത്തും. ഫ്റാൻസിൽ അടുത്ത കാലത്തു വൈദികരുടെ സംഖ്യ കുറഞ്ഞു വരുന്നതിനു പരിഹാരം നിർദ്ദേശിക്കുകയും ചെയ്യും.

## പ. പിതാവിനു പ്രസിഡണ്ടിന്റെ ഭാവുകാശംസ

മാർപ്പാപ്പാ തിരുമനസ്സിലെ കിരീടധാരണവാർഷികം പ്രമാണിച്ചു് ഇന്ത്യൻ പ്രസിഡണ്ടു് ഡോ. രാജേന്ദ്രപ്രസാദ് താഴെ കാണുന്ന ആശംസാസന്ദേശമയച്ചിരിക്കുന്നു: "അങ്ങയുടെ കിരീടധാരണവാർഷികമാഘോഷിക്കുന്ന ഈ സന്തോഷാവസരത്തിൽ, ഇന്ത്യയിലെ ഗവമ്മെണ്ടിന്റെയും ജനങ്ങളുടെയും എന്റെയും ഹൃദയംഗമമായ ഭാവുകാശംസകളും, അതോടൊപ്പംതന്നെ അങ്ങയുടെ വ്യക്തിപരമായ സുഖത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള ആത്മാർത്ഥമായ ആശംസകളും അങ്ങേക്കർപ്പിക്കുവാൻ എനിക്കതിയായ സന്തോഷമുണ്ടു്."

## മെത്രാപ്പോലീത്താ എതിർക്കുന്നു

ദേവാലയങ്ങളിൽ വർണ്ണവിവേചനം നടപ്പാക്കുവാൻ ആവശ്യപ്പെടുന്ന ദക്ഷിണാഫ്റിക്കൻ ഗവമ്മെൻറിന്റെ പുതിയ നിയമത്തെ കേപ്ടൗൺ മെത്രാപ്പോലീത്താ മക്കാൻ തിരുമേനി ശക്തിയായി എതിർത്തിരിക്കുന്നു. അതു മതസ്വാതന്ത്ര്യത്തിന്മേലും മനസ്സാക്ഷിസ്വാതന്ത്ര്യത്തിന്മേലുമുള്ള പ്രത്യക്ഷമായ ഒരു കൈയേററമാണെന്നു തിരുമേനി ആക്ഷേപിച്ചിരിക്കുന്നു. 1938 ജനുവരി 1നു ശേഷം സ്ഥാപിതമായിട്ടുള്ള യാതൊരു ദേവാലയത്തിലും, ആശുപത്രിയിലും, സ്കൂളിലും, ക്ലബിലും നീഗ്രോകൾക്കു പ്രവേശനം നൽകിക്കൂടായെന്നാണു നിയമത്തിന്റെ ചുരുക്കം. ഇതു് അനേകം കത്തോലിക്കാ ദേവാലയങ്ങളെ ബാധിക്കുന്നതാണു്. ദക്ഷിണാഫ്റിക്കയിലെ കത്തോലിക്കരുടെ ജനസംഖ്യ 676,000 ആണു്. തന്റെ അധീനതയിലുള്ള ദേവാലയങ്ങളിൽ എല്ലാ ജാതിക്കാരും നിറക്കാരുമായ കത്തോലിക്കർ ഒന്നുപോലെ ആരാധന നടത്തുന്നതാണെന്നു് മെത്രാപ്പോലീത്താ ഖണ്ഡിതമായി പ്രസ്താവിക്കുന്നു.

ഈ നിയമം ഗവമ്മെൻറു സംരക്ഷിക്കുന്നുവെന്ന് അവകാശപ്പെടുന്ന സംസ്കാരത്തെ ഉന്മൂലനംചെയ്യുകയാകുന്നുവെന്നു തിരുമേനി ചൂണ്ടിക്കാണിച്ചിരിക്കുന്നു.

## വിദേശവാർത്തകൾ

ഇററലിയുടെ സ്വർഗ്ഗീയമദ്ധ്യസ്ഥരായ വിശുദ്ധ ഫ്രാൻസീസ് അസ്സീസ്സിയുടെയും വിശുദ്ധ സീയെന്നാ കത്രീനായുടേയും തിരുനാളായ ഒക്ടോബർ 4-ാംതീയതി ഒരു ദേശീയ ഒഴിവുദിനമായി പ്രഖ്യാപനം ചെയ്യുന്ന ഒരു ബിൽ ഇററലിയൻ പാർലമെൻറിൽ അവതരിപ്പിച്ചിരിക്കുന്നു.

—പരിശുദ്ധപിതാവു തിരുമനസ്സിലെ കിരീടധാരണത്തിന്റെ 18-ാംവാർഷികം സംബന്ധിച്ച ആഘോഷങ്ങൾ മാർച്ച 12-ാംനു- സെൻറു പീറേറഴ്സ് ബസ്ലിക്കായിൽവെച്ചു നടത്തപ്പെട്ടിരിക്കുന്നു. സാധാരണ സിസ്റ്റയിൻകപ്പേളയിൽവെച്ചാണ് ഇതു നടത്തപ്പെടുക പതിവ്.

—വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായുടെ അങ്കണത്തിൽ തടിച്ചുകൂടിയ ഒരു വലിയ സംഘം തീർത്ഥകരുടെ ജയാരവങ്ങളെ തുടർന്നു പരിശുദ്ധപിതാവു അവിടുത്തെ പഠനമുറിയുടെ വാതുക്കൽ സന്നിഹിതനായി അവരെ ആശീർവ്വദിച്ചു. ഈ തീർത്ഥകരിൽ രണ്ടായിരത്തോളംപേർ ഫോറസ്റ്റൽ എന്ന അമേരിക്കൻ വിമാനവാഹിനിക്കപ്പലിലെ നാവികരായിരുന്നു.

—യൂറോപ്പിലെ സങ്കലിതസേനയുടെ സുപ്രിംകമാൻഡർ ജനറൽ ലോറിസ് നോർസ്റ്റഡ് വത്തിക്കാനിലെത്തി മാർപ്പാപ്പാ തിരുമേനിയെ മുഖം കാണിച്ചിരിക്കുന്നു. തിരുമേനി 15 മിനിററുനേരം ജനറലുമായി സംഭാഷണം നടത്തുകയും അനന്തരം ജനറലിന്റെ പാർട്ടിക്കും പത്നിക്കും സന്ദർശനമനുവദിക്കുകയുംചെയ്തു.

## ഇടവകവാർത്തകൾ

കല്ലോടി: ഈ ഇടവകാതിർത്തിക്കുള്ളിൽ തേററമലഭാഗത്ത് ക്നാനായ കത്തോലിക്കർക്കുവേണ്ടി ഒരു ദേവാലയം നിർമ്മിക്കുവാനുദ്ദേശിക്കുന്ന കുന്നിൻമുകളിൽ സജ്ജമാക്കിയ താൽക്കാലഷെഡ്ഡിൽ മാർച്ച് 13-ാംനു- പ്രഭാതത്തിൽ ആദ്യമായി ദിവ്യബലി അർപ്പണം നടന്ന തദവസരത്തിൽ വികാരി ക. നി. മൂ. സ. ബ. സോസിമൂസച്ചൻ പ്രസ്തുതദേവാലയനിർമ്മാണത്തിന്റെ അടിയന്തിരാവശ്യത്തെപ്പററി പ്രസംഗിച്ചു.

കുത്താട്ടുകുളം: മേരീഗിരി ആശ്രമത്തിൽ ഇക്കൊല്ലം പാപ്പാദിനം ഘോഷിച്ചതു് പൊതുജനങ്ങൾക്കായുള്ള നാലുദിവസത്തെ ആദ്ധ്യാത്മികധ്യാനത്തോടു കൂടിയാണ്. അതിൽ ധാരാളം ആളുകൾ പങ്കെടുത്തു. ഞായറാഴ്ച പൊതുദിവ്യകാരുണ്യസ്വീകരണം നടത്തി എല്ലാവരും പരിശുദ്ധ പിതാവിന്റെ ആത്മരക്ഷാരോഗ്യങ്ങൾക്കായി പ്രാർത്ഥിച്ചു. മംഗളപ്രഭാഷണം കുടുംബദീപം പത്രാധിപർ ഫാദർ ലേത്തൂസ് സി ഡി അവർകൾ നിർവ്വഹിച്ചു.

തലോർ: വൈ ജെ വടക്കേഴ്സ് യൂണിയനംഗങ്ങളുടെ ആഭിമുഖ്യത്തിൽ തലോർ ആശ്രമദേവാലയാങ്കണത്തിൽവച്ച് പാപ്പാദിനം ആഘോഷിച്ചു വെരി റവ ഫാദർ ക്ലെമൻറ് ടി ഒ സി ഡി ആദ്ധ്യക്ഷംവഹിക്കുകയും സി ഡി നിക്കോദേവാ ബി എസ്സി ബി എൽ പ്രസംഗിക്കുകയുംചെയ്തു യോഗാനന്തരം ചിററാട്ടുകര "ഹയിൻ ആർട്ട്സ് ക്ലബ്ബ്"കാരുടെ പാട്ടുകച്ചേരിയുണ്ടായിരുന്നു. അനന്തരം യൂണിയനംഗങ്ങൾ "എന്നിട്ടും അവൻ മടങ്ങിവന്നിരിക്കയാണ്" എന്ന സംഗീതനാടകം തന്മയത്വത്തോടെ അഭിനയിക്കുകയുംചെയ്തു.

വാഴക്കുളം: സ്ഥലം പള്ളി ഇടവക ഓച്ചിക്കൽ ബ. ബ്രദർ ഫ്രാൻസിസ് സേവിയർ മംഗലപ്പുഴ സെമ്മിനാരിക്കപ്പേളയിൽ വച്ച് എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിൽനിന്നു് മാർച്ച് 11 ാംനു- തികളാഴ്ചയും, കുന്നത്തു് ബ. ബ്രദർ മാത്യൂ, കോതമംഗലം മെത്രാൻ മൈററു് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമേനിയിൽ നിന്നു് മാർച്ച് 14-ാംനു- യും വൈദികപട്ടം സ്വീകരിച്ചിരിക്കുന്നു. ഈ നവവൈദികർ ഇരുവരും തങ്ങളുടെ സ്വന്തം ഇടവകയായ വാഴക്കുളം പള്ളിയിൽ മാർച്ച 16-ാംനു- ശനിയാഴ്ച നവപൂജ അർപ്പിച്ചു.

ചിററാട്ടുകര: സ്ഥലത്തെ സി. എഫ്. ആർട്ട്സ് ക്ലബ്ബിന്റെ ദ്വിതീയസാധാരണയോഗത്തോടനുബന്ധിച്ച് "ജീവിതം മുന്നേറുന്നു" എന്ന രാഷ്ട്രീയസംഗീതനാടകം സമിതിയുടെ സ്ഥിരം സംരക്ഷകൻ റവ. ഫാദർ ജോർജ്ജ് മാളിയേക്കൽ മാർച്ച 5-ാംനു- ചൊവ്വാഴ്ച രാത്രി 9 മണിക്കു ഉൽഘാടനം ചെയ്യുകയുണ്ടായി. സമിതിയുടെ 30 ഇനങ്ങൾ ഉൾക്കൊള്ളുന്ന നിയമാവലി അന്നുച്ചതിരിഞ്ഞ് 4 മണിക്കു കൂടിയ സാധാരണയോഗത്തിൽ വായിച്ചു പാസാക്കുകയുണ്ടായി.

ആദ്ധ്യാത്മികവീഥി

# ദൈവവിളി_കുടുംബം

ദൈവത്തിന്റെ വത്സലമക്കളേ

ഒരു കാലത്തു കേരളത്തിലെ എല്ലാ പ്രമുഖകുടുംബങ്ങളിൽനിന്നും ധാരാളം വൈദികരുണ്ടായിരുന്നു ഇന്നു അതിനു കുറെ മാററംവന്നിട്ടുണ്ട്. അതിനുള്ള കാരണം ആരായുന്നതു നന്നായിരിക്കും.

പല തലമുറകളായി വൈദികർ ഉണ്ടായിരുന്ന ഒരു കുടുംബത്തിലെ കാരണവരോട്, ഇപ്പോഴെന്താ കുട്ടികളാരേയും പട്ടത്തിനു പഠിക്കാൻ വിടാത്തതു് എന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി ഏതാണ്ടിപ്രകാരമായിരുന്നു: "ഞാൻ ഇവിടത്തെ പിള്ളേരോടൊക്കെ പറയുന്നുണ്ട്. പക്ഷേ ഒരുത്തനുപോലും മനസ്സില്ല. ഞാനെന്തു ചെയ്യുന്നു?"

"എന്താ മനസ്സില്ലാത്തതു്?"

"സിമ്മനാരീപ്പോയാൽ ഇവിടത്തെപ്പോലെ സുഖിച്ചു ജീവിക്കുവാനൊക്കുമോ? നേരം വെളുത്തു കട്ടിലേന്നു എഴുന്നേല്ക്കണമെങ്കിൽ ഒരു കോപ്പ കട്ടൻകാപ്പി കിട്ടണം. എന്തു പണിപ്പെട്ടാലാ ഒന്നു കുമ്പസാരിക്കാൻ പോകുന്നതു്? ഞങ്ങളുടെ ഒക്കെ ചെറുപ്പത്തിൽ വെറും തറയിൽ ഓറത്തഴപ്പായിൽ കിടന്നുറങ്ങാൻ ഒരു വിഷമവുമില്ലായിരുന്നു. പിള്ളേർക്കു കട്ടിലിൽ പട്ടുമെത്തയിൽ കിടന്നാലേ ഉറക്കം വരൂ ഭക്ഷണമാണെങ്കിലോ വളരെ വിശേഷതരങ്ങൾവേണം. കാലത്തു കഞ്ഞിയെന്നൊരേർപ്പാടില്ല. റൊട്ടിയും ജാമും ബട്ടറും മററും നിത്യവും വേണം. ഉച്ചയ്ക്കും വൈകിട്ടും ഇറച്ചിയും മീനും കൂടാതെ ഒരു നിവൃത്തിയുമില്ല. വളരെ വിഷമിച്ചാണു വെള്ളിയാഴ്ച കഴിച്ചുകൂട്ടുന്നതു് ഇറച്ചിയില്ലാത്തതുകൊണ്ട്.

"അങ്ങോട്ടോ ഇങ്ങോട്ടോ പോകണമെങ്കിൽ കാറുവേണം. നടക്കുന്നതു ബുദ്ധിമുട്ടാണ്. സിനിമയാണെങ്കിൽ ഒറെറണ്ണം ഉപേക്ഷിക്കയില്ല. ചുരുക്കിപ്പറഞ്ഞാൽ ഒരു ബുദ്ധിമുട്ടും ക്ലേശവും സഹിക്കാതെ സകലവിധലൗകികസന്തോഷവും അനുഭവിച്ചു കഴിക്കണമെന്നുള്ള ചിന്തയേ ഇപ്പോൾ അവർക്കുള്ളു. ഒരച്ചനാകാൻ പോയാൽ ഇതു വല്ലതും നടക്കുമോ?"

കാരണവർ പറഞ്ഞതു വളരെ വാസ്തവമാണ്. അല്പം ഭേദമായ കുടുംബങ്ങളിൽനിന്നു കുട്ടികൾ വൈദികരാകാൻ പോകാത്തതു് അവിടത്തെ സുഖലോലുപത്വം കൊണ്ടാണ്. ദൈവം പണം തന്നിട്ടുണ്ടെങ്കിൽ എന്തെല്ലാം നല്ല കാര്യങ്ങൾക്കായി ഉപയോഗിക്കാം. അതു അധികവും തിന്നുംകുടിച്ചും സുഖിക്കുന്നതിനു് ഉപയോഗിക്കണമെന്നുണ്ടോ? സ്വകുടുംബത്തിൽനിന്നു വൈദികരുണ്ടാകാൻ ആഗ്രഹിക്കുന്നവർ ലളിതജീവിതം നയിക്കുന്നതിനും കുട്ടികളെക്കൊണ്ടും അതു നയിപ്പിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവ്.

## ചരമവാർത്തകൾ

കറുകുററി: ചിറയ്ക്കൽ അയിരുക്കാരൻ വക്കി കുഞ്ഞുവറീസ്സ് 45-ാമത്തെ വയസ്സിൽ മാർച്ച് 7-ാംനു- വ്യാഴാഴ്ച വൈകുന്നേരം 6 മണിക്കു കർത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം വെള്ളിയാഴ്ച റവ. ഫാദർ തോമസ് മൂഞ്ഞേലി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരം നടത്തപ്പെട്ടു. പരേതന്റെ വീട്ടിൽവച്ചു ഒരു ചരമപ്രസംഗവും ഉണ്ടായിരുന്നു.

പള്ളിപ്പുറം: സ്ഥലം ഫൊ: പള്ളി ഇടവക കല്ലറക്കൽകടവിൽ ശ്രീ തര്യച്ചന്റെ പ്രഥമപുത്രൻ

ശ്രീ തയ്യിൽ ജോർജ്ജ് (പാപ്പച്ചൻ) 52-ാമത്തെ വയസ്സിൽ മാർച്ച 7-ാംനു- വ്യാഴാഴ്ച രാവിലെ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മൃതദേഹം പരേതന്റെ പിതൃസഹോദരപുത്രൻ റവ. ഫാദർ ഓസ്‌വോൾഡ് ടി ഒ സി ഡി യുടെ പ്രധാനകാർമ്മികത്വത്തിൽ സ്ഥലം ഫൊ. പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു റവ. ഫാദർ ജോസഫ് മേപ്രകരോട്ട് പി എച്ച് ഡി ചരമപ്രഭാഷണം നടത്തി.

ഭരണങ്ങാനം: സ്ഥലത്തെ പഴമറ്റുടിപ്പാറ ചാക്കൊ ചാക്കൊ (കുഞ്ഞ്) മാർച്ച് 7-ാംനു- രാത്രി 11 മണിക്ക് 56-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചു. പരേതന്റെ മാതൃസഹോദരീപുത്രൻ റവ ഫാദർ ഫ്രാൻസിസ് വടക്കേൽ അവർകൾ അന്ത്യശുശ്രൂഷകൾ നിർവ്വഹിച്ചു. ശവസംസ്കാരം പിറേറദിവസം നാലുമണിക്ക് എസ് ബി കോളെജ് പ്രിൻസിപ്പാൾ റവ ഫാദർ പി സി മാത്യൂ എം എ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും പല ബ: വൈദികരുടേയും ഒരു വലിയ ജനക്കൂട്ടത്തിന്റേയും സാന്നിദ്ധ്യത്തിലും ഭരണങ്ങാനം സിമിത്തേരിചാപ്പലിൽ യഥാവിധി നടത്തപ്പെട്ടു.

R. I. P.

# തിരസ്കരണികളിൽ

(റവ. ഫാദർ ജേക്കബ് മാഞ്ഞൂരാൻ ബി. എ.)

(തുടർച്ച)

## ഹങ്കറി

ഇംഗ്ലണ്ട്, ഫ്രാൻസ്, അമേരിക്ക എന്നീ രാജ്യങ്ങളെ സോവിയററു റഷ്യാ സാമ്രാജ്യക്കൊതിയന്മാരായി ലോകത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കുവാൻ വെമ്പൽ കൊള്ളുന്നുണ്ട്. എന്നാൽ റഷ്യയോളം കോളനികളുള്ള ഒരു സാമ്രാജ്യശക്തി ചരിത്രത്തിൽ ഉണ്ടായിട്ടില്ല. അവരുടെ കോളനിരൂപീകരണം അക്രമപരവും ഭദ്രവുമായിരുന്നു. ഹങ്കറിയിൽ എല്ലാ കുട്ടികളേയും റഷ്യൻഭാഷ പഠിപ്പിക്കുന്നു. റോഡുകളിലുള്ള പരസ്യപ്പലകകൾകൂടി റഷ്യൻഭാഷയിലാണ്. ഇങ്ങനെ ഹങ്കറി മുഴുവൻ റഷ്യൻമയമാണ്.

മതത്തിന്റെ കാര്യത്തിലും ഇതേ സമ്മർദ്ദനയംതന്നെയാണ് എല്ലാ ഉപഗ്രഹരാജ്യങ്ങളിലും റഷ്യ ഉപയോഗിക്കുന്നതു്. യുദ്ധാനന്തരം ഹങ്കറിയിൽ റഷ്യൻ ഓർത്തഡോക്സ്സഭയെ പ്രചരിപ്പിക്കുവാനാണ് റഷ്യ തീവ്രയത്നം ചെയ്യുന്നതു്. ഹങ്കറിയിലെ ജനങ്ങളിൽ 70 ശതമാനം കത്തോലിക്കരും 25 ശതമാനം പ്രോട്ടസ്റ്റൻറുകാരും ബാക്കിയുള്ളവർ മററു പാശ്ചാത്യസഭകളിൽപെട്ടവരുമാണ്. ഹങ്കറിയിലെ ജനങ്ങളുടെമേൽ റഷ്യൻ ഓർത്തഡോക്സ്സഭയെ തള്ളിഏല്പിക്കുവാനുള്ള റഷ്യയുടെ പരിശ്രമം ഭീമപരാജയത്തിൽ കലാശിച്ചു ഹങ്കേറിയൻജനത ഒററക്കെട്ടായിനിന്നു റഷ്യയുടെ ഈ സമ്മർദ്ദനയത്തെ എതിർത്തു ചുരുക്കം ചില കമ്മ്യൂണിസ്റ്റ്കാരൊഴികെ ആരും അതിനു പങ്കുനിന്നില്ല.

ഈ പരിശ്രമം പരാജയപ്പെട്ടപ്പോൾ സോവിയററുകൾ ക്രിസ്തുമതത്തിനുനേരെ ഉടനടി ഒരു മർദ്ദനനയം ആരംഭിച്ചു. ഈ മർദ്ദനത്തിന്റെ മുന്നോടിയായി പ്രത്യക്ഷപ്പെട്ടതു് കമ്മ്യൂണിസ്റ്റ്കാരുടെ കുപ്രസിദ്ധമായ "സമാധാനപ്രസ്ഥാന"മാണ്. കത്തോലിക്കാവൈദികർ, പ്രോട്ടസ്റ്റണ്ടു മിനിസ്റ്റേഴ്സ്, മററു സഭക്കാരുടെ റബിമാർ എന്നിവരുടെ ഇടയിൽ സമാധാനപ്രസ്ഥാനം പ്രചരിപ്പിക്കുവാൻ റഷ്യാ എല്ലാ തന്ത്രോപാധികളും ഉപയോഗിച്ചു. ആരംഭഘട്ടത്തിൽ ഈ പ്രസ്ഥാനത്തിനു ഒട്ടുംതന്നെ വിജയം സിദ്ധിച്ചില്ല. പക്ഷെ പത്തുകൊല്ലം റഷ്യൻ കിങ്കരന്മാർ അനുസ്യൂതം രാപകൽ പണിയെടുത്തതിന്റെ ഫലമായി ഇപ്പോൾ ഈ പ്രസ്ഥാനത്തിനു കുറേക്കൂടി ശക്തിലഭിച്ചിട്ടുണ്ട്.

ഈ പ്രസ്ഥാനത്തിനു കുറേയേറെ ശക്തികിട്ടിയതോടെ ക്രിസ്തുമതത്തിന്റെ നേർക്കു പരസ്യമായ മർദ്ദനം കമ്മ്യൂണിസ്റ്റ്കാർ ആരംഭിച്ചു. സന്യാസസഭകളേയും സ്കൂളുകളേയും അവർ നശിപ്പിച്ചുതുടങ്ങി. വെറും പ്രചരണോദ്ദേശ്യത്തിനായി ഹങ്കറിയിലെ നാലു കത്തോലിക്കാസെമ്മിനാരികൾമാത്രം തുടർന്നുകൊണ്ടുപോകുവാൻ കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടു അനുവദിച്ചു ഇതുപോലെയുള്ള മറെറല്ലാ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ അവർ ഓരോന്നായി നിർത്തൽചെയ്തു. 1000 കൊല്ലത്തെ പഴക്കമുള്ള ഹങ്കറിയിലെ ബെനഡിക്ടൻ സന്യാസികളുടെ "ബോക്കോൺബെൽ" ആശ്രമം കമ്മ്യൂണിസ്റ്റ് നേതാക്കളുടെ കുട്ടികളെ പഠിപ്പിക്കുവാനുള്ള ഒരു സ്കൂളായി കമ്മ്യൂണിസ്റ്റുകാർ രൂപാന്തരപ്പെടുത്തി. "സിർക്കി"ലെ 800 കൊല്ലം പഴക്കമുള്ള ഒരു സന്യാസാശ്രമം കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ ഒരു പരിശീലനകേന്ദ്രമാക്കി മാററുകയുണ്ടായി. ഈ നിർഭാഗ്യം മററു വളരെയധികം സ്ഥാപനങ്ങൾക്കും സംഭവിച്ചു.

വൈദികരാകുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർക്കു വൈദികപഠനം നടത്തുവാനും വൈദികപട്ടം സ്വീകരിക്കുവാനും ഒരുവിധത്തിലും സാദ്ധ്യമല്ലാത്തഘട്ടത്തിലായി ഹങ്കറിയിലെ പരിതസ്ഥിതികൾ. തിരുസഭയുടെ ധീരനേതാക്കന്മാരാകുവാൻ പററിയ സമർത്ഥന്മാരാ

(ശേഷം 5-ാം പേജിൽ)

### തിരുത്ത്

മാർച്ച് 13-ാം തീയതിയിലെ 30-ാം ലക്കം സത്യദീപത്തിൽ 8-ാം പേജ് 2-ാം കോളം "മൂന്നാം ചരമവാർഷികം" പരേതനായ ശ്രീ തൊമ്മൻ ജോസഫ് വണ്ടനാക്കര, എന്നതു് "വാഴക്കുളം" എന്നുകൂടി ചേർത്ത് വായിപ്പാറാകണം.



# ഇംഗ്ലണ്ടിലെ നാഷനൽ യൂത്ത് എംപ്ലോയ്മെൻറ് കൗൺസിൽ

(ജോൺ വാറംട്ടൻ)

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സ്കൂൾവിട്ട് പുറത്തിറങ്ങിയ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും എളുപ്പത്തിൽ ജോലി കണ്ടുപിടിക്കാൻ കഴിഞ്ഞു. അവരെ ക്ഷണിക്കുകയും പുതുതായി ആസൂത്രണം ചെയ്ത ക്ഷേമപരിശീലനപദ്ധതികൾക്ക് വിധേയരാക്കുകയും ചെയ്യാൻ തൊഴിലുടമകൾ മത്സരിച്ചിരുന്നു. ആവശ്യത്തിനുമാത്രം ആളുകൾ ലഭ്യമല്ലായിരുന്നതുകൊണ്ട് ചെറുപ്പക്കാരായ ഈ തൊഴിലാളികളുടെ കൂലി മുതിർന്നവരുടേതിനെക്കാൾ താരതമ്യേന ഉയർന്ന തോതിലാണ് ഉയർന്നത്.

എന്നാൽ യുദ്ധാനന്തരമുണ്ടായിട്ടുള്ള വർദ്ധിച്ച ജനനനിരക്ക് അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വ്യവസായങ്ങളിൽ പ്രതിഫലിച്ചു തുടങ്ങും. 1962-ൽ 1956-ലെ 6,13,000-ത്തിനെതിരായി 9,30,000 പതിനഞ്ചുകാരായ ചെറുപ്പക്കാർ സ്കൂൾവിട്ട ജോലിയന്വേഷിച്ചിറങ്ങാനിടയുണ്ട്. അന്ന് ഇവർക്കെല്ലാവർക്കും തൊഴിൽ കിട്ടത്തക്കവണ്ണം ജോലികളുണ്ടായിരിക്കുമോ?

ട്രേഡ് യൂണിയൻ പ്രവർത്തകരുടേയും തൊഴിലുടമകളുടേയും വിദ്യാഭ്യാസപ്രവർത്തകരുടേയും തല്പരരായ മററു വ്യക്തികളുടെയും ഒരു സംഘം ഈ വിഷയത്തെക്കുറിച്ചു പഠനം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. മുതിർന്നവരുടെയിടയിൽ വ്യാപകമായ തൊഴിലില്ലായ്മ ബാധിക്കാത്തപക്ഷം അടുത്ത ആറുവർഷക്കാലത്ത് ഇപ്പോഴുള്ളതിനെക്കാൾ കൂടുതൽ ചെറുപ്പക്കാർ ജോലിയില്ലാത്തവരായി ഉണ്ടായിരിക്കയില്ലെന്നാണ് "നാഷണൽ യൂത്ത് എംപ്ലോയ്മെൻറ് കൗൺസിൽ" എന്ന പ്രസ്തുത സംഘം തൊഴിൽവകുപ്പു മന്ത്രിക്കു സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. 1950-നുശേഷമുള്ള അഞ്ചുവർഷങ്ങൾക്കിടയിൽ ജോലിയില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം ഒരിക്കൽമാത്രമേ 20000-ൽ തൊട്ടുള്ളൂ. അന്ന് 80,000 ഒഴിവുകളുണ്ടായിരുന്നു.

ഭാവിയിൽ ജോലി കണ്ടുപിടിക്കുന്നതിന് അല്ലെങ്കിൽ മാറുന്നതിനു കൂടുതൽ സമയം വേണ്ടിവരുമെന്നും അംഗഹീനർക്കും അംഗവൈകല്യമുള്ളവർക്കും വേല കണ്ടുപിടിക്കാൻ വിഷമമായിത്തീരുമെന്നുമാണ് കൗൺസിൽ അഭിപ്രായപ്പെടുന്നത്.

എന്തെങ്കിലും വിദഗ്ദ്ധമായ ഒരു തൊഴിൽ പഠിക്കാൻ കൂടുതൽ സന്ദർഭങ്ങളുണ്ടാക്കുകയെന്നതാണ് ഇപ്പോഴത്തെ പ്രത്യേകാവശ്യം. വ്യവസായത്തിലേക്കു കൂടുതൽ ചെറുപ്പക്കാരെ ആകർഷിക്കുവാൻ കഴിയത്തക്കവണ്ണം "അപ്പരൻറിസ്ഷിപ്പ്"കളും മററു പരിശീലനസൗകര്യങ്ങളും വർദ്ധിപ്പിക്കണം. ഏതെങ്കിലുമൊരു തൊഴിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിലേക്കു വേണ്ട സൗകര്യം ലഭിക്കണം. ഒരു വിദഗ്ദ്ധതൊഴിലാളിസേനയെ സൃഷ്ടിക്കാൻ വ്യവസായത്തിനു ലഭിക്കുന്ന ഒരു അതുല്യസന്ദർഭമാണ് അടുത്ത ഏതാനും വർഷങ്ങളെന്നു കൗൺസിൽ ചൂണ്ടിക്കാണിക്കുന്നു. ഈ സന്ദർഭം വീണ്ടും ആവർത്തിക്കുമോ എന്നു കൗൺസിൽ ആശങ്കപ്രദർശിപ്പിക്കുകയാണ്.

ബ്രിട്ടനിൽ "അപ്പരൻറിസ്ഷിപ്പ്" സമ്പ്രദായം, മുമ്പെന്നും ഇന്നത്തെപ്പോലെ ഊർജ്ജിതത്തിലിരുന്നിട്ടില്ലെന്നതു ശരിയാണ്. എങ്കിലും പരിശീലനസൗകര്യങ്ങൾ ഇനിയും വർദ്ധിപ്പിക്കണമെന്നാണ് തങ്ങളുടെ അഭിപ്രായമെന്നു കൗൺസിൽ പ്രസ്താവിക്കുന്നു. മദ്ധ്യകാലങ്ങളിലാരംഭിച്ച ഈ ഏർപ്പാട് കാലത്തിനനുസരിച്ചു പരിഷ്കരിക്കപ്പെട്ടിരിക്കുന്നു. ഇന്നു ഏതാണ്ട് നൂറോളം വ്യവസായങ്ങളാണു അപ്പരൻറിസ്ഷിപ്പോ പരിശീലനപദ്ധതികളോ ഏർപ്പെടുത്തിയിരിക്കുന്നത്.

സ്കൂളിൽനിന്നു പുറത്തുവരുന്ന ആൺകുട്ടികളിൽ മൂന്നിനു് ഒരാൾ എന്ന കണക്കിനു് തൊഴിലോ കൈവേലയോ പഠിക്കാൻ പോകുന്നുണ്ട്. പെൺകുട്ടികളുടെ ഇടയിലെ അനുപാതം താരതമ്യേന ചെറുതാണ്. പത്തിനു് ഒന്നു വീതമാണ് അവരുടെ എണ്ണം. എങ്കിലും, ആൺകുട്ടിക്കാകട്ടെ പെൺകുട്ടിക്കാകട്ടെ, രണ്ടാംലോകമഹായുദ്ധത്തിനു മുമ്പുണ്ടായിരുന്നതിനെക്കാൾ നല്ല പരിശീലനം ഇന്നു പ്രതീക്ഷിക്കാവുന്നതാണ്.

നാഷനൽ യൂത്തു് എംപ്ലോയ്മെൻറ് കൗൺസിലിൻെറ ഒടുവിലത്തെ റിപ്പോർട്ടിൽ ചെറുപ്പക്കാരുടെയിടയിലെ തൊഴിൽസമ്പാദനപ്രവണതയും സൗകര്യങ്ങളും മാത്രമല്ല ചർച്ചചെയ്തിട്ടുള്ളതു്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ യൂത്തു് എംപ്ലോയ്മെൻറ് സർവീസ് എങ്ങനെ വളർന്നുവികസിച്ചു എന്നു കൂടി അതിൽ പറയുന്നുണ്ട്. ഈ കാലഘട്ടത്തിൽ സ്കൂൾവിട്ട പുറത്തുവന്ന 14,80,000 പേർക്ക് തൊഴിലിനെക്കുറിച്ചു ഉപദേശം നൽകാനും 13,42,000 പേർക്ക് ജോലി കണ്ടുപിടിച്ചുകൊടുക്കാനും സർവീസിനു കഴിഞ്ഞിട്ടുണ്ട്.

ഈ സർവീസിൻെറ മേൽനോട്ടം യൂത്തു് എംപ്ലോയ്മെൻറ് കമ്മിററികൾക്കാണ്. കമ്മിററിയിൽ അതാതിടങ്ങളിൽ താമസിക്കുന്ന ആളുകൾക്കും വ്യവസായങ്ങൾക്കും വ്യാപകമായ പ്രാതിനിധ്യം നൽകിയിരിക്കുന്നു. തൊഴിൽവകുപ്പിൻെറയും വിദ്യാഭ്യാസാധികാരികളുടെയും സഹായത്താലാണ് ഇതു നടത്തപ്പെടുന്നത്. വിദ്യാഭ്യാസാധികാരികൾതന്നെ 800-ൽപരം യൂത്തു് എംപ്ലോയ്മെൻറ് ഓഫീസറന്മാരെ ജോലിക്കു വച്ചിട്ടുണ്ട്. ഇതിനു പുറമേ ചെറുപ്പക്കാർക്ക് ജോലി കണ്ടുപിടിക്കുന്നതിൽ തൊഴിൽവകുപ്പും ഏർപ്പെട്ടിരിക്കുന്നു.

1948-ൽ എംപ്ലോയ്മെൻറ് ആൻറ് ട്രെയിനിങ്ങ് ആക്ടനുസരിച്ച് ഈ സർവീസ് രൂപവൽക്കരിക്കപ്പെട്ടശേഷം അതിൻെറ നിലയും പ്രാധാന്യവും വളരെ വർദ്ധിച്ചിട്ടുണ്ട്. തൊഴിലുടമകളും അദ്ധ്യാപകന്മാരും ചെറുപ്പക്കാരും മാതാപിതാക്കന്മാരും ഇന്ന് അതിൻെറ പ്രാധാന്യം മനസ്സിലാക്കുന്നു. ശരിയായ ജോലിയിൽ പ്രവേശിക്കാൻ, വിദ്യാലയത്തിൽ നിന്നു പുറത്തുവരുന്ന "പതിനഞ്ചു"കാർക്കു മാത്രമല്ല സർവീസു് പ്രയോജനപ്പെടുന്നതു്. സ്കൂളിൽ തുടന്നു പഠിച്ചുകൊണ്ടിരിക്കുന്നവരിലേക്കും അതിൻെറ പ്രവർത്തനം കടന്നുചെല്ലുന്നുണ്ട്. 16, 17, 18 വയസ്സുകളിൽ പുറത്തുവരുന്ന ഗ്രാമർ, ടെക്നിക്കൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെയിടയിലും ഇതിൻെറ പ്രാധാന്യം അംഗീകരിച്ചുവരുന്നതായി നാഷനൽ എംപ്ലോയ്മെൻറ് കൗൺസിൽ ചൂണ്ടിക്കാട്ടുന്നു.

ജോലികളെപ്പററിയുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ ഒരു പ്രത്യേക ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്. ഇതു് യൂത്തു് എംപ്ലോയ്മെൻറ് ആഫീസർക്കു വലിയ സഹായമാണ്. ജോലിക്കുവരുന്ന ചെറുപ്പക്കാരെ, തങ്ങൾ ഏതു ജോലിയിലാണ് പ്രവേശിക്കേണ്ടതെന്നു തീരുമാനിക്കുന്നതിനു സഹായിക്കാൻവേണ്ടി 66 ജോലികളെക്കുറിച്ചു ലഘുലേഖകൾ തയാറാക്കിയിരിക്കുന്നു. ഇതിനു പുറമേ ജോലിസ്ഥലം സന്ദർശിക്കാനും സംഭാഷണങ്ങൾ നടത്താനും ഫിലിമുകൾ കാണാനും അവർക്കു ഏർപ്പാടുചെയ്തു കൊടുത്തിട്ടുണ്ട്.

ജോലി ലഭിച്ചുകഴിഞ്ഞ് ഒന്നോ രണ്ടോ മാസങ്ങൾ കഴിയുമ്പോൾ ഒരു ദിവസം വൈകുന്നേരം അവരെ ക്ഷണിച്ച് പുതിയ ജോലി എങ്ങനെയിരിക്കുന്നുവെന്നു സർവീസ് അന്വേഷണം നടത്തുന്നു. വീണ്ടും സഹായം വേണമെന്നുണ്ടെങ്കിൽ ഈ ജോലിക്കാരൻെറമേൽ എംപ്ലോയ്മെൻറ് ആഫീസർ ശ്രദ്ധചെലുത്തുന്നതായിരിക്കും. അങ്ങനെ 16 വയസ്സിനുമുമ്പു് ശരിയായ ഒരു തൊഴിലിൽ പ്രവേശിക്കാൻ യൂത്തു് എംപ്ലോയ്മെൻറ് സർവീസ് ഇംഗ്ലണ്ടിലെ ചെറുപ്പക്കാരെ സഹായിക്കുന്നു


## പരസ്യം

ഇവിടെ സത്യദീപത്തിൻെറ ഏജൻസി ഉള്ളതുകൊണ്ട് ആവശ്യപ്പെട്ടാൽ സമീപസ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നതായിരിക്കും.

കണ്ടിരിക്കൽ സ്റ്റോഴ്സ്
മടക്കത്താനം, തൊടുപുഴ.



തെററിദ്ധാരണ വേണ്ട
സാക്ഷാൽ
'കാളൻ'

സോപ്പ് ഉണ്ടാക്കുകയോ വില്ക്കുകയോ ചെയ്യുന്നില്ല. നെല്ലായിൽ നിന്നു് പുറപ്പെടുന്ന ചില സോപ്പുകളുടെ പെട്ടികളിൽ അടക്കം ചെയ്തിരിക്കുന്ന അനുകരണപ്പരസ്യങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ

സാക്ഷാൽ
കാളൻ
വക 3 സിദ്ധൌഷധങ്ങൾ
നിംബാസവം
ദ്രാക്ഷാഘൃതം
ശാരിബാതൈലം


എന്നിവയാണെന്നുള്ള വിവരം ഓർമ്മയിൽ വെക്കുന്നതു് നന്നായിരിക്കും.

N. B. കൂടുതൽവിവരങ്ങൾ സൗജന്യമായി ലഭിക്കുന്ന "കാളൻസ് ലഘുലേഖ"യിൽ നിന്നറിയാവുന്നതാണ്.

കാളൻ,
നെല്ലായി (S. India)




ഡൽഹിയിൽ നടന്ന വാർഷികപുഷ്പപ്രദർശനത്തിൽ പ്രസിഡണ്ടിൻെറ ചലഞ്ചുകപ്പു ലഭിച്ചതു് ഇംഗ്ലണ്ടിലെ നാഷനൽ ഫാർമേഴ്സ് യൂണിയൻെറ വക പ്രദർശനത്തിനായിരുന്നു. ചലഞ്ചുകപ്പ ഡൽഹിയിലെ ബ്രിട്ടിഷ് ഹൈക്കമ്മിഷണരാഫീസിൽ സൂക്ഷിക്കുന്നതാണ്. ചലഞ്ചുകപ്പിൻെറ ഒരു ചെറിയ മാതൃക ഫാർമേഴ്സ് യൂണിയൻ പ്രസിഡണ്ടു് സർ ജയിംസ് ടേർണർക്ക് ലണ്ടനിലെ ഇൻഡ്യാ ഹൗസിൽവെച്ചു ശ്രീമതി വിജയലക്ഷ്മി പണ്ഡിററു് നൽകുന്നതാണ് ചിത്രം.



ഇംഗ്ലണ്ടിലെ പിൽഗ്രിംസ് സൊസൈററി ബ്രിട്ടനിലെ ഉദ്യോഗമൊഴിഞ്ഞുപോകുന്ന അമേരിക്കൻ സ്ഥാനപതി മി. അൽഡ്റിച്ചിൻെറ ബഹുമാനാർത്ഥം ഒരു ഡിന്നർ കഴിക്കുകയുണ്ടായി. മി. അൽഡ്റിച്ച്, ഹാലിഫാക്സ് (ഇർവിൻ) പ്രഭു, പ്രധാനമന്ത്രി മി. ഹാരോൾഡ് മാക്മില്ലൻ എന്നിവരെ ചിത്രത്തിൽ കാണാം.




പാവപ്പെട്ട ഹംഗറിയുടെമേൽ റഷ്യൻകരടി പാഞ്ഞുകയറുന്നു.
(കാർട്ടൂണിസ്റ്റ് ഹെർബ്ലോക്കിൻെറ ഒരു ഹാസ്യചിത്രം.)




ആഖ്യായിക




അദ്ധ്യായം 22 (തുടർച്ച)

## വേറൊരു തടവുകാരൻ

(വി. സി. ജോർജ്ജ് ബി. എ. എൽ. റ്റി.)

അഞ്ചുദിവസം മുമ്പാകട്ടെ നസ്രായൻ ഈശോ ഒരു മഹാസംഘം അനുയായികളോടുകൂടി ഒരു ദിഗ്വിജേതാവിൻെറ നിലയിൽ ജറുശലേമിൽ പ്രവേശിച്ചതാണ്. അദ്ദേഹത്തിൻെറ അനുയായിവർഗ്ഗം എവിടെ? "ദാവീദിൻ പുത്രന് ഓശാനാ" എന്നാർത്തുവിളിച്ച അനേകായിരങ്ങൾ എവിടെ? ഏകാകിയായി, സഹചാരികളാൽ പരിത്യക്തനായി, ബദ്ധവൈരികളുടെ കൈയിൽപെട്ട്, നിന്ദിതനും, ശപ്തനുമായി, കൈയും കാലും ബന്ധിച്ച്, ആ "പ്രവാചകൻ" ഇതാ നഗരത്തിലേക്ക് ദൈന്യത്തിൻേറയും മാനുഷികദൗർബല്യത്തിൻേറയും പ്രതീകമായി ആനയിക്കപ്പെടുന്നു.

സ്വന്തം രക്തധമനികളിൽക്കൂടി കട്ടിയായ ശീതപ്രവാഹം ഉണ്ടായതായി എസ്രായ്ക്കുതോന്നി. അപ്പോൾ ഈ മനുഷ്യൻ വലിയ ജാലവിദ്യക്കാരനോ അത്ഭുതപ്രവർത്തകനോ അല്ല. ആയിരുന്നെങ്കിൽ ശത്രുക്കളുടെ കൈയിൽ അകപ്പെടുവാനിടയാകുകയില്ലായിരുന്നു. അതെ, അദ്ദേഹം പ്രവാചകനുമല്ല, രക്ഷകനും, മിശിഹായും ഒന്നുമല്ല, അദ്ദേഹത്തിൻെറ വാക്കുകൾക്ക് ഒരടിമയുടെ വാക്കുകൾക്കുള്ളതിൽക്കവിഞ്ഞ ശക്തിയുമില്ല. നൈരാശ്യം എസ്രായുടെ ഹൃത്തടത്തിൽ തുളഞ്ഞുകയറി. ഇടികളും ചമ്മട്ടിയടികളും സ്വന്തം ദേഹത്തു പതിക്കുന്നതുപോലെ എസ്രായ്ക്കനുഭവപ്പെട്ടു. എന്തെന്നില്ലാതിരുന്ന ക്ഷീണാധിക്യത്തിനധീനനായ എസ്രാ സ്വല്പംനേരം ഒരു സൈത്തുവൃക്ഷത്തിന്മേൽ ചാരിനിന്ന് നിലംപതിക്കാതെ കഴിച്ചു. നസ്രത്തിലെ മനുഷ്യൻെറ പേരിൽ വെറുപ്പോടനുരൂപപ്പെട്ട ഒരു വികാരം എസ്രായിൽ ജാതമായി. ബറാബാസിൻെറ മോചനത്തിനുവേണ്ടി ഈ ആളെ സമീപിക്കണമെന്നുള്ള വ്യാമോഹം ഏതാനും ദിവസക്കാലത്തേക്കു തനിക്കുണ്ടായിരുന്നതിനെപ്പററി എസ്രായ്ക്കു പശ്ചാത്താപംതോന്നി. ബറാബാസിൻെറ മോചനത്തിനുള്ള വഴി ഉററുശ്രമിച്ചാൽ തനിക്കുതന്നെ കാണുവാൻ കഴിയുമായിരുന്നു. കഷ്ടം! ബറാബാസ് ജയിലിൽക്കിടന്നു നരകിക്കുകയിൽ താൻ ദിവസങ്ങൾ പലതു്, വിലയേറിയദിവസങ്ങൾ, ഫലശൂന്യമായി കളഞ്ഞല്ലോ എന്നിങ്ങനെ എസ്രാ ചിന്തിച്ചു.

ആ ദുരിതയാത്ര കടന്നുപോയി. പാലത്തിനടുത്തായപ്പോൾ ഏതാനുമാളുകൾ സാശങ്കം അതിനെ അനുഗമിക്കുന്നുണ്ടെന്നു എസ്രായ്ക്കു തോന്നി. ഒരുപക്ഷെ ഇവർ നസ്രായൻെറ ശിഷ്യരോ സ്നേഹിതരോ ആയിരുന്നിരിക്കാം. ശിഷ്യരും സ്നേഹിതരുമെങ്കിൽ അവർ ഗുരുവിനെ ശത്രുബാധയിൽനിന്നെന്തുകൊണ്ടു് രക്ഷിച്ചില്ലാ? ഈശോയെ ബന്ധിക്കുവാൻ പുരോഹിതന്മാർ അയച്ച ഭീരുസംഘത്തെ ഓടിച്ചുകളയുവാൻ വളരെയധികമാളുകൾ വേണ്ടിയിരുന്നില്ല. തന്നെ അനുഗമിക്കുവാൻ ആയിരക്കണക്കിനു്, അല്ലാ പതിനായിരക്കണക്കിനാളുകൾ ഉണ്ടായിരുന്നിട്ടും ആ സാഹചര്യങ്ങളെ ഉപയോഗപ്രദമാക്കുവാൻ കഴിവില്ലാതിരുന്ന ആ പ്രവാചകനിലുള്ള അവരുടെ വിശ്വാസം അവസാനിച്ചിരിക്കുമോ?

താൻ എന്തു ചെയ്യുന്നുവെന്നു ചിന്തിക്കാതെ എസ്രായും പന്തംകൊളുത്തിനടത്തിയ ആ പ്രദക്ഷിണത്തെ കുറെ ദൂരെയായി അനുഗമിച്ചു. അതു് ഗവർണ്ണരുടെ കൊട്ടാരംകടന്നു് മുന്നോട്ടുനീങ്ങി. ദേവാലയസേവകർ കൊട്ടാരപരിസരങ്ങളിൽ വലിയ ശബ്ദമുണ്ടാക്കാതിരിക്കുവാൻ ശ്രദ്ധാലുക്കളായിരുന്നു. അവിടംകഴിഞ്ഞു്, യാത്രയുടെ നേതാവു് നഥാനിയേൽ റാബി ഇടതുവശത്തേക്കു തിരിഞ്ഞു. വിസ്മയഭരിതനായി ക്ഷണനേരത്തേക്ക് എസ്രാ വിചാരിച്ചു, അവർ തടവുകാരനെ ദേവാലയത്തിങ്കലേക്കു നയിക്കുകയാണെന്നു്. ഉടൻതന്നെ സ്വന്തം പ്രമാദം അയാൾ മനസ്സിലാക്കി. പഴയ മതിൽക്കെട്ടുകൾകടന്നു് യാത്ര വീണ്ടും വലത്തേക്കുതിരിഞ്ഞു നഗരത്തിൻെറ ഉത്തരഭാഗത്തെത്തി. തെരുവുകളിൽനിന്നും ഉപവീഥികളിൽനിന്നും വന്നെത്തിയ ഒട്ടുവളരെയാളുകൾ യാത്ര പ്രതീക്ഷിച്ച് അവിടെ നില്ക്കുന്നുണ്ടായിരുന്നു. അവർ യാത്രയിൽ ചേർന്നു്, ഉന്നതാചാര്യൻെറ മന്ദിരത്തിനുമുമ്പിൽ യാത്ര അവസാനിക്കുന്നതുവരെ അതിൽ തുടർന്നു. മന്ദിരവാതിലുകൾ തുറന്നുകിടന്നു. അകത്തു ശാലകളെല്ലാം ദീപങ്ങളാൽ പ്രശോഭിതമാകുകയും ചെയ്തു. തടവുകാരൻെറ പ്രദാനം നടക്കുമെന്നു് അവിടെ പ്രതീക്ഷയുണ്ടായിരുന്നു.

എസ്രാ മററാളുകളുടെ കൂട്ടത്തിൽ വാതിൽകടന്നു് മന്ദിരത്തിലെ വിസ്തൃതമായ സ്വീകരണശാലയിൽ പ്രവേശിച്ചു. ഉന്നതാചാര്യൻ അവിടെ സന്നിഹിതനായി. അല്പസമയം ആവേശപൂർവ്വം റാബി നാഥാനിയേലുമായി സംഭാഷണത്തിലേപ്പെട്ടു. അനന്തരം തടവുകാരൻ അദ്ദേഹത്തിൻെറ സമക്ഷം നീതനായി. തടവുകാരനെ അദ്ദേഹം ഏതാനും നിമിഷം നിശ്ശബ്ദം നോക്കിക്കൊണ്ടിരുന്നു. അവജ്ഞാങ്കിതമായ വിജയദ്യുതി ഉന്നതാചാര്യൻെറ മുഖത്തു് എസ്രാ കണ്ടു. അന്നാസ് തടവുകാരനോടേതോ സംസാരിക്കുന്നതും എസ്രാ കണ്ടു. പക്ഷെ യാതൊന്നും കേൾക്കുവാൻ അയാൾക്കു കഴിയാത്തവിധം സംസാരം അത്ര താണസ്വരത്തിലായിരുന്നു. എങ്കിലും നസ്രായൻ ഈശോ നൽകിയ ഉത്തരം എസ്രായ്ക്കു കേൾക്കുവാൻ സാധിച്ചു. ആ വിസ്തൃതശാലയുടെ വിവിധഭാഗങ്ങളിൽ അതു മുഴങ്ങുകതന്നെചെയ്തു: "ഞാൻ ലോകസമക്ഷം പരസ്യമായി പ്രസ്താവിച്ചു. യഹൂദന്മാർ ധാരാളം സമ്മേളിക്കാറുള്ള സിനഗോഗിലും ദേവാലയത്തിലും ഞാൻ ഉപദേശിച്ചു; രഹസ്യത്തിൽ ഞാൻ ഒന്നും പറയുകയുണ്ടായിട്ടില്ല. പിന്നെന്തിനു് താങ്കൾ എന്നോടു ചോദിക്കുന്നു? ഞാൻ അവരോടു പറഞ്ഞതെന്തെന്നു് എന്നെ കേട്ടവരോടു ചോദിക്കുക."

പരിപൂർണ്ണനിശ്ശബ്ദതയുടെ ഏതാനും നിമിഷങ്ങൾ കടന്നുപോയി. ആ വാക്കുകൾക്കെന്നതിലധികം അവ ഉച്ചരിച്ച സുവ്യക്തമോഹനവദനത്തിനു നൽകപ്പെട്ടു മനസ്സറിയാത്ത ഒരുപഹാരം. അനന്തരം ദേവാലയകാവൽക്കാരിലൊരുവൻ തടവുകാരനെ സമീപിച്ച് അദ്ദേഹത്തിൻെറ മുഖത്തടിച്ചുകൊണ്ടലറി: "ഇപ്രകാരമോ നീ ഉന്നതാചാര്യനോടു മറുപടി പറയുന്നതു്?"

വേദനിക്കുന്ന മുഖം അയാളുടെ നേരെ തിരിച്ചിട്ട് സമാധാനം നൽകി: "ഞാൻ തെററു പറഞ്ഞുവെങ്കിൽ അതെന്താണെന്നു തെളിയിക്കുക. ഞാൻ പറഞ്ഞതു് ശരിയാണെങ്കിൽ നിങ്ങൾ എന്നെ അടിക്കുന്നതെന്തിനു്?"

ഉന്നതാചാര്യൻ നഥാനിയേൽ റാബിയെ വിളിച്ച് രഹസ്യത്തിൽ അവർ തമ്മിൽ കുറേനേരത്തേക്കു സംഭാഷണംനടത്തി. അതിനുശേഷം റാബി ദേവാലയോദ്യോഗസ്ഥന്മാരുടെ പക്കലേക്കു തിരിഞ്ഞു് അവരുമായി ആലോചിച്ചു. ആ മനുഷ്യർ പെട്ടെന്നുണ്ടായ ധൃതിയുടെ ഫലമായി നസ്രായനെ വട്ടത്തിൽ കറക്കി വാതിക്കലേക്കു വലിച്ചുകൊണ്ടുപോയി. അദ്ദേഹം കടന്നുപോകയിൽ അദ്ദേഹത്തിൻെറ മുഖം കാണുവാൻ എസ്രായ്ക്കു സാധിച്ചില്ല. അദ്ദേഹം വലിയൊരു ഭാരം പേറിപ്പോകുന്നവിധം നമ്രശിരസ്കനായിട്ടാണ് നടന്നതു്. (തുടരും)


### വൈദികാർത്ഥികളെ ക്ഷണിക്കുന്നു

ഈശോസഭയിൽ ചേർന്നു വൈദികരായി അഹമ്മദ്ബാദ് വൈസ്പ്രോവിൻസിൽ മിഷ്യൻവേല ചെയ്യുവാൻ ആഗ്രഹമുള്ള ആരോഗ്യവും പഠനസാമർത്ഥ്യവുമുള്ള യുവാക്കന്മാരെ ക്ഷണിക്കുന്നു. അപേക്ഷകർ എസ്. എസ്. എൽ. സി എങ്കിലും പാസ്സായവരോ ഇക്കൊല്ലം പാസ്സാകുവാൻ പോകുന്നവരോ ആയിരിക്കണം. ബി. എ., ഇൻറർ പാസ്സായവർക്കു മുൻഗണന. മലയാളികളായ 3 വൈദികരും 11 ശെമ്മാശ്ശന്മാരും അഹമ്മദ്ബാദ് ജസ്വീററ് വൈസ് പ്രോവിൻസിൽ ഇപ്പോൾ ഉണ്ടു്. അപേക്ഷിക്കേണ്ട മേൽവിലാസം:-

THE VICE PROVINCIAL, ST. XAVIER'S COLLEGE,
AHMEDABAD—6


(11-ാംപേജ് തുടർച്ച)

ത്തിനോടു പറയുന്നതു് "നാം സഹോദരന്മാരാകുന്നു" (സൃഷ്ടി XIII 8) എന്നാണല്ലോ. എന്നാൽ ലോത്തു അബ്രാഹത്തിൻെറ സഹോദരപുത്രനാണെന്നു സൃഷ്ടി XI 27-ൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

"താൻ അവളുടെ പിതാവിൻെറ സഹോദരനാകുന്നു" എന്നാണല്ലോ (സൃഷ്ടി XXIX 12) യാക്കോബ് റാഹേലിനോടു പറയുന്നതു്. യഥാർത്ഥത്തിൽ യാക്കോബു റാഹേലിൻെറ പിതൃസഹോദരിയുടെ പുത്രനാണ്. അതുപോലെ തന്നെ ലാബാൻ "സത്യമായി നീ എൻെറ സഹോദരനാകുന്നു" (സൃഷ്ടി XXIX 15) എന്നു യാക്കോബിനോടു പറയുന്നുണ്ട്. നേരെമറിച്ച് യാക്കോബു ലാബാൻെറ അനന്തിരവനാണ്. അഹറോൻെറ പുത്രന്മാരെപ്പററി, അഹറോൻെറ പിതൃവ്യനായ ഓസേലിൻെറ പുത്രന്മാരോടു മോശപറയുന്നതു് "നിങ്ങളുടെ സഹോദരന്മാർ" (ലെവായ X 4) എന്നാണ്. ഇംഗ്ലീഷിൽ "കസിൻ" എന്നു പറയുന്നതിനു സമാനമായ ഒരു പദം എബ്രായ, അറാമായ ഭാഷകളിൽ ഇല്ല. അതുകൊണ്ടു് അങ്ങനെയുള്ളവരെപ്പററിയും "സഹോദരൻ" എന്നു് പ്രയോഗിക്കുകയാണു ചെയ്തിരിക്കുന്നതു്.

ക്രിസ്തുവിൻെറ സഹോദരന്മാർ എന്നു പറയപ്പെട്ടിരിക്കുന്നവരിൽ യാക്കോബ് കന്യകാമറിയത്തിൻെറ സഹോദരിയായ ക്ലീയോപ്പാമറിയത്തിൻെറ പുത്രനാണെന്നു് സുവിശേഷം വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു് (മർക്കോ XVI. 1) യോസേ യാക്കോബിൻെറ നേരെ സഹോദരനാണ് (മർക്കോ XV. 40) യൂദായാകട്ടെ "യാക്കോബിൻെറ സഹോദരൻ" (യൂദാ I. 1) എന്നാണ് തന്നെപ്പററിത്തന്നെ പറഞ്ഞിരിക്കുന്നതു്. ശിമയോനെപ്പററി "ക്ലീയോപ്പസിൻെറ പുത്രൻ" എന്നാണ് രണ്ടാംനൂററാണ്ടിലെ ഒരു ചരിത്രകാരനായ ഹെജെസിപ്പസ് പ്രസ്താവിച്ചിരിക്കുന്നതു്. ചുരുക്കത്തിൽ മത്തായി XIII 55-ൽ പറയുന്ന ക്രിസ്തുവിൻെറ നാലു സഹോദരന്മാരും പരിശുദ്ധ കന്യകമറിയത്തിൻെറ സഹോദരിയും ക്ലീയോപ്പസിൻെറ ഭാര്യയുമായ മറിയത്തിൻെറ പുത്രന്മാരാണെന്നു സ്പഷ്ടം. അതിനാൽ അവർ കന്യകാമറിയത്തിൻെറ മക്കളല്ലല്ലോ.

—o—

# സുവിശേഷം എന്തിനു്?

## ഒരു സംഭവകഥ

(ഫാദർ ഫ്റാൻസീസ ടി. ഒ. എസ്. എഫ്.)

കമ്മ്യൂണിസത്തെ നേരിടാൻ പററിയ സിദ്ധൗഷധമാണു വിശുദ്ധ ഗ്രന്ഥപാരായണമെന്നു പറയാം. കുടുംബങ്ങളിൽവിശ്വാസം, സ്ഥൈര്യം, സമാധാനം, ഐശ്വര്യം—എല്ലാം വർദ്ധിക്കുന്നതിനു ജപമാലയോടുകൂടിയോ അതിനു തൊട്ടുമുൻപോ കൂട്ടമായി എല്ലാവരുമൊന്നിച്ച് ബൈബിളിൽ നിന്നൊരു ഭാഗം ഉച്ചത്തിൽ വായിക്കുന്നതും ഉത്തമമായ ഒരു ഭക്തകൃത്യമാണ്. അതിനു ഓരോ വീട്ടിലും ഓരോ ബൈബിളുണ്ടായിരിക്കേണ്ടതാണ്. ഉണ്ടായിരുന്നാൽ പോരാ, അനുദിനം വായിക്കുകയും വേണം. ഓരോ കത്തോലിക്കനും ഓരോ ബൈബിൾവീതം അഭ്യസ്തവിദ്യനായ ഹൈന്ദവസ്നേഹിതനു് സമ്മാനിക്കുന്നതും കൊള്ളാം. സാക്ഷരത്വത്തിൽ മുമ്പിട്ടു നില്ക്കുന്ന കേരളീയസഹോദരങ്ങളിലധികം പേരും ഇനിയും സുവിശേഷപ്രകാശത്തിൻെറ കുളിർമ്മ അനുഭവിച്ചിട്ടുണ്ടെന്നു വിചാരിച്ചുകൂടാ. ഹൈന്ദവസഹോദരങ്ങൾക്ക് നൽകുന്ന ഉത്തമമായ ഒരു സമ്മാനമായിരിക്കും ബൈബിൾ. സംശയാലുക്കൾ ചുവടേ ചേർക്കുന്ന സംഭവകഥ ശ്രദ്ധാപൂർവ്വം വായിപ്പാനപേക്ഷ.

ബംഗാൾ സംസ്ഥാനത്തു 1843-ൽ ജനിച്ച ഒരു മാന്യനാണ് മധുരനാഥബോസ്. ഒരിക്കൽ ഒരു മിഷ്യനറി സായിപ്പ് ഇദ്ദേഹത്തിനു ഒരു ബൈബിൾ സമ്മാനിച്ചു. ബോസ് അതു വാങ്ങി തുറന്നുനോക്കിയപ്പോൾ, ക്രിസ്ത്യാനികളുടെ വേദപുസ്തകമാണതെന്നു ഗ്രഹിച്ച് ക്ഷണം ക്ഷണമായി ഉടനെതന്നെ വലിച്ചുകീറി. അത്രമാത്രം വെറുപ്പ് ബൈബിളിൻെറ നേരെ ബോസ് പ്രദർശിപ്പിച്ചു. കോളേജ് പഠനം കഴിഞ്ഞു് ബ്രഹ്മസമാജക്കാരുടെ ഒരു യോഗത്തിൽ നമ്മുടെ ബോസ് സംബന്ധിക്കാനിടയായി. യോഗാദ്ധ്യക്ഷനായ കേശവചന്ദ്രസേനൻ ഏതോ പുസ്തകത്തിൽനിന്നു് ഒരു ഭാഗം വായിച്ചു. ഈ പുസ്തകത്തിൻെറ കർത്താവാരാണെന്നു അടുത്തിരുന്ന റാം മോഹൻ റായിയോടു ബോസ് ചോദിച്ചു. സുവിശേഷമാണെന്നു പറഞ്ഞു: തനിക്കു ആശ്വാസവും ശുഭാപ്തിവിശ്വാസവും നൽകിയ പ്രസ്തുത ഗ്രന്ഥത്തിൻെറ ഒരു പ്രതി എങ്ങനെയെങ്കിലും കൈക്കലാക്കണമെന്നായി ശ്രീ ബോസ്. അവിടെയെങ്ങും കിട്ടാനുണ്ടായിരുന്നില്ലതാനും. പുസ്തകശാലകളിൽ ഉണ്ടായിരുന്ന സുവിശേഷഗ്രന്ഥങ്ങളെല്ലാം വിററുതീർന്നു പോയി. അങ്ങനെയിരിക്കയിൽ ഒരു സ്നേഹിതൻെറ പക്കൽ ഒരു പ്രതിയുള്ളതായി കേട്ടു. കടമായി ആ പുസ്തകം ചോദിച്ചു. ആർത്തിയോടെ വായനയും തുടങ്ങി.

"എന്താഹേ! നിങ്ങളൊരു പുസ്തകപ്പുഴുവായി തീർന്നോ?"

സായാഹ്നസവാരിക്കു ക്ഷണിക്കാൻവന്ന ഒരുസ്നേഹിതൻ ബോസിനോടു ചോദിക്കുകയാണ്.

"എൻെറ ചങ്ങാതി, ഞാൻ നടക്കാൻ വരുന്നില്ല. അതിവിശിഷ്ടമായ ഒരു ഗ്രന്ഥം എനിക്കു കിട്ടി. ഞാനതെത്ര പ്രാവശ്യം വായിച്ചിട്ടും മതിവരുന്നില്ല."


ചന്ദ്രിക REGD. ഔഷധസോപ്പ്

ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്

S.V.PRODUCTS, IRINJALAKUDA


"വല്ല പ്രേമകഥയുമായിരിക്കും." സ്നേഹിതൻ ഊഹിച്ചു.

"അല്ലല്ലാ, എങ്കിലും പ്രേമം തന്നെ, പക്ഷേ പൊലിയാത്ത പ്രേമകഥയാണ്."

"എന്നു വച്ചാൽ?

ഞാൻ ദാഹിച്ചു മോഹിച്ചിരുന്ന പ്രേമകഥതന്നെ. എന്നെ എന്നെന്നും സ്നേഹിക്കുന്ന ഒരു പ്രേമനാഥൻ—എൻെറ എല്ലാ ദുരിതങ്ങൾക്കും ആശ്വാസം നൽകുവാൻ കരുത്തുള്ള ഉത്തമമായ ഒരു ഗ്രന്ഥം.—ക്രിസ്തുഭഗവാൻെറ ത്യാഗശീലവും അനന്തപ്രേമവും പുരസ്കരിച്ച ദിവ്യന്മാരായ ലേഖകസത്തമന്മാരാൽ ലേഖിതമായ ഒരു മഹാചരിത്രമാണെൻെറ പക്കലിരിക്കുന്നതു്. ആ സ്നേഹിതന്മാരും ഒന്നിച്ച് സുവിശേഷം വായിച്ചു. അഭ്യസ്തവിദ്യരായ ആ ഹിന്ദുക്കളെല്ലാം ക്രിസ്തുദാസന്മാരായിത്തീർന്നു. ആസ്തിക്യബോധം, സാഹോദര്യചിന്ത, സമാധാനതല്പരത, ഈശ്വരാശ്രയമനസ്ഥിതി, ഇത്യാദി തത്വങ്ങളെല്ലാം സുവിശേഷപാരായണത്തിൽ നിന്നുത്ഭവിക്കാതിരിക്കയില്ല. പാപമാണു സർവ്വദുരിതങ്ങളേയും പുറപ്പെടുവിക്കുന്നതെന്നും പ്രായശ്ചിത്തവും അനുതാപവും മനുഷ്യനെ ഉദ്ധരിക്കുമെന്നുമെല്ലാം ഗ്രഹിച്ചു കഴിയുമ്പോൾ നിരീശ്വരത്വം, കമ്മ്യൂണിസം തുടങ്ങിയുള്ള വിഷലിപ്തമാരകങ്ങൾ സ്വയം തിരോധാനം ചെയ്തുകൊള്ളും.

—o—


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യയ്ക്കു പുറമെ " 8—12—0

# പുസ്തകാഭിപ്രായം

## ബാലഗീതങ്ങൾ

(രചയിതാവ്: വിദ്വാൻ ഏ. ററി. ദേവസ്സി, എത്തങ്ങാടിയൂർ, കുണ്ടലിയൂർ P. O., വില 8 ണ)

ലളിതപദങ്ങൾകൊണ്ടു നിർമ്മിച്ച 24 ഗാനങ്ങളടങ്ങിയ ഒരു ചെറുഗ്രന്ഥമാണ് "ബാലഗീതങ്ങൾ." പ്രൈമറിസ്കൂളുകളിലേയും മിഡിൽസ്കൂളുകളിലേയും വിദ്യാർത്ഥികൾക്കു പററിയ ഗാനങ്ങളാണിവ. ചിലതു അഭിനയത്തോടുകൂടെ ഭംഗിയായി പാടാം. 12 ചെറിയ കുട്ടികളെ കോഴിക്കുഞ്ഞുങ്ങളെപ്പോലെ വേഷംധരിപ്പിച്ചു വൃത്താകൃതിയിലിരുത്തി പാടാൻ പാകിയതാണ് കോഴിക്കുഞ്ഞുങ്ങളെപ്പററിയുള്ള ആറാമത്തെ ഗാനം. "നീലക്കുരുവി," "എല്ലാരും ചൊല്ലണു" എന്നീ രീതികളിൽ കുട്ടികൾക്കു സുഗ്രാഹ്യവും സുമധുരമായി തോന്നാവുന്നതുമായ പല ഗാനങ്ങളുണ്ട് ശ്രീ ദേവസ്സിയുടെ ഈ ഗ്രന്ഥത്തിൽ. കേരളപ്പിറവിയിൽ "കേരളോദയം" എന്ന പേരിൽ സത്യദീപത്തിൽ പ്രസിദ്ധംചെയ്തിരുന്ന ഗാനവും ഇതിലുണ്ട്. "തെയ്യകം, തെയ്യകം, തെയ്യകം താരാ" എന്ന മട്ടിൽ എഴുതിയിട്ടുള്ള ഗാനത്തിൽനിന്നു രണ്ടു വരി ഇവിടെ ഉദ്ധരിക്കാം:

"പാടത്തു നെല്ലൊക്കെ
നന്നായ് വിളഞ്ഞു
മാടത്തപ്പൈങ്കിളി
പാടിത്തെളിഞ്ഞു."

ഈ രീതിയിലുള്ള "ബാലഗീതങ്ങളിലെ" ഗാനങ്ങൾ ചെറുവിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെടാതിരിക്കയില്ല. കേരളവിദ്യാർത്ഥികൾ ഈ ഗീതങ്ങൾ പാടി ശ്രീ ദേവസ്സിയെ ആഹ്ലാദിപ്പിക്കട്ടെ.

(ഫാദർ തോമസ് മൂത്തേടൻ)

—o—

(2-ാംപേജ് തുടർച്ച)

ന്നാൽ അതു വായിച്ച് എന്നെ അറിയുന്ന ആരെങ്കിലും മാനസാന്തരപ്പെട്ടതായി എനിക്കു അറിവില്ല. എങ്കിലും അഞ്ചുവർഷം കഴിഞ്ഞു നെയ്യാററിങ്കരവെച്ചു ലൂഥറൻക്രിസ്ത്യാനികളുടെ പുനരൈക്യത്തിന്റെശേഷം, അവർ നടത്തിയ ഒരു മീററിംഗിൽ ഞാൻ ആദ്ധ്യക്ഷംവഹിച്ചുകൊണ്ടിരിക്കുമ്പോൾ പുനരൈക്യപ്പെട്ടവരിൽഒരാൾ എഴുന്നേററുനിന്നു "ഈ അദ്ധ്യക്ഷനെഴുതിയ പുനരൈക്യ ചിന്തകൾ എന്ന പുസ്തകത്തിൽ ഈ ഒരു ഭാഗം വായിച്ചാണു ഞാൻ മാനസാന്തരപ്പെട്ടതു" എന്നു പറഞ്ഞുകൊണ്ടു അതിൽ ദൈവമാതാവിന്റെ അമലോത്ഭവത്തെപ്പററി ഞാൻ എഴുതിയിരുന്ന ഒരു ചെറിയ ഭാഗം ആ സദസ്സിൽ എല്ലാവരേയും അയാൾ വായിച്ചുകേൾപ്പിച്ചു. അതു പ്രസിദ്ധംചെയ്ത വർഷം അയാൾ എടത്വാപ്പെരുന്നാളിനുപോകാൻ ആലപ്പുഴവന്നു ഒരു ഹോട്ടലിൽ ഭക്ഷണംകഴിച്ചുകൊണ്ടിരിക്കുമ്പോൾ ഈ പുസ്തകം പ്രസിദ്ധമായ കാര്യം ആരോ പറഞ്ഞറിഞ്ഞാണു അയാൾ ആ പുസ്തകം വാങ്ങിച്ചതെന്നു അയാൾ അപ്പോൾ പ്രസ്താവിച്ചു. ദൈവത്തിന്റെ പ്രവർത്തനം എത്ര വിസ്മയാവഹം. നമ്മുടെ നല്ല ഉദ്ദേശങ്ങൾ നാം വിചാരിക്കാത്ത വഴിയിൽക്കൂടെ സാധിക്കുന്ന ദൈവം എത്ര വലിയവൻ.

വേറൊരു സംഭവവും പറയാം. എന്റെ പുനരൈക്യത്തിനുശേഷം, എനിക്കു കിട്ടിക്കൊണ്ടിരുന്ന പല കത്തോലിക്കാമാസികകളും പത്രങ്ങളും ഞാൻ സ്നേഹിക്കുന്ന ഒരാളിന്റെ മാനസാന്തരത്തെ ഉദ്ദേശിച്ച് അയാൾക്കു അഞ്ചൽമൂലം അയച്ചുകൊടുത്തിരുന്നു. അയാൾ വായിച്ചിട്ടു മേശയിലിട്ടേക്കും. തല്ക്കാലം സമീപത്തു പാർത്തിരുന്ന ഒരാൾ അവിടെവന്നു വർത്തമാനങ്ങൾ പറഞ്ഞശേഷം, ഇതെല്ലാം വായിക്കാൻ കൊണ്ടുപോകും. കുറേക്കഴിഞ്ഞു അയാൾ പുനരൈക്യപ്പെട്ടശേഷം , എന്നോടു ഇങ്ങനെ പറഞ്ഞു: "നിങ്ങൾ......ക്കു വായിക്കാൻ അയച്ച പത്രങ്ങളും മററും ഞാൻ അവിടെനിന്നും എടുത്തുകൊണ്ടുപോയി വായിച്ചാണു കത്തോലിക്കാസഭയെപ്പററി അറിഞ്ഞു പുനരൈക്യപ്പെട്ടതു." ഞാൻ വിചാരിച്ചു ആളല്ല, മറെറാരാളിനാണു എന്റെ പ്രവൃത്തി ദൈവം ഫലപ്രദമാക്കിയതു. അതു ദൈവത്തിന്റെ സർവ്വാധികാരത്തിൽനിന്നും ദൈവം ചെയ്യുന്നതാണു. തമ്പുരാന്റെ ഇഷ്ടം അവിടുന്നു ചെയ്തുകൊള്ളട്ടെ നമ്മുടെ നല്ല പ്രവൃത്തിക്കു അവിടുന്നു നമുക്കു സമ്മാനം തരാതിരിക്കയില്ല. ദൈവസ്നേഹത്തെപ്രതി നാം ഒരു മൊട്ടുസൂചി മറിച്ചിട്ടാൽ അതിനും ദൈവം നമുക്കു സമ്മാനംതരുമെന്നാണു കൊച്ചുത്രേസ്യാപുണ്യവതി പറയുന്നതു. അതുകൊണ്ടു ദൈവസ്നേഹത്തോടുകൂടി പാപികളുടെ മാനസാന്തരത്തിനായുള്ള പ്രാർത്ഥന മുതലായ നന്മപ്രവൃത്തികൾ നമുക്കു ഇടവിടാതെ ചെയ്തുകൊണ്ടിരിക്കാം.

# ചോദിച്ചാൽ പറയാം

85. ചോ: 625-നും 638-നും ഇടയ്ക്കു പാപ്പായായിരുന്ന ഒണോറിയസ് ക്രിസ്തുവിൽ ഒരു ഇച്ഛാശക്തി മാത്രമേയുള്ളുവെന്നു പഠിപ്പിച്ചു. പിന്നീടുള്ള പാപ്പാമാർ ക്രിസ്തുവിൽ രണ്ടു ഇച്ഛാശക്തിയുണ്ടെന്നു പഠിപ്പിക്കുകയും ആറാം സാർവ്വത്രികസൂനഹദോസ് ഒണോറിയസിനെ പാഷണ്ഡനെന്നു വിളിക്കുകയുംചെയ്തു. ഇതിൽനിന്നും മാർപ്പാപ്പാമാർ അപ്രമാദിത്വമുള്ളവരാണെന്നു എങ്ങനെ പറയാൻ കഴിയും?

(പി. സി. പി. അന്തിക്കാട്ട്)

ഉ: ഒന്നാമതു ക്രിസ്തുവിൽ ഒരു ഇച്ഛാശക്തി മാത്രമേ ഉള്ളുവെന്നു ഒണോറിയസ് മാർപ്പാപ്പാ പഠിപ്പിച്ചിട്ടില്ല രണ്ടാമതു ഒണോറിയസിന്റെ ഏതെങ്കിലും അദ്ധ്യവസാനത്തെ ആധാരമാക്കി ആറാം സാർവ്വത്രികസൂനഹദോസ് അദ്ദേഹത്തെ പാഷണ്ഡിയെന്നു ശപിച്ചിട്ടില്ല. ആകയാൽ മാർപ്പാപ്പായുടെ അപ്രമാദിത്വത്തിനു ഒണോറിയസ് മാർപ്പാപ്പായുടെ പ്രവൃത്തി ഒരു വിധത്തിലും പ്രതിബന്ധമായിരിക്കുന്നില്ലെന്നു സ്പഷ്ടമാണല്ലോ.

ഒണോറിയസ് എന്താണു ചെയ്തതു. നെസ്തോറിയസിന്റെ ദ്വിപുരുഷവാദത്തെയും എവുത്തിക്കോസിന്റെ ഏകസ്വഭാവവാദത്തെയും തുടർന്നു ക്രിസ്തുവിനെപ്പററി പലതരത്തിലുള്ള ചിന്താഗതികൾ പൗരസ്ത്യദിക്കിൽ പ്രചരിച്ചിരുന്നു. സെർജിയസ് കോൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന കാലത്തു, ഏകസ്വഭാവത്തോടുള്ള സമരത്തിനിടയ്ക്കു അവതീർണ്ണനായ ദൈവപുത്രനു "ഏക പ്രകാശനം" (one expression) എന്നൊരു പദം പ്രയോഗത്തിൽ വന്നു. ഒരു കൂട്ടർ അതിനെ മുറുകെപ്പിടിച്ചു. മറെറാരു കൂട്ടർ രണ്ടു പ്രകാശനങ്ങൾ (two expressions) ഉണ്ടെന്നുള്ളതാണു ശരിയെന്നു വാദിച്ചു. ഇതുസംബന്ധിച്ചു ഒരു ഭിന്നത ഉണ്ടാകാതിരിക്കുന്നതിലേക്കു സെർജിയസ് രണ്ടു കൂട്ടരോടും അവരുടെ പദപ്രയോഗങ്ങൾ ഉപേക്ഷിക്കുവാൻ ഉപദേശിക്കുകയും, വിവരത്തിനു 634-ൽ ഒണോറിയസ് മാർപ്പാപ്പായ്ക്കു എഴുതുകയും ചെയ്തു. സൂത്രശാലിയും തന്ത്രജ്ഞനുമായ സെർജിയസിന്റെ കെണി മനസ്സിലാക്കാതെ, ഛിദ്രമുണ്ടാകാതിരിക്കുന്നതിനു സെർജിയസ് ചെയ്തിട്ടുള്ള യത്നങ്ങളെ അഭിനന്ദിച്ചു ഒണോറിയസ് ഒരു മറുപടിയും അയച്ചു.

ഈ മറുപടി വിശ്വാസം സംബന്ധിച്ച ഒരു അദ്ധ്യവസാനമല്ലെന്നുള്ളതു സ്പഷ്ടമാണല്ലോ. ഒണോറിയസ് ഒരു കർത്തവ്യവിലോപമാണു കാണിച്ചതെന്നു സമ്മതിക്കുകതന്നെ വേണം. ഛിദ്രമുണ്ടാകുമോ ഇല്ലയോ എന്നു പരിഗണിക്കാതെ, തിരുസഭയുടെ പഠനമെന്തെന്നു ചൂണ്ടിക്കാണിക്കുകയായിരുന്നു അദ്ദേഹം ചെയ്യേണ്ടിയിരുന്നതു. ഒണോറിയസിന്റെ കത്തുകിട്ടിയ ഉടനെ സെർജിയസ് "വിശദീകരണം" (Ecthesis) എന്നൊരു പ്രബന്ധം തയാറാക്കുകയും ഹെറാക്ലിയസ് ചക്രവർത്തിയെക്കൊണ്ടു അതു പ്രസിദ്ധപ്പെടുത്തിക്കുകയും ചെയ്തു ക്രിസ്തുവിനെ സംബന്ധിച്ചു "ഒരു പ്രകാശന"മെന്നോ "രണ്ടു പ്രകാശനങ്ങൾ" എന്നോ ഉള്ള പദങ്ങൾ ഉപയോഗിക്കരുതെന്നും ക്രിസ്തുവിനു ഒരു ഇച്ഛാശക്തിയേ ഉള്ളുവെന്നു എല്ലാവരും വിശ്വസിക്കണമെന്നും അതിൽ നിഷ്കർഷിച്ചിരുന്നു. ഈ വിശദീകരണം പ്രസിദ്ധീകൃതമായപ്പോഴേക്കു ഒണോറിയസ് നിര്യാതനായിരുന്നു.

ഹെറാക്ലിയസിന്റെ ഈ പ്രഖ്യാപനം വളരെ കുഴപ്പത്തിനു കാരണമായി. ഒണോറിയസിന്റെ എഴുത്തു സെർജിയസ് ഉപയോഗപ്പെടുത്തിയതുകൊണ്ടു തെററിദ്ധാരണ വർദ്ധിച്ചതേയുള്ളു. ഒണോറിയസിന്റെ പിൻഗാമികളായ മാർപ്പാപ്പാമാർ "വിശദീകരണ"ത്തെ ശപിച്ചു. ഒടുവിൽ 680-ൽ കൂടിയ കോൺസ്റ്റാൻറിനോപ്പിൾ സൂനഹദോസ് സെർജിയസ്സിനെയും, ആയാളെ അനുകൂലിച്ചവരെയും അക്കൂട്ടത്തിൽ ഒണോറിയസിനെയും പാഷണ്ഡികളെന്നു വിധിക്കുകയും ശപിക്കുകയും ചെയ്തു. രണ്ടാം ലെയോ മാർപ്പാപ്പാ ഈ സൂനഹദോസിന്റെ തീരുമാനങ്ങളെ അംഗീകരിച്ചു. ഒണോറിയസിനെ എന്തുകൊണ്ടു ശപിക്കുന്നുവെന്നു സ്പാനിഷ് മെത്രാന്മാർക്കെഴുതിയ കത്തിൽ ലെയോ പ്രസ്താവിക്കുന്നുണ്ടു. "പാഷണ്ഡോപദേശം പൊട്ടിപ്പുറപ്പെട്ടപ്പോൾ, അപ്പസ്തോലികാധികാരം ഉപയോഗിച്ചു അതിനെ നിർമ്മാർജ്ജനം ചെയ്യുന്നതിനുപകരം ഒണോറിയസ് തന്റെ ഉപേക്ഷമൂലം അതു വളരുവാൻ അനുവദിച്ചു." ഇതിൽനിന്നു ഒണോറിയസിന്റെ പ്രവൃത്തി "അപ്രമാദിത്വ"ത്തിനു എതിരായ ഒന്നല്ലെന്നു സ്പഷ്ടമാണല്ലോ.

ബറി എന്ന പ്രോട്ടസ്റ്റൻറു ചരിത്രകാരൻ എഴുതുന്നു: "ഒണോറിയസിനെ ശപിച്ച 6-ാംപൊതുസൂനഹദോസിനെ യഥാർത്ഥമല്ലെന്നു പറഞ്ഞു നാം തള്ളേണ്ടതില്ല. അവിവേകമായ മൗനത്തിനുവേണ്ടിയാണു ഒണോറിയസ് ശപിക്കപ്പെട്ടതു." (The Later Roman Empire, II, 252). കർദ്ദിനാൾ ഹെർജെനോത്തറുടെ വാക്കുകൾ ഇവിടെ പ്രസക്തമാണു: "സമയോചിതമായ ഓജസ്സോടുകൂടി തെററിനെതിരായി നടപടി എടുക്കാതിരുന്നതിനാൽ, പരോക്ഷമായി അതിനെ പ്രോത്സാഹിപ്പിച്ചുവെന്നു ഒണോറിയസ് മാർപ്പാപ്പായെ കുററംവിധിക്കാവുന്നതാണു. എന്നാൽ അദ്ദേഹം ഒരു തെററിനെ വിശ്വാസസത്യമായി അദ്ധ്യവസാനം ചെയ്തുവെന്നു പറയാവതല്ല; അങ്ങനെ ചെയ്താൽ മാത്രമേ അപ്രമാദിത്വത്തിനു എതിരാകുകയുള്ളു... ഒണോറിയസിന്റേതുപോലെയുള്ള ഒരു നടപടിയിൽ മാർപ്പാപ്പായ്ക്കു തെററുവാൻ പാടില്ലെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നില്ല... ...സെർജിയസിനുള്ള ഒണോറിയസിന്റെ കത്തുകളിൽ യാതൊരു തീരുമാനമാകട്ടെ, യാതൊരു അബദ്ധസിദ്ധാന്തമാകട്ടെ അടങ്ങിയിട്ടില്ല. അദ്ദേഹത്തിന്റെ യാതൊരു തീരുമാനവും അബദ്ധമെന്നു വിധിക്കപ്പെടത്തക്കതായിട്ടില്ല..."

(Church & State, I. 83)

86. ചോ: കന്യകാമറിയം ക്രിസ്തുവിനെക്കൂടാതെ വേറേ പുത്രന്മാരെ പ്രസവിച്ചുവെന്നു പറയുന്നതു ശരിയാണോ? ശരിയല്ലായെന്നു വേദപുസ്തകംകൊണ്ടു തെളിയിക്കാമോ?

(സി ഡി എൽ പാലയൂർ)

ഉ: കന്യകാമറിയം ക്രിസ്തുവിനെക്കൂടാതെ വേറേ പുത്രന്മാരെ പ്രസവിച്ചുവെന്നു പറയുന്നതു ശരിയല്ല. വേറേ പുത്രന്മാരെ പ്രസവിച്ചുവെന്നു വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലായെന്നതുതന്നെയാണു അതിനുള്ള തെളിവു. വേദപുസ്തകത്തെ മുറുകെപ്പിടിക്കുന്ന കൂട്ടർ വേദപുസ്തകത്തിൽ പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം പറഞ്ഞുനടക്കുന്നതെന്തിനാണു? ക്രിസ്തുവിന്റെ കന്യകാജനനം ഒരു വിശ്വാസസത്യമാണു. കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ അഞ്ചാം സാർവ്വത്രികസൂനഹദോസും (533), ലാത്തറാൻ സൂനഹദോസും (640) അതൊരു വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തിട്ടുണ്ടു. ക്രൈസ്തവസഭയുടെ ആരംഭഘട്ടം മുതലുള്ള സഭാപിതാക്കന്മാരെല്ലാം ഏകകണ്ഠമായി പഠിപ്പിക്കുന്ന ഒരു വിശ്വാസസത്യവുമാണതു.

മറിയത്തിനു മററു മക്കൾ ഉണ്ടായിരുന്നുവെങ്കിൽ, ഈശോ തന്റെ മരണസമയത്തു എന്തിനു മറിയത്തെ യോഹന്നാനു ഏല്പിച്ചുകൊടുത്തു? മറിയത്തെ സംരക്ഷിക്കുന്നതിലേക്കു മററു മക്കൾ ഉണ്ടായിരുന്നുവെങ്കിൽ "ഇതാ നിന്റെ മകൻ" എന്നു പറഞ്ഞു യോഹന്നാനെ മറിയത്തിനു മകനായി കൊടുക്കേണ്ട ആവശ്യമില്ലായിരുന്നുവെന്നു സ്പഷ്ടമാണല്ലോ. എന്നു മാത്രമല്ല, "ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ അടുക്കൽ സ്വീകരിക്കുകയും ചെയ്തു" (യോഹ: XIX 27) എന്നു ആ ശിഷ്യൻതന്നെ അഭിമാനത്തോടുകൂടി രേഖപ്പെടുത്തുന്നുമുണ്ടു. മറിയത്തെ സ്വീകരിക്കത്തക്കവണ്ണം വേറേ മക്കൾ ഇല്ലായിരുന്നുവെന്നു ഇതിൽനിന്നു വിശദമാണല്ലോ. ക്രിസ്തുവിനെപ്പററി "മറിയത്തിന്റെ മകൻ" (മർക്കോസ് VI 3) എന്നു യഹൂദന്മാർതന്നെ വിളിക്കുന്നതായി നാം കാണുന്നു. ആളിനെ തിരിച്ചറിയിക്കുന്നതിനുവേണ്ടിയാണു അവർ ഈ പേരു പ്രയോഗിക്കുന്നതു. മറിയത്തിനു ഈശോയല്ലാതെ വേറേ മക്കളുണ്ടായിരുന്നുവെങ്കിൽ ഈ പദപ്രയോഗത്തിനു വലിയ പ്രസക്തിയില്ലെന്നു കാണാവുന്നതാണു.

പതിനാറാംനൂററാണ്ടിലെ പ്രോട്ടസ്റ്റൻറു മതവിപ്ലവത്തിനുശേഷം ചില പ്രോട്ടസ്റ്റൻറുകാരാണു മറിയത്തിനു മററു മക്കളുണ്ടായിരുന്നുവെന്ന അബദ്ധം പ്രചരിപ്പിച്ചതു. രണ്ടു വേദപുസ്തകവാക്യങ്ങളെ ദുർവ്യാഖ്യാനം ചെയ്താണു അവർ ഇങ്ങനെ വാദിക്കുന്നതും. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ "അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചതുവരെ അവൻ അവളെ അറിഞ്ഞുമില്ല." (മത്തായി I 25) എന്ന വാക്യത്തിൽനിന്നു മറിയത്തിനു വേറെ പുത്രന്മാരുണ്ടായിരുന്നുവെന്നു അവർ അനുമാനിക്കുന്നു. വേദപുസ്തകശൈലി ശരിയായി മനസ്സിലാക്കാത്തതുകൊണ്ടുള്ള ഒരു പ്രമാദമാണിതു. ഏകപുത്രനെപ്പററിയും വേദപുസ്തകത്തിൽ ആദ്യജാതൻ, കടിഞ്ഞൂൽപുത്രൻ എന്നെല്ലാം പ്രയോഗിക്കാറുണ്ടു. "പ്രസവിച്ചതുവരെ" എന്നു പറഞ്ഞതുകൊണ്ടു പ്രസവിച്ചതിനുശേഷം മറിച്ചു സംഭവിച്ചു എന്നു അർത്ഥമില്ല. "വരെ" എന്നതു എബ്രായസുറിയാനി ഭാഷകളിലെ ഒരു പ്രയോഗവിശേഷം മാത്രമാണു. എന്തു നടക്കുന്നുവെന്നല്ലാതെ എന്തു നടക്കുവാനിരിക്കുന്നുവെന്നു ആ പദം കാണിക്കുന്നില്ല.

"സാവൂളിന്റെ പുത്രിയായ മൽക്കെല്ലിനു അവൾ മരിച്ച ദിവസംവരെ പുത്രനുണ്ടായിരുന്നില്ല." (II രാജാ: VI 23) മരണശേഷം പുത്രനുണ്ടായി എന്നല്ലല്ലോ അർത്ഥം? "നിന്റെ വാർദ്ധക്യംവരെ ഞാൻ സ്ഥിതിചെയ്യുന്നു" (ഏശയ്യാ 46 4) എന്നു ദൈവം അരുളിച്ചെയ്യുന്നു; വാർദ്ധക്യമായിക്കഴിഞ്ഞാൽ പിന്നെ ദൈവം ഇല്ലാതാകുന്നുവെന്നല്ലല്ലോ അർത്ഥം. "കർത്താവു എന്റെ കർത്താവിനോടു പറഞ്ഞു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുംവരെ നീ എന്റെ വലത്തുവശത്തിരിക്കുക." (സങ്കീ: 109: 1) ശത്രുക്കൾ പാദപീഠമായ ശേഷവും ദൈവപുത്രൻ പിതാവിന്റെ വലത്തുഭാഗത്തുതന്നെയാണല്ലോ. ഇനി "ഭൂമുഖത്തുനിന്നു വെള്ളം വററിയതുവരെ അതു തിരിച്ചുവന്നില്ല" (സൃഷ്ടി VIII, 7)) വെള്ളം വററിയതിനുശേഷം കാക്ക തിരിച്ചുവന്നതായി വേദപുസ്തകം പറയുന്നില്ല. അതുപോലെ "കടിഞ്ഞൂൽ പുത്രനെ പ്രസവിക്കുന്നതുവരെ" എന്നു പറഞ്ഞതുകൊണ്ടു പിന്നീടു പുത്രന്മാരെ പ്രസവിച്ചുവെന്നർത്ഥമില്ല.

പ്രോട്ടസ്റ്റൻറുകാർ ആശ്രയിക്കുന്ന രണ്ടാമത്തെ വേദവാക്യം "അവന്റെ സഹോദരന്മാർ യാക്കോബു, യോസെ, ശിമയോൻ യൂദാ എന്നും അല്ലയോ വിളിക്കപ്പെടുന്നതു?" (മത്തായി XIII 55) എന്നതാണു. അവന്റെ "സഹോദരന്മാർ" എന്നു പറഞ്ഞിരിക്കുന്നതിൽനിന്നു "ഔരസസഹോദരന്മാർ" എന്നാണു പ്രോട്ടസ്റ്റൻറുകാർ മനസ്സിലാക്കുന്നതു. വേദപുസ്തകത്തിൽ "സഹോദരന്മാർ" എന്നു പറയുന്നതു എപ്പോഴും ഒരേ മാതാപിതാക്കന്മാരിൽനിന്നു ജനിച്ചവരെ മാത്രമല്ല ഒരേ കുടുംബത്തിൽ പെട്ടവരേയും ഒരേ ഗോത്രത്തിൽ പെട്ടവരേയും, സ്നേഹബന്ധമുള്ളവരെപ്പോലും സഹോദരന്മാർ എന്നു വിളിച്ചിരുന്നു. അബ്രാഹം ലോ

(ശേഷം 10-ാംപേജിൽ)

തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം

എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്കു 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു.

Wednesday
March 20
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 31







വി. തർസീസിയൂസ്

പ്രിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനിയത്തികളേ,

നിസ്സഹായനായ തർസീസിയൂസ് ആ ദുഷ്ടക്കൂട്ടത്തിന്റെ നാനാതരത്തിലുള്ള ആക്രമണങ്ങൾക്കു വിധേയനായി നിലംപതിച്ചു. അവന്റെ മൃദുലമായ ശരീരം തകർന്നു. മുറിവുകളിൽനിന്നു രക്തം ഒഴുകി. ലോകം ഇരുളുന്നതുപോലെ അവനു തോന്നി. എന്നാൽ വിശുദ്ധകുർബാനയെ ബലമായി നെഞ്ചോടുചേർത്തു പിടിച്ചിരുന്ന പിടി അവൻ അയച്ചില്ല. ഈശോയെ ആ കശ്മലന്മാർക്കു വിട്ടുകൊടുക്കരുത് എന്നതു മാത്രമായിരുന്നു അവന്റെ ജീവിതലക്ഷ്യം. ബോധരഹിതനായി നിലത്തുവീണ അവനെ കൂടുതൽ ഉപദ്രവിക്കുന്നതിനും അടുത്തു പരിശോധിക്കുന്നതിനും ആ ആഭാസഗണത്തിനു സൗകര്യം ലഭിച്ചില്ല. ആ വഴിയെ ഒരു പോലീസുദ്യോഗസ്ഥൻ വരുന്നതുകണ്ടു പിടികൊടുക്കാതെ അവരെല്ലാം നാലുവഴിക്കും ഓടിയൊളിച്ചു. ജീവകാരുണ്യബോധമുള്ള ആ സമാധാനപാലകൻ അവശനായി കിടന്ന ആ ബാലനെ എടുത്തു ശുശ്രൂഷിച്ചു. കുറച്ചുസമയം കഴിഞ്ഞപ്പോൾ അവനു ബോധംവന്നു. കണ്ണുതുറന്നു പരിതസ്ഥിതികൾ മനസ്സിലാക്കുന്നതിനു ശ്രമിച്ചു.

തർസീസിയൂസിന്റെ പീഡാസഹനം! ദിവ്യഈശോയെപ്രതി സഹിച്ച ദണ്ഡനങ്ങൾ! അവ എത്ര ദാരുണങ്ങളായിരുന്നു? എന്നാൽ എത്ര മധുരതരങ്ങൾ? ഇതു രക്തസാക്ഷികൾക്കുമാത്രം പൂർണ്ണമായി ആസ്വദിക്കാവുന്ന ഒരനുഭവമാണ്. പക്ഷെ സന്മനസ്സുണ്ടെങ്കിൽ നമുക്കും അതിൽ പങ്കുപററാം. അതെങ്ങിനെയാണെന്നോ? ജീവിതത്തിൽ കുരിശുകൾ പലതരമുണ്ട്. ദിവ്യഈശോ ശാരീരികപീഡനങ്ങളുടെ മകുടമായ മരക്കുരിശു ചുമന്നുകൊണ്ടു ഗാഗുൽത്തായിലേക്കു പോയി. അവിടുത്തെ അനുഗമിച്ചു ശാരീരികപീഡനങ്ങളെ സഹിച്ചു വേദസാക്ഷികൾ പ്രയാണംചെയ്യുന്നു. എന്നാൽ അവിടുത്തെ അനുയായികളോരോരുത്തരും അവരവരുടെ ജീവിതക്ലേശങ്ങളാകുന്ന കുരിശുകളെ വഹിക്കണമെന്നുള്ളതു് ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത വ്യവസ്ഥയാണ്. "ആരെങ്കിലും എന്നെ അനുഗമിക്കുന്നുവെങ്കിൽ, അവൻ സ്വയം പരിത്യജിച്ച്, അവന്റെ കുരിശും എടുത്തുകൊണ്ട് എന്റെ പിന്നാലെ വരട്ടെ" എന്നാണ് ക്രിസ്തുനാഥൻ ആജ്ഞനൽകിയിട്ടുള്ളതു്. അതുകൊണ്ട് കുരിശുവഹിക്കാതെ ഒരു ക്രിസ്ത്യാനിക്കു രക്ഷാമാർഗ്ഗമില്ല. ക്രിസ്ത്യാനി മാത്രമല്ല ലോകത്തിൽ ജീവിക്കുന്ന ഏതൊരു മനുഷ്യനും ക്ലേശങ്ങൾ സഹിക്കണം. പക്ഷെ ക്രിസ്ത്യാനിയുടെ പീഡാസഹനത്തിനു ഒരു ജീവചൈതന്യമുണ്ട്. അവൻ ഈശോയുടെനേരെയുള്ള സ്നേഹത്തെപ്രതി സന്തോഷത്തോടുകൂടി അവ സ്വീകരിക്കുന്നു. മററുള്ളവരോ വെറുപ്പോടും നിർബന്ധപൂർവ്വകമായും അവ സഹിക്കുന്നു. ഇതു വലിയ ഒരു വ്യത്യാസമാണ്. നിങ്ങൾ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാൾക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തി എത്ര ക്ലേശമുള്ളതായാലും അതിൽ നിങ്ങൾക്കു വെറുപ്പുതോന്നുമോ? ഇല്ല. കാരണം, അതിനെ സ്നേഹബന്ധം മധുരമുള്ളതാക്കുന്നു. ഇതുപോലെ നമ്മുടെ ജീവിതത്തിൽ എന്തെന്തു അനിഷ്ടസംഭവങ്ങൾ ഉണ്ടായാലും ഈശോയോടുള്ള സ്നേഹത്തെപ്രതി തർസീസിയൂസിനെപ്പോലെ സന്തോഷത്തോടുകൂടി അവയെ സഹിക്കുവാൻ പരിശീലിക്കുക. നിങ്ങൾ അനുഗ്രഹീതരാകും, തീർച്ചയാണ്.

വല്യേട്ടൻ.



15. തർസീസിയൂസ് ആ ദുഷ്ടക്കൂട്ടത്തിന്റെ അടിയും ഇടിയും കല്ലേറുംകൊണ്ടു അവശനായി നിലത്തു വീണു. "അവന്റെ പണി കഴിഞ്ഞെടാ. നമുക്കോടി രക്ഷപെടാം. അതാ, പോലീസ്!"



16. അന്ത്യശ്വാസം വലിച്ചുകിടക്കുന്ന തർസീസിയൂസിനെ ഒരു പോലീസ് ഉദ്യോഗസ്ഥൻ സമീപിച്ചു ശുശ്രൂഷിച്ചു. അവനു ബോധം വരുന്നതിനുവേണ്ടി അയാൾ മുഖത്തു വെള്ളം തെളിച്ചു.

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

| Reg. No. | |
|---|---|
| (x) 140 | പി. പി. ജോൺ പടിഞ്ഞാറേൽ പുത്തൻപുരയിൽ, പൈങ്ങോട്ടൂർ, പോത്താനിക്കാട് |
| 141 | കെ. സി. മത്തായിക്കുഞ്ഞ്, സെൻറ് മേരീസ് ഹൈസ്കൂൾ, ആരക്കുഴ |
| 142 | ഒ. ജെ. ദേവസ്യാ അട്ടിയിൽ, ചുങ്കം, ആലപ്പുഴ |
| 143 | ദേവസ്യാ വക്കി ഊട്ടുകളത്തിൽ, ചേനപ്പാടി |
| 144 | ഡേവിസ് ജെ. ചേലപ്പാടൻ, തൃശ്ശൂർ |
| 145 | പി. സി. മാത്യു പന്നാംകുഴിയിൽ, പാണപ്ലാവ്, എരുമേലി |

(x) 140-ാം നമ്പരിൽ കഴിഞ്ഞദിവസം ചേർത്ത പേരു ആവർത്തനമായതുകൊണ്ട് ആ പേരു വെട്ടി പുതിയ പേരു ചേർക്കുന്നു.

### 108-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—കമ്മൂണിസം.

### പ്രശ്നം നമ്പർ 109

(പി. പി. ജോണി
Reg. No. 14)

എല്ലാ മനുഷ്യർക്കും സമാശ്വാസം നൽകുന്ന ഒരു സഹചാരിയാണ് ഞാൻ. സന്മനസ്സുണ്ടെങ്കിൽ എവിടെയും ആർക്കും എന്റെ അനുഗ്രഹങ്ങളെ സ്വീകരിക്കാം. എന്നെ നിരാകരിക്കുന്ന ഒരുകൂട്ടർ മാത്രമേയുള്ളൂ, നിരീശ്വരന്മാർ. എന്റെ പേരിനു മൂന്നക്ഷരം മാത്രമേയുള്ളൂ. ഒന്നാമത്തെ അക്ഷരം മാടപ്രാവിൽ കാണാം, തത്തമ്മയിലില്ല. രണ്ടാമത്തെ അക്ഷരം അനർത്ഥങ്ങളിലുണ്ടാകും; നല്ലകാലത്തിൽ കണികാണുകയില്ല. മൂന്നാമത്തെ അക്ഷരം അരമനയിലുണ്ട്, കൊട്ടാരത്തിലില്ല. എന്റെ പേരു കണ്ടുപിടിക്കാമോ?

(ഉത്തരം അടുത്തതിൽ)

യുദ്ധങ്ങളിൽ പ്രയോഗിച്ചിരുന്ന പ്രാചീന ആയുധങ്ങൾ, അന്നത്തെ യുദ്ധോപകരണങ്ങൾ ആദിയായവ കൗതുകകരങ്ങളാണ്. പുരാതനകാലത്തെ മൈസൂറിന്റെ പ്രാബല്യം അവയിൽ തെളിഞ്ഞു കാണാവുന്നതാണ്.

അടുത്തതായി ഞങ്ങൾ കണ്ടതു് "ഹിന്ദുസ്ഥാൻ എയർ ക്രാഫ്ട്" ആണ്. ഇന്ത്യയിലെ ഏററവും പ്രധാനപ്പെട്ട വിമാനനിർമ്മാണ കേന്ദ്രമാണിതു്. നൂറുകണക്കിനു് ബസ്സുകളും മോട്ടോർകാറുകളും തൊഴിലാളികളേയും ഉദ്യോഗസ്ഥന്മാരേയും കൊണ്ടുവരുവാനും കൊണ്ടുപോകുവാനുംവേണ്ടി നഗരത്തിന്റെ നാനാഭാഗത്തും ചുററിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലെ വമ്പിച്ച ഫാക്ടറികളെപ്പോലെയാണ് ഇതിന്റെയും നിർമ്മാണപ്രവർത്തനം. തൊഴിലാളികളെ ജോലിക്കു കൊണ്ടുവരുന്നതും പണികഴിഞ്ഞു ഫാക്ടറിയിൽനിന്നു കൊണ്ടുപോകുന്നതും ഹിന്ദുസ്ഥാൻ എയർ ക്രാഫ്ടിന്റെ ബസ്സുകളാണ്. അതിൽ മറെറാരു കൂട്ടരേയും പ്രവേശിപ്പിക്കുകയില്ല. കമ്പനിവക സ്ഥലത്തിനു അനവധിമൈൽ വിസ്താരമുണ്ട്. ഒരു ഭാഗത്താണ് വിമാനനിർമ്മാണം. മറെറാരു ഭാഗത്തു് വിമാനങ്ങൾ നിരനിരയായി കിടക്കുന്നു. വേറൊരു ഭാഗത്തായി കേടുവന്നവയും കിടക്കുന്നു. മൂന്നു മാതൃകയിലുള്ള വിമാനം ഞാൻ അവിടെ കണ്ടു. യാത്രാവിമാനങ്ങൾ മിക്കസമയങ്ങളിലും വന്നുംപോയുംകൊണ്ടിരിക്കുന്നുണ്ട്. സമയമില്ലാത്തതിനാലും നേരത്തെ സൗകര്യപ്പെടുത്താതിരുന്നതിനാലും ചില ഭാഗങ്ങൾ ഒന്നും കാണാൻ കഴിഞ്ഞില്ല. ആയിരക്കണക്കിനു തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട് ഈ നിർമ്മാണകേന്ദ്രത്തിൽ.

4-ാംതീയതിയാണ് ഞാൻ ബാംഗ്ലൂരിൽനിന്നും വീട്ടിലേക്കു യാത്രതിരിച്ചതു്. ജോലികിട്ടാതെ നിരാശയിൽ മടങ്ങുന്ന വിദ്യാഭ്യാസസമ്പന്നർ, കുടികാഴ്ചകഴിഞ്ഞതിനുശേഷം മടങ്ങുന്നവർ, നേവിയിലും സൈനികവിഭാഗങ്ങളിലും വർക്ക്ഷോപ്പുകളിലുംപെട്ടവർ ലീവെടുത്ത് വീട്ടിലേക്ക് തിരിച്ചുവരുന്നവർ, എന്നെപ്പോലെ വിനോദയാത്രയും കഴിഞ്ഞു് മടക്കയാത്രചെയ്യുന്നവർ, അവധിയിൽ വരുന്ന ഉദ്യോഗസ്ഥന്മാർ ഇങ്ങനെ വിവിധതരത്തിൽപെട്ടവർ ആ വണ്ടിയിൽതന്നെ ഉണ്ടായിരുന്നു. അവരിൽ അധികവും തിരു-കൊച്ചിക്കാരായ മലയാളത്തുകാരായിരുന്നു.

ഇപ്രകാരം വിദ്യാഭ്യാസപരമായും, ചരിത്രപരമായും, സംസ്കാരപരമായും, ഭൂമിശാസ്ത്രപരമായും വിജ്ഞാനപ്രദമായ ഒരു സഞ്ചാരത്തിനു് സാധിച്ചതിൽ ദൈവത്തോട് നന്ദിപറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

## വിനോദവീഥി

ഒന്നാമൻ—ഇന്നുപത്രങ്ങളിലും പ്രസംഗങ്ങളിലും എവിടെയും പുകവലിയുടെ ദൂഷ്യങ്ങളെപ്പററിയേ കേൾക്കാനുള്ളൂ.

രണ്ടാമൻ—സത്യമാണ്. കേട്ടുകേട്ടു മടുത്തു് കുറച്ചൊരുന്മേഷംകിട്ടാൻവേണ്ടി ഞാൻ പുകവലിക്കാമെന്നു വച്ചു!

x x x

മജിസ്ട്രേട്ട്—(കള്ളനോട്) എടോ, താൻ വീണ്ടും വീണ്ടും ആ കടതന്നെ കുത്തിപ്പൊളിച്ചതു് എന്തെങ്കിലും പ്രത്യേകഉദ്ദേശ്യത്തോടെയായിരുന്നോ?

കള്ളൻ—യജമാനനേ! ഉദ്ദേശ്യമുണ്ടായിരുന്നു. ഞാനാദ്യം എടുത്തസാരി എന്റെ ഭാര്യക്കിഷ്ടപ്പെട്ടില്ല. വേറൊന്നെടുത്തു. അതും ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടാണ് അങ്ങിനെ ചെയ്യേണ്ടിവന്നതു്?

x x x

മകൾ—(അമ്മയോട്) അമ്മേ, അയാളെന്നെ വിവാഹം ചെയ്യുന്നതിൽ എനിക്കിഷ്ടമില്ല. അയാൾ പറയുന്നു നരകത്തിൽ അയാൾക്കു വിശ്വാസമില്ലെന്നു്.

അമ്മ—ഓ, അതു സാരമില്ല. അവൻ ഇവിടെ വന്നു താമസം തുടങ്ങട്ടെ. നരകമുണ്ടെന്നു നമുക്കവനെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കാം.

x x x

മുത്തശ്ശി—എന്റെ കുഞ്ഞുമോനേ, നീയെന്താ ഈ പട്ടണത്തിലേക്കു പോന്നതു്.

ബാലൻ—ഞാൻ ഇവിടത്തെ കാഴ്ചകൾ കാണാൻ അപ്പച്ചന്റെ കൂടെ പോന്നതാ. അതുകൊണ്ട് ആദ്യംതന്നെ ഉമ്മാമ്മയെ ഒന്നു കണ്ടിട്ടാകാമെന്നു വച്ചു ന്നേയുള്ളൂ.

യാത്രാവിവരണം

## എന്റെ വിനോദയാത്ര

(ആന്റണി വാഴപ്പിള്ളി, ചിററാട്ടുകര. Reg. No. 13)

(തുടർച്ച)

ജനുവരി ഒന്നാംതീയതി കാലത്തു് പുതുവത്സരചിന്തയിൽ ഞാൻ പെട്ടെന്നു് ഞെട്ടിയുണർന്നു. എഴുന്നേററിരുന്നു കണ്ണുതിരുമ്മി, ജാലകത്തിലൂടെ പുറത്തേക്കു നോക്കി. നേരം 8 മണി കഴിഞ്ഞിരുന്നു. എന്നിട്ടും പുറത്തു് കനത്ത മഞ്ഞാണ്. വൈദ്യുതദീപങ്ങളിൽനിന്നു് പ്രകാശംപോലും തെളിഞ്ഞുകാണുമാനില്ല. വാഹനങ്ങളുടെ നിയന്ത്രണം വളരെ ശ്രദ്ധിച്ചാണ്. തണുപ്പിന്റെ കാഠിന്യത്താൽ എന്റെ ശരീരമാകെ വിറകൊണ്ടു. പ്രഭാതത്തിൽ ഉണർന്നു പാടാറുള്ള കിളികൾ അതൊന്നും വകവയ്ക്കാതെ മധുരഗീതം പാടുന്നുണ്ടായിരുന്നു.

ഒമ്പതുമണിയോടുകൂടി കുർബാന കാണാൻ പുറപ്പെട്ടു. ലക്ഷക്കണക്കിനു് പണം ചിലവഴിച്ചു പണിയിച്ചിട്ടുള്ള ഗംഭീരദേവാലയങ്ങൾ ബാംഗ്ലൂരിന്റെ അഭിമാനസ്തംഭങ്ങൾതന്നെയാണ്. കലയുടേയും കൈവേലയുടേയും അഭിവൃദ്ധി ഭാവിതലമുറകൾക്കു് അവിടത്തെ ദേവാലയങ്ങൾ കാണിച്ചുകൊടുക്കും. എല്ലാവരും പ്രത്യേകം ഇരിപ്പിടങ്ങളിൽ ഇരുന്നാണ് കർബാന കാണുന്നതു്. സ്ത്രീകളും പുരുഷന്മാരും എല്ലാം ഇടകലർന്നാണ് ഇരിക്കുന്നതു്. ദേവാലയത്തിൽ കൂടിയിരുന്ന വിവിധഭാഷക്കാർക്കുവേണ്ടി വികാരി മൂന്നു ഭാഷയിൽ പ്രസംഗിച്ചു.

ബാംഗ്ലൂരിലെ മ്യൂസിയം. ഒരു തലയും രണ്ടു ഉടലുമുള്ള പശുക്കുട്ടി രണ്ടു തലയും ഒരു ശരീരവുമുള്ള കരണ്ട് എന്നിങ്ങനെ പ്രകൃതിയുടെ വികൃതികൾ കാണിക്കുന്ന ഒരു ഭാഗം. കൂടാതെ ചന്ദനമരം മുതലായ അസുലഭവൃക്ഷങ്ങളുടെ തടി കൊണ്ടുണ്ടാക്കപ്പെട്ട വിശേഷപ്പെട്ട കലാവസ്തുക്കൾ വേറൊരിടത്തു്. ചരിത്രപ്രസിദ്ധങ്ങളായ മൈസൂർ

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I